**KOTTAYAM PUBLIC LIBRARY**

Call No M42 Acc. No 21484

Author നാരായണപിള്ള, കെ

Title സുഭാഷിത രത്നാവലി

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**



# സുഭാഷിതരത്നാവലി.

പ്രസാധകൻ,


## ആർ. നാരായണപിള്ള,

ആറന്മുള, തോട്ടപ്പുഴശ്ശേരി, കുറിയന്നൂർ.



ഒന്നാംപതിപ്പ് കാപ്പി ൧൦൦൦

സെൻട്രൽപ്രസ്സ്,

തിരുവനന്തപുരം.

൧൧൧൧.

വില ചക്രം ൧.



പകർപ്പവകാശം പ്രസാധകനുള്ളതാകുന്നു. പ്രസാധകന്റെ അടയാളമില്ലാത്ത പ്രതി വ്യാജനിർമ്മിതമായിരിക്കും.

MA2

# പ്രസ്താവന.

ഏകദേശം ഇരുപതുകൊല്ലങ്ങളായി ഓരോ സ്ഥലങ്ങളിൽ പഴയ ചില പുസ്തകങ്ങളിൽ കാണപ്പെട്ടതും പ്രായാധിക്യമുള്ള വിദ്വാന്മാർ അവസരോചിതമായി ചൊല്ലികേട്ടതും ആയ ശ്ലോകങ്ങളെ അപ്പഴപ്പോൾ ഞാൻ എഴുതി ശേഖരിച്ചുവയ്ക്കുക പതിവായിരുന്നു. ഈ ശ്ലോകങ്ങളെ ഒരു പുസ്തകമാക്കി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാമെന്നുള്ള ഒരു പ്രത്യാശ നാലഞ്ചുകൊല്ലങ്ങളായിട്ടു കൂടക്കൂടെ ഉണ്ടാകാറുണ്ട്. സംസ്കൃതത്തിൽ നല്ല വിദഗ്ദ്ധന്മാരും ജന്മാന്തരവാസനയാൽ കവിതാവാസന സിദ്ധിച്ചിട്ടുള്ള സമർത്ഥന്മാരും ആയ അനേകം മാന്യന്മാർ പലവിധത്തിലുള്ള ഭാഷാശ്ലോകങ്ങളും മററും നിർമ്മിച്ചു പുസ്തകരൂപേണയും, വർത്തമാനപ്പത്രം, മാസിക മുതലായവ മൂഖേനയും, വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളാക്കിയും, പ്രസിദ്ധപ്പെടുത്തുകയും, പ്രചാരപ്പെടുത്തുകയും മററും ചെയ്തുവരുന്നതായ ഈ പരിഷ്കാരകാലത്തു് ഈമാതിരി പഴയശ്ലോകങ്ങൾ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയാൽ ജനങ്ങൾക്ക് അഭിരുചിയുണ്ടായിരിക്കുമോ? എന്നുള്ള വിചാരവും ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ ശ്ലോകങ്ങൾ സദസ്സുകളിൽ പ്രസംഗിക്കുന്നവക്കും സന്ദർഭവശാൽ മററുള്ളവക്കും ഉപയോഗിക്കുന്നതിനും, വായിച്ചുരസിക്കുന്നതിനും, യുക്തിക്കും അനുഭവത്തിനും പററിയ ചില അറിവുകളെ സമ്പാദിക്കുന്നതിനും, ഉപയുക്തമായിട്ടുള്ളതാണെങ്കിലും

അനപയമോ പരിഭാഷയോ ഇല്ലാതെ അച്ചടിപ്പിക്കുന്നതായാൽ എല്ലാവൎക്കും പ്രയോജനവും തൃപ്തിയും ഉണ്ടായിരിക്കയില്ലെന്നുള്ള ശങ്കയും മനസ്സിൽ കടന്നുകൂടിയിട്ടുണ്ടായിരുന്നു. എന്റെ ഉദ്ദേശങ്ങളെപ്പററി സ്നേഹിതനായ കവിയൂർ കുന്നന്താനത്തു കവുങ്ങുംചേരികുടുംബത്തിലെ ഒരംഗമായ ജോത്സ്യൻ കുഞ്ഞുണ്ണിക്കുറുപ്പവർകളോടു പറഞ്ഞതിൽ ഈ ശ്ലോകങ്ങളെ പുസ്തകമായി അച്ചടിപ്പിക്കുന്നതു കൊള്ളാമെന്നാണ് അഭിപ്രായപ്പെട്ടതു്. ശ്ലോകങ്ങളെ പരിശോധിച്ചു ഭാവാൎത്ഥം എഴുതിതരണമെന്നു് ഞാൻ അദ്ദേഹത്തോടു പറഞ്ഞതനുസരിച്ചു് അദ്ദേഹം ഭാവാർത്ഥം എഴുതിതന്നിട്ടുള്ളതും ആകുന്നു. ഇപ്രകാരം എന്നെ പ്രോത്സാഹിപ്പിക്കയും, ഭാവാർത്ഥം എഴുതിതരികയുംചെയ്തു് എന്നെ സഹായിച്ചതിൽ അദ്ദേഹത്തോടു ഞാൻ എന്നേക്കും പ്രത്യേകം കടപ്പെട്ടിരിക്കുന്നു. ഈ പുസ്തകം പരിശോധിച്ചു് ഒരഭിപ്രായം എഴുതിതരണമെന്നു സാഹിത്യപഞ്ചാനനൻ മ. രാ. രാ. പി. കെ. നാരായണപിള്ള അവർകൾ ബി. ഏ. ബി. എൽ.നോടു് ഞാൻ അപേക്ഷിച്ചതിൽ, അദ്ദേഹത്തിന്റെ വിലയേറിയ സമയം ചിലവുചെയ്തു് ഈ പുസ്തകം ആപാദചൂഡംനോക്കി ഒരു അവതാരിക എഴുതിതന്നിട്ടുള്ളതിനാൽ അദ്ദേഹത്തോടും ഞാൻ അതീവകൃതജ്ഞതയുള്ളവനായിരിക്കുന്നു. അദ്ദേഹംദീർഘായുഷ്മാനായിരുന്നു മേലാൽ അനേകം പുസ്തകങ്ങൾക്കു് അവതാരിക എഴുതികൊടുപ്പാൻ സവ്വശക്തനായിരിക്കുന്ന ഈശ്വരൻ അനുഗ്രഹിക്കണമെന്നു പ്രാൎത്ഥിക്കയുംചെയ്തുകൊള്ളുന്നു.

എന്റെ ഈ ഉദ്യമം എല്ലാവൎക്കും സന്തോഷത്തിനും എന്നിൽ ഔദാൎയ്യബുദ്ധിക്കും ഹേതുവാകുന്നതായാൽ എന്റെ കൈവശമുള്ള ബാക്കിശ്ലോകങ്ങൾ രണ്ടാംഭാഗമായി ഒരു പുസ്തകംകൂടി അച്ചടിപ്പിക്കുവാൻ ഉണ്ടെന്നുള്ളതും പ്രസ്താവ്യമാണ്.

സൎവ്വനിയന്താവായ ജഗദീശ്വരനും മഹാജനങ്ങളും അനുഗ്രഹിക്കണമെന്നുള്ള പ്രാർത്ഥനയോടുകൂടി ഈ പുസ്തകത്തെ ബഹുജനങ്ങളിൽ സദയം സമൎപ്പിച്ചുകൊള്ളുന്നു.

പ്രസാധകൻ.

# അവതാരിക.

"സുഭാഷിതരത്നാവലി" എന്ന ഈ പുസ്തകത്തിൽ സരസങ്ങളായ ൨൫൦-ഓളം ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. ഇവ പലദിക്കുകളിൽനിന്നും സംഭരിച്ചിട്ടുള്ളതാണ്. ഇങ്ങനെയുള്ള ശ്ലോകസഞ്ചയങ്ങൾ സംസ്കൃതഭാഷയിൽ വളരെയുണ്ട്. ഇതിൽ സംഭരിച്ചിരിക്കുന്ന ശ്ലോകങ്ങൾ മിക്കവാറും സംസ്കൃതമാണ്. ഏതാനും വർഷങ്ങൾക്കുമുൻപ് "ഒററശ്ലോകം" എന്ന പേരിൽ തൃശ്ശിവപേരൂരിൽനിന്നും ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയതു കണ്ടിട്ടുണ്ട്. "പലവക ഒററശ്ലോകങ്ങൾ എന്നപേരിൽ ഒരുപുസ്തകംതിരുവിതാംകൂർഗവമ്മേണ്ടു ക്യൂറേറ്റർ കെ. സാംബശിവശാസ്ത്രികൾഅവർകൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും പ്രസ്താവയോഗ്യമാണ്. ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ വളരെ ഉപകാരപ്രദങ്ങളാണെന്നുള്ളതിനു തക്കമില്ല. ഇംഗ്ലീഷുഭാഷയിലും ഇത്തരം വളരെ പ്രസിദ്ധീകരണങ്ങൾ ഉണ്ട്. വൈദുഷ്യത്തിന്റെ ഒരു പ്രധാനലക്ഷണം സംസ്കൃതഭാഷാപരിചയം ആയിരുന്ന കാലത്ത് വിദ്യാഭ്യാസം ഉള്ളവരുടെ സംഭാഷണത്തിലും ഉപന്യാസങ്ങളിലും വളരെ പ്രചാരത്തിൽ ഇരുന്ന പല പദ്യങ്ങളും ആണ് "സുഭാഷിതരത്നാവലി"യിൽ സഞ്ചയിച്ചിട്ടുള്ളത്. അങ്ങനെയുള്ള ശ്ലോകങ്ങൾ പല തത്വങ്ങളെ പ്രകാശിപ്പിക്കുന്നതും ഭംഗിയായ പ്രതിപാദനയുള്ള നല്ല ദൃഷ്ടാന്തങ്ങളുംആണ്. അച്ചടിയിലും മററും ചിലപ്രമാദങ്ങൾ കടന്നുകൂടിയിട്ടുള്ളതു പരിഹരിച്ചിരുന്നുവെങ്കിൽ ഈ പുസ്തകം ആസ്വാദ്യതരമായിരിക്കുമായിരുന്നു. ഈവക പിശകുകൾ അടുത്ത പതിപ്പിൽ പരിഹരിക്കപ്പെടുമെന്നു വിശ്വസിക്കുന്നു. ഇതിനു സകലസിദ്ധികളും ആശംസിച്ചുകൊണ്ടു വിരമിക്കുന്നു.

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള,
ബി. എ. ബി. എൽ.

21484

# സുഭാഷിതരത്നാവലി

൧. സുഭാഷിതസുധാപാനമജ്ഞാനവിഷനാശനം
പുരാണേഭാരതേകാവ്യെയൽസാരം തൽസുഭാഷിതം.

അൎത്ഥം—സുഭാഷിതമാകുന്ന അമൃതത്തെ പാനംചെയ്താൽ അജ്ഞാനമാകുന്ന വിഷം നശിക്കും. പുരാണങ്ങളിലും ഭാരതത്തിലും കാവ്യങ്ങളിലും ഉള്ള സാരം യാതൊന്നോ അതു സുഭാഷിതമാകുന്നു.

൨. സുഭാഷിതേനഗീതേന യുവതീനാഞ്ചലീലയാ
യസ്യനദ്രവതേ ചിത്തം തസ്യജന്മനിരൎത്ഥകം

അൎത്ഥം—ഏതൊരുത്തന്റെ മനസ്സ് സുഭാഷിതം, സംഗീതം, യുവതികളുടെ ലീലകൾ ഇവകൊണ്ട് അലിയുന്നില്ലയൊ അവന്റെ ജന്മം നിഷ്ഫലമായിട്ടുതീരുന്നു.

൩. യഛ്രോതാസകൃദുക്തമൎത്ഥമഖിലം
ഗൃഹ്ണാതി,സംശ്രാവ്യതാം
യോവേത്തിദ്വിരുതാഹൃതഃനവിഫല-
സ്തത്രാപിവക്തൃശ്രമം
യസ്തുവ്യക്തമനേകശോ/പ്യഭിഹിതം
നോവേത്തിലേഖ്യാഹൃതം
തത്രവ്യൎത്ഥപരിശ്രമസ്യവിദുഷോ
മൌനവ്രതോശോഭതെ.

അൎത്ഥം—ഏതൊരുത്തൻ ഒരിക്കൽ കേൾക്കുന്ന അൎത്ഥമെല്ലാം ഗ്രഹിക്കുന്നു. എന്നാൽ അവൻ ശ്രവിക്കപ്പെടണം (അവനെ കേൾപ്പിക്കണം)രണ്ടു

പ്രാവശ്യം പറഞ്ഞുകൊടുത്താൽ ഒരുവൻ ഗ്രഹിക്കുന്നെങ്കിലും ആ ശ്രമം നിഷ്ഫലമല്ല. ഏതൊരുത്തൻ വ്യക്തമായി അനേകപ്രാവശ്യം പുസ്തകത്തിൽ എഴുതപ്പെട്ടതിനെ പറഞ്ഞുകൊടുത്തിട്ടും പഠിക്കുന്നില്ലെങ്കിൽ (ഗ്രഹിക്കുന്നില്ലെങ്കിൽ) വെറുതെ പരിശ്രമിച്ചുപറഞ്ഞുകൊടുത്ത വിദ്വാന്റെ മൌനവ്രതമാണു് അതിനെക്കാൾ ശോഭിക്കുന്നതു്.

൪. ഉത്സാഹബുദ്ധിവിനയോദ്യമശാസ്ത്രരാഗാഃ
പഞ്ചാഽന്തരാഃ പഠനവൃദ്ധികരാന്നരാണാം
ആചാര്യപുസ്തക,നിവാസ,സഹായ,വത്ഭാ
ബാഹ്യാശ്ചപഞ്ച.പഠനം പരിവർദ്ധയന്തി.

അർത്ഥം—ഉൽസാഹം, ബുദ്ധി, വിനയം, ഉദ്യമം (ജാഗ്രത) ശാസ്ത്രത്തിലുള്ള താല്പര്യം; ഇവ അഞ്ചും ആന്തരങ്ങളായിരിക്കുന്നതും പഠിത്വത്തെ വർദ്ധിപ്പിക്കുന്നവയും ആകുന്നു. ആചാര്യൻ, പുസ്തകം, പഠിക്കുന്നഗൃഹം (പള്ളിക്കൂടം) സഹായം, ഭോജനം, ഇവ അഞ്ചും ബാഹ്യങ്ങളായിരിക്കുന്നവയും പഠനത്തെ വർദ്ധിപ്പിക്കുന്നവയുമാകുന്നു.

൫. നിദ്രാ,തന്ദ്രീയദിസ്യാതാം
പ്രജ്ഞയാകിംപ്രയോജനം?
തേഉഭേയദിനസ്യാതാം
പ്രജ്ഞയാകിംപ്രയോജനം?

അർത്ഥം—ഉറക്കവും മടിയും ഭവിക്കുന്നു എങ്കിൽ ബുദ്ധികൊണ്ടു് പ്രയോജനം എന്തു്? അവ രണ്ടും ഉണ്ടാകുന്നില്ലെങ്കിലും ബുദ്ധികൊണ്ടു് എന്താണു് പ്രയോജനം? (ഉറക്കവും മടിയുമില്ലാത്തവനു ബുദ്ധി കുറവാണെങ്കിലും പഠിത്വം മുമ്പോട്ടു വർദ്ധിച്ചുവരും.)

൬. ശുശ്രൂഷാ, ശ്രവണം, ചൈവ
ഗ്രഹണം, ധാരണം, തഥാ
ഊഹാപോഹാർത്ഥവിജ്ഞാനം
തത്വജ്ഞാനഞ്ചധീഗുണാഃ;

അൎത്ഥം—ശുശ്രൂഷയും (ശ്രവിക്കുന്നതിനായിട്ടുള്ള ഇച്ഛയും) കേൾക്കുകയും, അറിയുകയും, ധരിക്കുകയും, ഊഹിക്കുകയും, തള്ളുകയും, അൎത്ഥംഅറിയുകയും, പരമാൎത്ഥജ്ഞാനവും ബുദ്ധിയുടെ ഗുണങ്ങളാകുന്നു.

൭. ഉദീരിതോൎത്ഥഃപശുനാപിഗൃഹ്യതേ
ഹയാശ്ചനാഗാശ്ചവഹന്തിചോദിതാഃ
അനുക്തമപ്യൂഹതിപണ്ഡിതോജനഃ
പരേംഗിതജ്ഞാനഫലാഹിബുദ്ധയഃ

അൎത്ഥം—പറഞ്ഞുകൊടുക്കുന്നകാൎയ്യം (പശുക്കളും ജന്തുക്കളും) അറിയുന്നു. കുതിരകളും ആനകളും പ്രേരിപ്പിക്കുന്നതിനെചെയ്യുന്നു. പണ്ഡിതനായ മനുഷ്യൻ പറയപ്പെടാത്ത അൎത്ഥം ഊഹിച്ചറിയുന്നു. പരേംഗിതജ്ഞാനഫലമാണ് ബുദ്ധി.

൮. വേദശാസ്ത്രേഷുനിപുണാമതിഃപണ്ഡേതികഥ്യതേ
സംജാതായസ്യ സാപണ്ഡാ സപണ്ഡിതഉദാഹൃതഃ

അൎത്ഥം—വേദശാസ്ത്രങ്ങളിൽ നിപുണതയുള്ള ബുദ്ധിയെ പണ്ഡ എന്നു പറയപ്പെടുന്നു. ഏതൊരുത്തന് ആ, പണ്ഡ ഉണ്ടാകുന്നുവൊ അവനെ പണ്ഡിതൻ എന്നു പറയപ്പെടുന്നു.

൯. ഗതേപിവയസിഗ്രാഹ്യാ
വിദ്യാസൎവ്വാത്മനാബുധൈഃ
ഇഹചേൽസാ,നഫലദാ
ഫലദൈവാന്യജന്മനി.

അൎത്ഥം—വിദ്വാന്മാരാൽ കഴിഞ്ഞുപോകുന്ന വയസ്സുകളിൽ സൎവാത്മനാ വിദ്യ ഗ്രഹിക്കപ്പെടുന്നു. അത് ഇവിടെ ഫലപ്രദമാകുന്നില്ലെങ്കിൽ അന്യജന്മത്തിങ്കൽ അതു ഫലപ്രദയായിട്ടുഭവിക്കും.

൧൦. വിദ്യാഹി വിനയാവാപ്ത്യൈ
സാചേദവിനയാവഹാ
കിം കുൎമ്മഃകസ്യവാബ്രൂമൊ
ഗരദായാം സ്വമാതരി.

അൎത്ഥം—വിദ്യ, വിനയപ്രാപ്തിക്കായിക്കൊണ്ടു ഭവിക്കുന്നു. അതു് അവിനയത്തെ ഉണ്ടാക്കുന്നെങ്കിൽ ഞങ്ങൾ എന്തുചെയ്യുന്നു. സ്വമാതാവു വിഷത്തെ കൊടുക്കുന്നെങ്കിൽ അതു ഞങ്ങൾ ആരോടുപറയുന്നു. (വിദ്യ അവിനയത്തെ ഉണ്ടാക്കുകയില്ലെന്നു സാരം.)

൧൧. ദുൎജ്ജനഃപരിഹൎത്തവ്യോ
വിദ്യയാലങ്കൃതോപിസൻ
മണിനാഭൂഷിതസ്സൎപ്പഃ
കിമസൌനഭയങ്കരഃ?

അൎത്ഥം—ദുഷ്ടൻ വിദ്യകൊണ്ടു് അലംകൃതനാണെങ്കിലും ഉപേക്ഷിക്കപ്പെടണം. സൎപ്പം രത്നം അണിഞ്ഞവനെങ്കിലും ഇവൻ ഭയങ്കരനല്ലയോ?

൧൨. വിദ്യാനാമനരസ്യരൂപമധികം
പ്രച്ഛന്നഗുപ്തംധനം
വിദ്യാഭോഗകരീ,യശസ്സുഖകരീ,
വിദ്യാഗുരൂണാംഗുരുഃ
വിദ്യാബന്ധുജനോ വിദേശഗമനെ,
വിദ്യാപരാദേവതാ,
വിദ്യാരാജസുപൂജിതാ; നഹിധനം
വിദ്യാവിഹീനഃപശുഃ

അൎത്ഥം—വിദ്യാ മനുഷ്യനു് അധികസൌന്ദൎയ്യമായിട്ടും, ഗൂഢമായി ഒളിച്ചുവച്ചിരിക്കുന്ന ധനമായിട്ടും, വിഷയസുഖത്തെ ചെയ്യുന്നതായിട്ടും,

യശസ്സിനേയും, സുഖത്തേയും, ഉണ്ടാക്കുന്നതായിട്ടും, ഗുരുക്കന്മാരുടെ ഗുരുവായിട്ടും, വിദേശയാത്രയിൽ ബന്ധുജനമായിട്ടും, പരദൈവമായിട്ടും ഭവിക്കുന്നു. വിദ്യ രാജാവിനാൽ പൂജിക്കപ്പെടുന്നു. ധനം ഇപ്രകാരം ഭവിക്കുന്നില്ല. വിദ്യയില്ലാത്ത പുരുഷൻ പശുവായിട്ടു ഭവിക്കുന്നു.

൧൬ കിംജന്മനാ ജഗതി വിപ്രതയാവിനാസ്യാ-
ദ്വിദ്വത്തയാരഹിതയാകിമുവിപ്രജാത്യാഃ
വിദ്വത്തയാശമവിവർജ്ജിതയാതയാകിം?
കിംവാശമേന ഹരിഭക്തി വിവർജ്ജിതേനഃ.

അർത്ഥം—ലോകത്തിങ്കൽ ബ്രാഹ്മണത്വത്തോടുകൂടാത്തുള്ള ജന്മംകൊണ്ട് എന്തുഭവിക്കും? വിദ്വത്തോടുകൂടാത്തുള്ള ബ്രാഹ്മണജാതികൊണ്ടും എന്തുഭവിക്കും? ശമത്തോടുകൂടാത്തുള്ള വിദ്വത്വംകൊണ്ട് എന്തുഫലം? ഹരിഭക്തിയോടുകൂടാതിരിക്കുന്ന ശമംകൊണ്ട് എന്തുഫലം?

൧൭ കവിരേവവിജാനാതി
കവേഃപരിമളംഗിരാം
നഹിലാവണികോവേത്തി
കർപ്പൂരക്രയകല്പനാം.

അർത്ഥം—വിദ്വാൻതന്നെ വിദ്വാന്റെ വാക്കിന്റെ സൌരഭ്യത്തെ അറിയുന്നു. ഉപ്പു വിൽക്കുന്നവൻ കർപ്പൂരത്തിന്റെ വില അറിയുന്നില്ലല്ലൊ.

൧൮ അവിനീതസ്യയാവിദ്യാ. സാചിരംനൈവതിഷ്ഠതി
മർക്കടസ്യഗളേബദ്ധാ, മാലേവോൽഫുല്ലമല്ലികാ.

അർത്ഥം—അവിനീതന്റെ പക്കൽ വിദ്യാ വളരെനേരം ഇരിക്കുകയില്ലാ. കുരങ്ങന്റെ കഴുത്തിലിട്ട മാലപോലാകുന്നു.

൧൬. സ്വഗൃഹെ പൂജ്യതേ മൂർഖഃ
സ്വഗ്രാമെ പൂജ്യതേ ധനീ
സ്വരാഷ്ട്രെ പൂജ്യതേ രാജാ
വിദ്വാൻ സൎവ്വത്രപൂജ്യതേ.

അൎത്ഥം—മൂർഖൻ സ്വഗൃഹത്തിങ്കൽമാത്രവും, ധനികൻ തന്റെ ഗ്രാമത്തിൽമാത്രവും, രാജാവു തന്റെ രാജ്യത്തിൽമാത്രവും പൂജിക്കപ്പെടുന്നു. വിദ്വാൻ എല്ലായിടത്തും ജനങ്ങളാൽ പൂജിക്കപ്പെടുന്നു.

൧൭. ജാഡ്യംധിയോഹരതിസിഞ്ചതിവാചിസത്യം
മാനോന്നതിം ദിശതിപാപമപാകരോതി
ചേതഃപ്രസാദയതി,ദിക്ഷുതനോതികീൎത്തിം
"സത്സംഗതിഃ"കഥയകിംനതനോതിപുംസാം?

അൎത്ഥം—സജ്ജനസംസൎഗ്ഗം ബുദ്ധിയുടെ മാന്ദ്യത്തെ കളയുന്നു, വാക്കിൽ സത്യത്തെ ചേൎക്കുന്നു, ബഹുമാനത്തെ ഉണ്ടാക്കുന്നു, പാപത്തെ കളയുന്നു, മനസ്സിനെ പ്രസാദിപ്പിക്കുന്നു, എല്ലാദിക്കിലും കീൎത്തിയെ പരത്തുന്നു. എന്തിനെയാണ് ചെയ്യാത്തതു്? നീ പറഞ്ഞാലും.

൧൮. നസ്ഥാതവ്യം നഗന്തവ്യം കദാചിദസതാസഹ
പയോപിശ്ശുണ്ഡിനീഹസ്തെ:വാരുണീത്യഭിധീയതെ.

അൎത്ഥം—ഒരിക്കലും അസത്തുക്കളോടുകൂടി വസിക്കയും നടക്കുകയുമരുതു്. മദ്യകാരന്റെ കയ്യിലെ പാൽ കള്ളാണെന്നു പറയപ്പെടുന്നു.

൧൯. മൂൎഖ്വനദ്രഷ്ടവ്യാ
ദ്രഷ്ടവ്യാശ്ചെന്നതൈസ്സഹതിഷ്ഠേൽ
യദിതിഷ്ഠേന്നതുകഥയെ
ദ്ദ്യദികഥയേൽ മൂൎഖ്വവൽകഥയേൽ.

അൎത്ഥം—മൂർഖന്മാരെ കാണുന്നതിനു യോഗ്യന്മാരല്ല. കണ്ടുപോയി എന്നാൽ അവരോടുകൂടി നിൽക്കരുതു്. അഥവാ അപ്രകാരം ചെയ്യു

ന്നവെങ്കിൽ അവരുടെ അടുത്തു സംസാരിക്കരുതു്. സംസാരിക്ക
ന്നവെങ്കിൽ അവനനുസരണമായിട്ടുവേണം സംസാരിക്കുന്നതു്.

൨൦. അഹോതുഖലുസാദൃശ്യംമദ്ദളസ്യ ഖലസ്യച
യാവൽ മുഖഗതം പിണ്ഡംതാവന്മധുരഭാഷിതം.

അൎത്ഥം—മദ്ദളത്തിൻേറയും ഖലൻേറയും സാദൃശ്യം അത്ഭുതംതന്നെ. എ
പ്പോൾ പിണ്ഡം മുഖത്തുചെല്ലുന്നു അപ്പോൾ മധുരമായിട്ടു ശബ്ദിക്കു
ന്നു. (അതില്ലെങ്കിൽ ശബ്ദത്തിനു മാധുൎയ്യമില്ല.

൨൧. ഖലകൎണ്ണേസതാംവാക്യം സാധുസമ്പ്രവിശേദ്യദി
മശകീനാസികാരന്ധ്റെ പ്രവിശന്തിമഹാഗജാഃ.

അൎത്ഥം—സജ്ജനങ്ങളുടെ വാക്യം ഖലൻെറ ചെവിയിലേറുന്നുവെങ്കിൽ
മഹാഗജങ്ങൾ കൊതുകിൻെറ മൂക്കിൽ കടക്കും.

൨൨. കുസുമസ്തബകസ്യേവ ദ്വേഗതീസുമനസ്വിനഃ
മൂൎദ്ധ്നിവാസൎവ്വലോകസ്യ ശീൎയ്യതേവനഏവവാ.

അൎത്ഥം—സജ്ജനത്തിനു പൂങ്കുലയ്ക്കു എന്നതുപോലെ രണ്ടുഗതികളാണു
ള്ളതു്. ഒന്നുകിൽ സൎവലോകത്തിൻെറ മൂൎദ്ധാവിൽ ഇരുന്നും അ
ല്ലെങ്കിൽ വനത്തിങ്കലും നഷ്ടംപ്രാപിക്കുന്നു.

൨൩. ദാനം, ഭോഗൊ, നാശ,സ്തിസ്രൊ
ഗതയോഭവന്തി വിത്തസ്യ
യോനദദാതിനഭുംക്തെ
തസ്യതൃതീയാഗതിൎഭവതി.

അൎത്ഥം—ധനത്തിന്ന് ദാനം, അനുഭവം, നാശം ഇങ്ങനെ മൂന്നുഗതിയാ
ണുള്ളതു്. ഒരുവൻ ദാനംചെയ്യുകയാ, അനുഭവിക്കയും രചയ്യുന്നില്ലെ
ങ്കിൽ അവൻെറ ധനത്തിനു മൂന്നാമത്തെ ഗതി ഭവിക്കുന്നു.

൨൭. ധനവന്തമദാതാരം
ദരിദ്രമതപസ്വിനം
കണ്ഠമദ്ധ്യേ ശിലാംബദ്ധ്വാ
സിന്ധുമദ്ധ്യേ വിനിക്ഷിപേൽ.

അൎത്ഥം—ദാനംചെയ്യാത്ത ധനവാനേയും, തപസ്വിയല്ലാതിരിക്കുന്ന ദരിദ്രനേയും കണ്ഠത്തിൽ കല്ലുകെട്ടിയിട്ടു സമുദ്രമദ്ധ്യത്തിൽ നിക്ഷേപിക്കണം.

൨൮. ചത്വാരൊ വിത്തദായാദാഃ
ധൎമ്മാഽഗ്നി, നൃപതസ്കരാഃ
ജ്യേഷ്ഠപുത്രാപമാനേന
ത്രയഃകുപ്യന്തിസോദരാഃ

അൎത്ഥം—ധനത്തിന്റെ അവകാശികൾ ധൎമ്മം,അഗ്നി, രാജാവു്, കള്ളൻ ഇങ്ങനെ നാലുപേരാണു്. ഇതിൽ മൂത്തപുത്രനെ അപമാനിച്ചാൽ മററുള്ള മൂന്നുപേരും കോപിക്കുന്നു. (ധൎമ്മംചെയ്തില്ല എങ്കിൽ മററമൂവരുംനിമിത്തം ധനം നശിക്കും.

൨൯. ശുനഃപുച്ഛമിവവ്യൎത്ഥ-
മൈശ്വൎയ്യം ധൎമ്മവൎജ്ജിതം
നാച്ഛാദയതിതൽ ഗുഹ്യം
നവാരയതിമക്ഷികാം.

അൎത്ഥം—ധൎമ്മത്തോടുകൂടാത്ത സമ്പത്തു് നായുടെ വാലുപോലെയാകുന്നു. അതു് ഗുദത്തെ മറയ്ക്കുന്നതിനൊ ഈച്ചയാട്ടുന്നതിനൊ സാധിക്കുന്നില്ലാ.

൩൦. ഉപാൎജ്ജിതാനാം വിത്താനാം
ത്യാഗഏവഹിരക്ഷണം
തടാകോദരസംസ്ഥാനാം
പരിവാഹഇവാംഽഭസാം.

അൎത്ഥം—സമ്പാദിച്ചിരിക്കുന്ന ധനങ്ങൾക്കു ത്യാഗമാണ് രക്ഷ. തടാകത്തിലുള്ള വെള്ളത്തിനു് ഒഴുക്കു, രക്ഷയാകുന്നതുപോലെ ഒഴുക്കു ഷി ത്തിയാൽ തടാകത്തിലെ വെള്ളം ചിറമുറിഞ്ഞു പെട്ടെന്നുനാശമാകും.

൧൭. അദാതാപുരുഷസ്ത്യാഗീധനം സന്ത്യജ്യഗച്ഛതി
ദാതാരംകൃപണംമന്യേ, മൃതൌവ്യർത്ഥം നമുഞ്ചതി.

അൎത്ഥം—ദാനം ചെയ്യാത്തവൻ ത്യാഗിയാകുന്നു. അവൻ മരിക്കുമ്പോൾ ധനത്തെ ഉപേക്ഷിച്ചുംവച്ചുപോകുന്നു. ദാനശീലനെ ലുബ്ധനെന്നു വിചാരിക്കുന്നു. അവൻ മരിക്കുമ്പോൾ വെറുതെ ഉപേക്ഷിക്കുന്നില്ല. (അതിനുമുമ്പെ പുണ്യഫലപ്രാപ്തിക്കായിട്ടു ദാനംചെയ്തിരിക്കയാണ്)

൧൮. ദാനേന ക്ഷീണവിത്തസ്യ കൃശത്വമതിശോഭനം
പ്രതിപച്ചന്ദ്രമാവന്ദ്യോനവന്ദ്യഃപൂൎണ്ണചന്ദ്രമാ.

അൎത്ഥം—ദാനംചെയ്തു ക്ഷീണിച്ചവന്റെ കൃശത അതിശോഭനമാകുന്നു. പ്രതിപദത്തിലെ ചന്ദ്രനെ എല്ലാവരും വന്ദിക്കുന്നു. കലകളെ സമ്പാദിച്ചു പൂൎണ്ണനാകുമ്പോൾ ആരും വന്ദിക്കുന്നില്ല.

൧൯. യസ്യാസ്തിവിത്തം സനരഃകുലീനഃ
സപണ്ഡിതഃസശ്രുതവാൻഗുണജ്ഞഃ
സഏവവക്താ സചദൎശനീയഃ
സൎവ്വേഗുണാഃ കാഞ്ചനമാശ്രയന്തി.

അൎത്ഥം—ഏതൊരുത്തനു ധനമുണ്ടോ അവൻ കുലീനനായിതീരുന്നു. അവൻ വിദ്വാനും കീൎത്തിമാനും (ശാസ്ത്രജ്ഞനും) ഗുണജ്ഞനും, വാഗ്മിയും, അവൻ എല്ലാവൎക്കും കാണേണ്ടവനും ആയിതീരുന്നു. സകലഗുണങ്ങളും ധനത്തെ ആശ്രയിച്ചാണിരിക്കുന്നതു്.

൨൦. പരമാർത്ഥവിവേകമൂഢധീഃ
പരനിന്ദൈകരതോദിവാനിശം
പരമംബുജയോനിനാകൃതഃ
പരിതാപായസതാംഹിദുർജ്ജനഃ.

അൎത്ഥം—പരമാൎത്ഥജ്ഞാനത്തിനുള്ള ബുദ്ധിയില്ലാത്തവനായി എപ്പോഴും പരനിന്ദയിങ്കൽമാത്രം താല്പൎയ്യമുള്ളവനായിരിക്കുന്ന ദുഷ്ടൻ ബ്രഹ്മാവിനാൽ സജ്ജനങ്ങൾക്കു പരിതാപത്തിനായിക്കൊണ്ടു സൃഷ്ടിക്കപ്പെട്ടവനായിട്ടു ഭവിക്കുന്നു.

൩൨. നവിനാപരിവാദേന രമതേ ദുൎജ്ജനോ ജനഃ
ശ്വാവസൎവ്വരസാൽഭുക്ത്വാവിനാമേദ്ധ്യംനതൃപ്യതി.

അൎത്ഥം—ദുഷ്ടനാകുന്ന അവൻ അപവാദവാക്കോടുകൂടാതെ സന്തോഷിക്കുന്നില്ലാ. ശ്വാവു് സൎവ്വരസങ്ങളെ ഭുജിച്ചിട്ടു് അമേദ്ധ്യത്തോടു കൂടാതെ തൃപ്തിപ്പെടുന്നില്ല.

൩൩. ഹരിചരിതവിമിശ്രാസ്സച്ഛവാക്സജ്ജനാനാം
പ്രവിശതിയദിമൂഢശ്രോത്രവീഥിംകദാചിൽ
രഥതുരഗപദാതിപ്രൌഢസൈന്യൈസ്സാൎദ്ധം
മശകവദനരന്ധ്രേഹസ്തിയൂഥംപ്രയാതി.

അൎത്ഥം—സജ്ജനങ്ങളുടെ വിഷ്ണുകഥാസംയുക്തയായിരിക്കുന്ന നിൎമ്മലവാക്കു് ഒരിക്കലെങ്കിലും മൂഢന്റെ ചെവിയിൽ കടക്കുന്നു എങ്കിൽ തേരുകുതിര കാലാളുകളായ പ്രൌഢസേനയോടുകൂടി ആനക്കൂട്ടം കൊതുകിന്റെ വായിൽ പ്രവേശിക്കുന്നു.

൩൪. തൃണാനിനൊന്മൂലയതിപ്രഭഞ്ജനൊ
മൃദൂനിനീചൈഃപ്രണതാനിസൎവ്വശഃ
സമുച്ഛ്രിതാനേവതരൂൻപ്രബാധതേ
മഹാൻ മഹത്സ്വേവകരോതിവിക്രമം.

അൎത്ഥം—വായു മൃദുക്കളായും താണുനിൽക്കുന്നതും കുമ്പിട്ടുകിടക്കുന്നതുമായിരിക്കുന്ന പുല്ലുകളെ നശിപ്പിക്കുന്നില്ല. ഉയൎച്ചയുള്ള വൃക്ഷങ്ങളെ മാത്രം ഉപദ്രവിക്കുന്നു. മഹാൻ മഹത്തുക്കളിൽ വിക്രമത്തെ ചെയ്യുന്നു.

൩൫. വൃഥാചലിതകോപാഗ്നേഃ പരുഷാക്ഷരവാദിനഃ
ദുൎജ്ജനസ്യൌഷധംനാസ്തി കിഞ്ചിദന്യദനുത്തരം.

അർത്ഥം—വെറുതെ കോപാഗ്നിയെ ഇളക്കിക്കൊണ്ടും ക്രൂരവാക്കുകളോടും കൂടി പറയുന്ന ദുർജ്ജനത്തിന്ന് അങ്ങോട്ട് ഉത്തരം പറയാതിരിക്കയല്ലാതെ വേറെ ഒരു ഔഷധവും ഇല്ല.

൩൬. വക്ത്രോക്തിജ്ഞൈർവ്വചനകുശലൈ-
സ്സൂക്തിസംസക്തചിത്തൈ-
സ്സാദ്ധ്വാചാരൈസ്സരസഹൃദയൈ-
രിംഗിതജ്ഞൈസ്സുഹൃൽഭി:
വാസ:കാമം പ്രകൃതിമധുരൈ-
രേകദാലഭ്യതേചേൽ
ക:ശ്രദ്ധത്തെ വിഷയവിമുഖം
നിത്യകൈവല്യസൌഖ്യം?

അർത്ഥം—വക്ത്രോക്തിജ്ഞന്മാരായി വചനസമർത്ഥന്മാരായി നല്ലവാക്കിൽ താല്പര്യമുള്ളവരായി നല്ല ആചാരത്തോടുകൂടിയവരായി സരസഹൃദയന്മാരായി അന്യന്റെ അഭിപ്രായത്തെ അറിയുന്നവരായി പ്രകൃത്യാതന്നെ മനോഹരന്മാരായിരിക്കുന്ന സ്നേഹിതന്മാരോടുകൂടി ഒരിക്കൽ വസിക്കുന്നതിന്ന് ഇടയാകുന്നെങ്കിൽ പിന്നെ വിഷയസുഖഹീനമായിരിക്കുന്ന നിത്യകൈവല്യസുഖത്തെ ആരു ശ്രദ്ധിക്കും. (മേൽപറഞ്ഞതുപോലുള്ള വാസം കൈവല്യത്തെക്കാൾ ഉൽകൃഷ്ടമെന്നു സാരം)

൩൭. ധാന്യസംഗ്രഹശീലത്വം വത്സപോഷ:സ്വയംകൃഷി
പ്രധാനസേവാമാധുര്യ്യം പഞ്ചഭിർവ്വദ്ധതേകുലം.

അർത്ഥം—ധാന്യങ്ങളെ സമ്പാദിക്കുന്ന ശീലം പശുക്കുട്ടികളെ പുഷ്ടിപ്പെടുത്തുകയും തനിച്ചു കൃഷിനടത്തുകയും പ്രധാനജനത്തെ ആശ്രയിക്കയും വാങ്മാധുര്യ്യം ഉണ്ടായിരിക്കുകയും ഇവ അഞ്ചുകൊണ്ടും കുലം വദ്ധിക്കും.

൩൮. സ്വജനോപികുപ്യതിഭൃശ
ന്ത്വനവസരജ്ഞേജനയാചിതസ്സുഹൃദാ

സുരതാന്തരേതു ദന്തം
സുതമപിന്തുനം ശപത്യഹോ! ജനനീ.

അർത്ഥം—സ്വജനമാണെങ്കിലും അവസരമറിയാതെചോദിക്കുന്ന ബന്ധുവിനോടു കോപിക്കുന്നു. മകനാണെങ്കിലും സുരതമദ്ധ്യത്തിങ്കൽകരയുന്നവനെ മാതാവു ശപിക്കുന്നു.

൯൯. സൂര്യോദയസ്ഫുരണഹാനിതമിസ്രജാലം,
സുസ്നിഗ്ദ്ധബന്ധുജനദർശനഹാനിദുഃഖം
നാരീകടാക്ഷപതനാവധിപുംസിധൈര്യം
നാരായണസ്മരണപര്യവസായി, പാപം.

അർത്ഥം—ഇരുട്ടിൻകൂട്ടം, "സൂര്യൻ ഉദിക്കുന്നതുവരെയും" ദുഃഖം ഏറ്റവും സ്നേഹിതന്മാരായ ബന്ധുക്കളെ കാണുന്നതുവരെയും, പുരുഷന്മാർ ധൈര്യം സ്ത്രീകളുടെ കടാക്ഷം പതിക്കുന്നതുവരെയും "പാപം" നാരായണന്റെ സ്മരണയുണ്ടാകുന്നതുവരെയുംമാത്രമേ നിൽക്കുകയുള്ളൂ.

൧൦൦. വിദ്യാസമാനാസ്തിശരീരഭൂഷണേ
കാന്താസമാനാസ്തി ശരീരതോഷണേ
മാതൃാസമാനാസ്തി ശരീരപോഷണേ
ചിന്താസമാനാസ്തി ശരീരശോഷണേ.

അർത്ഥം—ശരീരഭൂഷണത്തിൽ വിദ്യയ്ക്കുസമം അന്യമില്ല. ശരീരസന്തോഷത്തിനു കാന്തക്കുസമം മറ്റാരുമില്ല. ശരീരപോഷണത്തിങ്കൽ അമ്മയ്ക്കുതുല്യം ആരുമില്ല. ശരീരം ശോഷിക്കുന്നതിനുചിന്തപോലെ മറ്റൊന്നുമില്ല.

൧൦൧. ഋണദാതാച, വൈദ്യശ്ച ശ്രോത്രിയഃസുജലാനദി,
പുത്രഃതത്രനവാസ്തവ്യം യത്രനാസ്തിചതുഷ്ടയം.

അർത്ഥം—കടം കൊടുക്കുന്നവനും (വണിക്കും) വൈദ്യനും, വേദജ്ഞനായ ബ്രാഹ്മണനും, നല്ല ജലമുള്ള നദിയും ഇവ നാലും എവിടെ ഇല്ലാതിരിക്കുന്നുവോ അവിടെ വസിക്കരുതു്.

൪൨. അൎത്ഥാനാമാൎജ്ജനെദുഃഖം
ആൎജ്ജിതാനന്തുരക്ഷണെ
ആയെദുഃഖം വ്യയെദുഃഖം
ധിഗൎത്ഥം ദുഃഖഭാജനം.

അൎത്ഥം—ധനം സമ്പാദിക്കുന്നതിനും സമ്പാദിച്ചാൽ അതിനെ രക്ഷിക്കുന്നതിനും വരുത്തുന്നതിന്നാ ചിലവുചെയ്യുമ്പൊഴും ദു:ഖിക്കേണ്ടിവരുന്നു. അതിനാൽ ദുഃഖഭാജനമായിട്ടുള്ള ഈ ധനം നിന്ദ്യമായിട്ടുള്ളതാകുന്നു.

൪൩. സ്ഥാനഭ്രഷ്ടാനശോഭന്തേ
ദന്താഃ; കേശാനഖാനരാഃ
ഏതദ്വിജ്ഞായമതിമാ-
ന്നാത്മസ്ഥാനംനസന്ത്യജേൽ.

അൎത്ഥം—പല്ലുകൾ, തലമുടി, നഖം, മനുഷ്യർ (ഇവ അഴകിനു പ്രധാനമാകുന്നു. എങ്കിലും) സ്ഥാനത്തുനിന്നുപോയാൽ ശോഭിക്കുന്നില്ല. (നിന്ദിക്കപ്പെടുകയുംചെയ്യുന്നു) ഇതറിഞ്ഞിട്ടു ബുദ്ധിമാനായയവൻ സ്വസ്ഥാനത്തെ ഉപേക്ഷിക്കാതിരിക്കണം.

൪൪. അബ്ധേരപേതാമണയോഭജന്തി
രാജ്ഞാംശിരഃകാകമുഖാനിഭേകാ?
അല്പീയസാമേകനിവാസഭ്രമെ-
സ്ത്യാഗാദ്വിപത്തിൎബഹൂനാംച്ചഭൂതിഃ.

അൎത്ഥം—സമുദ്രത്തിൽനിന്നു വേർപെട്ടാൽ രത്നം രാജാക്കന്മാരുടെ ശിരസ്സിലും, തവള കാക്കയുടെ വായിലും ചെന്നുചേരുന്നു. അല്പന്മാൎക്കു സ്വസ്ഥാനം വിട്ടുപോയാൽ ആപത്തും മഹത്തുക്കൾക്കു സ്വസ്ഥാനം വിട്ടുഗമിച്ചാൽ ഐശ്വൎയ്യവുമുണ്ടാകും.

൪൫. അവ്യാധിഗാത്ര,മനുകൂലതരം കളത്രം
വേശ്മാപ്രശസ്തവിഭവം, വിശദാച്ചവിദ്യാ,
ശ്ലാഘ്യംകുലം, ചരമകാലഗതിസ്സമൎത്ഥാ,
ശംഭോഃകടാക്ഷപരിണാമവിഭൂതിരേവ.

അർത്ഥം—ആരോഗ്യശരീരം, ഏററവും അനുകൂലയായ ഭാര്യ, സൽപുത്രരം, വിശിഷ്ടങ്ങളായിരിക്കുന്ന ഉപകരണദ്രവ്യങ്ങൾ, വിശാലതയുള്ള വിദ്യ, കുലശ്രേഷ്ഠത, അന്ത്യകാലത്തു സൽഗതി ഇവ ഈശ്വരന്റെ കടാക്ഷപരിണാമത്താലുണ്ടാകുന്ന ഐശ്വര്യങ്ങളാകുന്നു. (ഇതുകളെല്ലാം തികഞ്ഞവനു മറെറന്തുവേണം)

൪൫. ഹംസാർഭകഃശ്രമമപോഹയിതുംവനാന്തെ
കാരണ്ഡകാകബകകങ്കകുലംപ്രവിഷ്ടഃ
മൂകോയമിത്യപഹസന്തിലുന്തിപരേക്ഷ-
ന്നീചാശ്രയോപിമഹതാമപമാനഹേതുഃ.

അർത്ഥം—ഒരു അരയന്നക്കുട്ടി വനാന്തരത്തിൽ വിശ്രമാർത്ഥം കൊളക്കോഴി, കാക്ക, കൊക്കു്, കഴുകൻ മുതലായവയുടെക്കൂട്ടത്തിൽ പ്രവേശിപ്പാനിടയായി. ദുഷ്ടന്മാരോടു സംഭാഷണം ചെയ്യരുതെന്നുള്ളതിനാൽ മൌനമായിരിക്കുമ്പോൾ ഈ പക്ഷിക്കൂട്ടം അരയന്നത്തെ മൂകൻ എന്നു ഹസിക്കയും ചിറകുകളെക്കൊണ്ടു് അടിക്കയും ഉപദ്രവിക്കയും ചെയ്തുകൊണ്ടിരുന്നു. ദുർജ്ജനത്തോടുള്ള സഹവാസം മഹത്തുക്കൾക്കു് അപമാനത്തിനു കാരണമായിതീരുന്നു. (മേല്പറഞ്ഞ ഫലം മഹത്തുക്കൾക്കു വരുന്നതാണു്.

൪൬. ഹീനാശ്രയോനകർത്തവ്യഃ കർത്തവ്യോമഹദാശ്രയഃ
ഈശാശ്രയാന്മഹാനാഗാഃ പപ്രച്ഛുഗരുഡംസുഖം.

അർത്ഥം—ഹീനന്മാരെ ആശ്രയിക്കരുതു്. മഹത്തുക്കളെ ആശ്രയിക്കണം. ശിവനെ ആശ്രയിക്കുകനിമിത്തം സർപ്പങ്ങൾ ഗരുഡനോടു ഭയംകൂടാതെ കുശലപ്രശ്നംചെയ്യുന്നു.

൪൭. പ്രിയംപത്ഥ്യംവദേദ്രാജ്ഞി പത്ഥ്യമേവചബന്ധുഷു
പ്രിയമേവവദേൽസ്ത്രീഷു നവദേദരിമൂൎഖയോഃ

അർത്ഥം—രാജാവിങ്കൽ പ്രിയവും പത്ഥ്യവും പറയണം. ബന്ധുക്കളിൽ പത്ഥ്യമായതുതന്നെ പറയണം. സ്ത്രീകളിൽ പ്രിയംതന്നെ പറയണം. ശത്രുക്കളോടും മൂൎഖന്മാരോടും ഒന്നുംതന്നെ പറയരുതു്.

ർൻ. വിപ്രാ!ƒസ്മിൻനഗരേമഹാൻ കഥയത?
"സ്താലദ്രുമാണാംഗണ:"
കോദാതാ? 'രജകോദദാതിവസനം
പ്രാതർഗ്ഗ്രഹീതപാനിശി'
കോവിദപാൻ,?"പരവിത്തവഞ്ചനവിധൌ
സവ്വെവിവിദപജ്ജനാഃ"
കസ്മാജ്ജീവസി,? ഹോ! സഖേ! "വിഷക്രിമി-
ന്യായേനജീവാമ്യഹം."

അർത്ഥം—ഹേ! വിപ്ര! ഈ നഗരത്തിൽ വലിയവനാരാണ്. പറഞ്ഞാലും "കരിമ്പനക്കൂട്ടങ്ങളാണ്" ദാനംചെയ്യുന്നവൻ ആരാണ്. "വെളുത്തേടമാണ്. അവൻ രാവിലെ വസ്ത്രം വാങ്ങിച്ചിട്ടു രാത്രിയിൽതരുന്നു." വിദ്വാൻ ആരുണ്ട്? "പരധനവഞ്ചനയിൽ എല്ലാവരും വിദ്വാന്മാരാണ്." താൻ എങ്ങനെ ജീവിക്കുന്നു. വിഷവസ്തുക്കളിലുള്ള ക്രിമികളെപ്പോലെ ഞാൻ ഇവിടെ ജീവിക്കുന്നു.

ദാം. അഹഞ്ചതപഞ്ചരാജേന്ദ്ര!
ലോകനാഥാവുഭാവപി!
ബഹുവ്രീഹിസമാസോഹം
ഷഷ്ഠീതൽപുരുഷോഭവാൻ.

അർത്ഥം—അല്ലയോ രാജശ്രേഷ്ഠ! ഞാനും അവിടുന്നും ലോകനാഥന്മാരാകുന്നു. പക്ഷെ ഞാൻ ബഹുവ്രീഹിസമാസമനുസരിച്ചു (ലോകം നാഥനായിട്ടുള്ളവൻ) അവിടുന്നു ഷഷ്ഠീതൽപുരുഷസമാസമനുസരിച്ചു (ലോകത്തിനു നാഥനും) ഇങ്ങനെ ലോകനാഥന്മാരാകുന്നു.

ദൂ. നചഭവതിവിയോഗഃസ്നേഹവിച്ഛേദഹേതു-
ർജ്ജഗതിഗുണനിധീനാം സജ്ജനാനാംകഥാചിൽ
ഘനപടലനിരുദ്ധൊദൂരസംസ്ഥോപിചന്ദ്ര:
കിമുകുമുദവനാനാം പ്രേമഭംഗംകരോതി?

അർത്ഥം—ലോകത്തിൽ ഗുണവാന്മാരായിരിക്കുന്ന സത്തുക്കൾക്കു വേർപാടു ഒരിക്കലും സ്നേഹഭംഗത്തിനു കാരണമാകുന്നില്ല. ചന്ദ്രൻ ദൂരെ ദിക്കിൽ ഇരിക്കയും മേഘങ്ങളാൽ മറയ്ക്കുകയുംചെയ്തിട്ടും ആമ്പൽക്കൂട്ട

ത്തിനു സ്നേഹഭംഗം ചെയ്യുന്നില്ല. (ചന്ദ്രൻ മുടലിൽപെട്ടടിച്ചാലും ആമ്പൽ വികസിക്കുന്നുണ്ട്.)

൩൫. ഛേദ്നഃഖേദോനദാഹേന
കഷ്ണൈർഘട്ടനൈരപി
ഇദമേകം മഹാദ്ദുഃഖം
യൽഗ്ഗുഞ്ജാസമധോളനം.

അർത്ഥം—സ്വർണ്ണത്തിനു ചുട്ടുപഴുപ്പിച്ചാലും, ഉരച്ചാലും, അടിച്ചാലും ഖേദം ഉണ്ടാകുന്നില്ല. എന്നാൽ കുന്നിക്കുരുവോടുചേൎന്നുതൂങ്ങുന്ന ഈ ഒരുകാൎയ്യംമാത്രം മഹാദുഃഖമാകുന്നു.

൩൬. കാകഃ കൃഷ്ണഃ പികഃ കൃഷ്ണഃ. കോഭേദഃ പികകാകയോഃ
വസന്തകാലെസംപ്രാപ്തേ കാകഃകാകഃപികഃപികഃ

അർത്ഥം—കാക്കയും കുയിലും കറുത്തവയാകുന്നു. അവക്ക് എന്താണ് വ്യത്യാസം. എന്നാൽ വസന്തകാലം വരുമ്പോൾ അവരുടെ വ്യത്യാസമറിയപ്പെടുന്നു. (രൂപം എങ്ങിനെയിരുന്നാലും കാൎയ്യം വരുന്നിടത്തു യോഗ്യതയും അയോഗ്യതയും അറിയാറാകുന്നു.

൩൭. ചിത്തേതുസുഖിനേസർവ്വം ഭവേൽ സുഖമയംജഗൽ
ഉപാനൽഗ്ഗൂഢപാദസ്യനനുചൎമ്മാസ്തൃതൈവഭൂഃ

അർത്ഥം—മനസ്സു സുഖമായി ഭവിച്ചിരിക്കുന്നവൻ ലോകമെല്ലാം സുഖമയമെന്നുകരുതുന്നു. പാദങ്ങൾ ചെരിപ്പുകൊണ്ടു പൊതിഞ്ഞുനടക്കുന്നവൻ ഭൂമി ചൎമ്മമയമെന്നു വിചാരിക്കുന്നു.

൩൮. ഏകൊദോഷെയദിഗ്ഗുണഗണൈരത്ര
മുക്ത്വാഗ്ഗുണൌഘാൻ
ദോഷഗ്രാഹീഭവതിഹിഖലസ്സല്ലി-
കാതുല്യധൎമ്മാ
മുക്ത്വാദോഷാൻഗ്ഗുണമനുഭവൻസ്വല്പ-
മാത്രേണതുഷ്യൻ
സാധുൎല്ലോകെസലിലമിളിതക്ഷീര
പായീവഹംസഃ

അർത്ഥം—വെള്ളത്തിലെ അട്ടയ്ക്കുതുല്യധർമ്മാവായിട്ടു ദോഷഗ്രാഹിയായിരിക്കുന്ന ഖലൻ ഒരുവന്റെ പല ഗുണഗണങ്ങളേയും ഉപേക്ഷിച്ചിട്ടു് ഒരു ദോഷമുണ്ടെങ്കിൽ അതിനെമാത്രം എടുക്കുന്നു. സജ്ജനം എത്ര ദോഷങ്ങളുണ്ടെങ്കിലും അതുകളെ തള്ളിക്കളഞ്ഞിട്ടു് അല്പം ഗുണമുണ്ടെങ്കിൽ അതിനെ എടുത്തു് അനുഭവിക്കുന്നു. ഇവൻ വെള്ളത്തിൽ കലർത്തിയ പാലിനെമാത്രം തിരിച്ചെടുത്തു് അനുഭവിക്കുന്ന ഹംസത്തെപ്പോലെയാകുന്നു.

൫൩. ഗുണാൻദോഷാൻ,ദോഷാനപിഗുണ-
ഗണാൻബോധരഹിതെ
ജനേ,നിശ്ചിന്വാനെ,ബുധസമി-
തിരേകൈവശരണം
അസാവപ്യേതേഷാംയദിന പ-
രമാർത്ഥം വിവൃണുതെ
ഗുണാഃക്രന്ദന്ത്യുച്ചൈശ്ശിരസിവി-
നിധായാഞ്ജലിപുടം.

അർത്ഥം—ഗുണങ്ങളെ ദോഷങ്ങളായിട്ടും ദോഷങ്ങളെ ഗുണങ്ങളായിട്ടും ബോധഹീനന്മാരായിരിക്കുന്ന ജനം നിശ്ചയിച്ചിരിക്കുമ്പോൾ വിദ്വൽസംഘം ഇതുകളുടെ പരമാർത്ഥത്തെ വിവരണം ചെയ്യുന്നില്ലെങ്കിൽ അവരുമാത്രം ഏകശരണമായിരിക്കുന്ന ഗുണങ്ങൾ ശിരസ്സിൽ കൂപ്പുകൈവച്ചിട്ടു് ഉറക്കെ കരയുന്നു.

൫൪. യദിസന്തിഗുണാഃപുംസാം വികസന്ത്യേവതേസ്വയം
നഹികസ്തൂരികാഗന്ധശ്ശപഥേനവിഭാവ്യതേ.

അർത്ഥം—പുരുഷനു് ഗുണങ്ങൾ ഉണ്ടു് എങ്കിൽ അതുകൾ സ്വയമേവ വികസിക്കുന്നു. കസ്തൂരിയുടെ ഗന്ധം മറ്റൊരുവന്റെ ശപഥംകൊണ്ടല്ല പ്രസരിക്കുന്നതു്. (താനെ പ്രസരിക്കുന്നു)

൫൫. ഗുണദോഷൌബുധോഗൃഹ്ണ-
ന്നിന്ദുക്ഷ്വേളാവിവേശ്വരഃ
ശിരസ്സാശ്ലാഘതേപൂർവ്വഃ
പരഃകണ്ഠേനിയച്ഛതി.

അർത്ഥം—ഗുണത്തേയും ദോഷത്തേയും അറിഞ്ഞിരിക്കുന്ന വിദ്വാൻ ചന്ദ്രനേയും വിഷത്തേയും ധരിച്ചിരിക്കുന്ന ശിവനെപോലെയാകുന്നു. ശിവൻ ചന്ദ്രനെ മാനിച്ചു ശിരസ്സിലും വിഷത്തെ അതിന്നുംതാഴെ കണ്ഠത്തിങ്കലും നിയോഗിച്ചിരിക്കുന്നു.

൩൯. ആസന്നമേവഭജതേനൃപതിർമ്മനുഷ്യം
വിദ്യാവിഹീനമകുലീനമസംഗതംവാ
പ്രായേണ ഭൂമിപതയഃ പ്രമദാലതാശ്ച
യഃപാശ്വതോവസതിതം പരിവേഷ്ടയന്തി.

അർത്ഥം—വിദ്യാവിഹീനനോ, കുലീനനല്ലാത്തവനോ, അയോഗ്യനോആരായാലും എപ്പോഴും അടുത്തുകാണുന്നവനെ രാജാവു സ്നേഹിക്കുന്നു പ്രായേണ രാജാവും, സ്ത്രീകളും, വള്ളികളും ഏവൻ പാശ്വവർത്തിയായിരിക്കുന്നോ അവനേത്തന്നെ അംഗീകരിക്കുന്നു.

൪൦. ക്വചിൽഭൂമൌശായീക്വചിദപിപര്യങ്കശയനഃ
ക്വചിച്ഛാകാഹാരൊക്വചിദപിശല്യോദനരുചിഃ
ക്വചിൽകന്ഥാധാരീക്വചിദപിദിവ്യാംബരധരോ
മനസ്വീകാര്യാർത്ഥീനഗണയതിദുഃഖംനചസുഖം.

അർത്ഥം—കാര്യങ്ങളെ ഇച്ഛിക്കുന്നവനും ധീരനുമായിരിക്കുന്നവൻ ഒരിടത്തു വെറുംനിലത്തു ശയിച്ചിട്ടും മറെറാരിടത്തു കട്ടിലിൽ ശയിച്ചിട്ടും ഒരിടത്തു ഇലകൾ വേവിച്ചു ഭക്ഷിച്ചിട്ടും ഒരിടത്തു മൃഷ്ടാന്നഭക്ഷണം ചെയ്തിട്ടും ഒരിടത്തു കീറത്തുണിയും ഒരിടത്തു ദിവ്യവസ്ത്രങ്ങളും ധരിച്ചിട്ടും ദു:ഖത്തേയും സുഖത്തേയും ഗണിക്കുന്നില്ല.

൪൧. ഭാഗ്യമേവശ്രിയോഹേതുർന്നവിദ്യാജന്മവൃത്തയഃ
ആന്ദോളികാപയഃപാനം ശുനഃകനകശൃംഖലാ.

അർത്ഥം—സാമ്പത്തികഹേതു ഭാഗ്യംതന്നെയാകുന്നു. വിദ്യയും, ആഭിജാത്യവും, സദാചാരവും മററുമല്ല. ചില ശ്വാവിന്നു പല്ലക്കും, പാലും സ്വർണ്ണച്ചങ്ങലയും ഭാഗ്യംകൊണ്ടുസിദ്ധിക്കുന്നുണ്ടു്.

൪൨. ആയംദൃഷ്ട്വാവ്യയംകുര്യാദായാദല്പതരോവ്യയഃ
അനായീവ്യയശീലശ്ചേൽ ക്ഷിപ്രമേവവിനശ്യതി.

അർത്ഥം—വരവിനെ അറിഞ്ഞു ചിലവുചെയ്യണം. വരവിൽനിന്ന ചില
വു കുറഞ്ഞിരിക്കണം. വരവില്ലാത്തവൻ ചെലവുചെയ്താൽ പെട്ടെ
ന്ന നശിച്ചുപോകുന്നു.

൩൭. ഇയമേവഹിപാണ്ഡിത്യം ഇയമേവവിദഗ്ദ്ധതാ
അയമേവപരോധൎമ്മോ യദായാന്നാധികോവ്യയഃ.

അർത്ഥം—വരവിനേക്കാൾ അധികം ചെലവുചെയ്യാതിരിക്കുക. ഇതുതന്നെ
പാണ്ഡിത്യവും സാമർത്ഥ്യവും ധൎമ്മവുമാകുന്നു.

൩൮. അജ്ഞാനിനോഗ്രേനിരവദ്യവിദ്യാ
വിത്താശയായഃപ്രകടീകരോതി
സവീക്ഷ്യശംഖംദ്ധ്വനയന്തമുച്ചൈ-
ർദ്ദേഹീതിവസ്തൂർബ്ബധിരസ്യകസ്യാൽ.

അർത്ഥം—അറിവില്ലാത്തവന്റെ മുമ്പിൽ യാതൊരുത്തൻ ധനത്തിനായി
ക്കൊണ്ടു ശ്രേഷ്ഠയായ വിദ്യയെ പ്രകാശിപ്പിക്കുന്നുവോ അവൻ ശം
ഖത്തെ ഉച്ചത്തിൽ ധ്വനിപ്പിക്കുന്നവനെ നോക്കി(അവൻ വല്ലതും ഭ
ക്ഷിക്കുകയാണെന്നുവിചാരിച്ചു) വല്ലതും തരണമെന്നു യാചിക്കുന്ന
ചെവികേൾക്കാത്ത പൊട്ടനെപോലെയാകുന്നു.

൩൯. വേധാദ്വേധാഭ്രമംചക്രേ കാന്താസുകനകേഷുച
താസു,തേഷുവിരക്തശ്ചേൽദ്വിതീയഃപരമേശ്വര:

അർത്ഥം—ബ്രഹ്മാവു രണ്ടു ഭ്രമത്തെ സൃഷ്ടിച്ചു. (കാന്താഭ്രമം, കനകഭ്രമം
ഇതുകളാണു.) അവകളിൽ വിരക്തനായിട്ടുള്ളവൻ രണ്ടാമത്തെ പ
രമേശ്വരൻതന്നെയാകുന്നു.

൪൦. ശാസ്ത്രംസുനിശ്ചിതിയാമപിചിന്തനീയം
ആരാധിതോപിനൃപതിഃപരിശങ്കനീയഃ
അങ്കസ്ഥിതാപിയുവതിഃപരിലാളനീയാ
ശാസ്ത്രേനൃപേചയുവതൌചകുതോവശിത്വം.

അൎത്ഥം—ശാസ്ത്രം ഗ്രഹിച്ചിരിക്കുന്ന ബുദ്ധിമാനും കൂടക്കൂടെ ചിന്തിക്കണം
(ഓൎമ്മപ്പെടുത്തണം) രാജാവു ആരാധിതനാണെങ്കിലും ശങ്കിക്കണം.
സ്ത്രീ മടിയിൽ ഇരിക്കുന്നു എങ്കിലും ലാളിക്കണം. ഇതു മൂന്നും സ്വാ

ധീനമാണെന്നു വിശ്വസിച്ചിരിക്കരുതു്. (ഇതുകളിൽ വശിത്വഗുണമില്ല. ക്രടക്കൂടെ വശപ്പെടുത്തണമെന്നു സാരം)

൯൭. ഗവോഗന്ധേ,നപശ്യന്തി രാജാനശ്ചാരചക്ഷുഷാ
ശാസ്ത്രേണപണ്ഡിതാസ്സർവ്വെ ചക്ഷുർഭ്യാമിതരേജനാഃ

അർത്ഥം—പശുക്കൾ ഗന്ധംകൊണ്ടും, രാജാക്കന്മാർ ചാരന്മാരെക്കൊണ്ടും, വിദ്വാന്മാർ ശാസ്ത്രംകൊണ്ടും, മററുള്ളവർ കണ്ണുകൾകൊണ്ടും അറിയുന്നു.

൯൮. സന്ധിശ്ചവിഗ്രഹൈശ്ചൈവ യാനമാസനമേവച
ദ്വൈധീഭാവാശ്രയൌചേതിഷണ്ണയാഃപരികീർത്തിതാഃ

അർത്ഥം—തമ്മിൽചേരുക, യുദ്ധം, പോവുക, ഇരിക്കുക, ഭിന്നിപ്പിക്കുക, ആശ്രയം ഇങ്ങനെ ആറു നയങ്ങൾ (നീതികൾ) രാജാക്കന്മാക്കുള്ളതാണു്.

൯൯. ഏകഃസ്വാദുനഭുഞ്ജീയാദേകഃകാര്യംനചിന്തയേൽ
ഏകോനഗച്ഛേദദ്ധ്വാനംനൈകസ്സുപ്തേഷുജാഗ്രയാൽ

അർത്ഥം—ഒരുവൻ തനിച്ചു സ്വാദുള്ളതു ഭക്ഷിക്കരുതു്. ഒരുവൻ തന്നെ കാര്യംചിന്തിക്കരുതു്. ഒരുവൻതന്നെ വഴിപോകരുതു്. ഒരുവൻമാത്രം പലരുറങ്ങുന്നിടത്തു് ഉണർന്നിരിക്കരുതു്.

൱. ഗുരുശുശ്രൂഷയാവാപി പുഷ്കലേനധനേനവാ
അഥവാവിദ്യയാവിദ്യാ തുരീയംനോപലക്ഷ്യതേ.

അർത്ഥം—ഗുരുവിനെ ശുശ്രൂഷിച്ചിട്ടോ അല്ലെങ്കിൽ വേണ്ടുന്ന ധനംകൊടുത്തിട്ടോ അഥവാ പകരം വിദ്യയെ കൊടുത്തിട്ടോ വിദ്യ അഭ്യസിക്കണം. നാലാമതു് ഒന്നില്ല.

൱൧. ശ്ലോകേനാർദ്ധേനപാദേന
പാദാർദ്ധേനാക്ഷരേണവാ
അവന്ധ്യംദിവസംകുര്യാൽ
സർവ്വജ്ഞത്വമവാപ്നുയാൽ.

അർത്ഥം—ദിവസത്തെ നിഷ്ഫലമാക്കാതെ ഒരുശ്ലോകമോ അതിൽപകുതിയോ അതിൽ പകുതിയോ അതിലും പകുതിയോ ഒരു അക്ഷരമോ മുടങ്ങാതെ പഠിക്കുന്നവൻ സർവജ്ഞനായിത്തീരും.

൩൨. ഗുരുപ്രസാദേന സമസ്തവിദ്യാം
വിദ്യാപ്രസാദേനസതാഞ്ചവൃത്തിം
സദ്വൃത്തിയോഗേന ഗിരീശഭക്തിം
ഭക്ത്യാചമുക്തിംമനുജാലഭന്തെ.

അർത്ഥം—ഗുരുപ്രസാദംകൊണ്ട് സകലവിദ്യയേയും, വിദ്യകൊണ്ടു സൽപ്രവൃത്തിയേയും സൽപ്രവൃത്തികൊണ്ട് ദൈവഭക്തിയേയും ഭക്തികൊണ്ടു മുക്തിയേയും മനുഷ്യർ ലഭിക്കപ്പെടുന്നു.

൩൩. അനന്തശാസ്ത്രം ബഹുവേദിതവ്യം
അല്പശ്ചകാലോ, ബഹവശ്ചവിഘ്നാഃ
യൽസാരഭൂതം തദുപാസിതവ്യം
ഹംസോയഥാക്ഷീരമിവാംബുമിശ്രം.

അർത്ഥം—ശാസ്ത്രങ്ങൾ വളരെയുണ്ട്. പഠിക്കേണ്ടവയും വളരെയുണ്ട്. കാലം അല്പമേയുള്ളു. വിഘ്നങ്ങൾ വളരെയുണ്ട്. അതിനാൽ അതുകളുടെ സാരം മനസ്സിലാക്കണം. എങ്ങനെയെന്നാൽ ജലം കലർത്തിയ പാലിനെ അരയന്നം വേർതിരിച്ചെടുത്ത് അനുഭവിക്കുന്നതുപോലെ.

൩൪. അസതാം ധർമ്മബുദ്ധിശ്ചേൽ
സതാംസന്താപകാരണം
ഉപോഷിതസ്യവ്യാഘ്രസ്യ
പാരണം പശുമാരണം.

അർത്ഥം—അസത്തുക്കളുടെ ധർമ്മബുദ്ധി സത്തുക്കൾക്കു സന്താപകാരണമായിതീരും. വ്യാഘ്രം വ്രതം അനുഷ്ഠിച്ചാൽ പാരണം പശുവിനെ കൊന്നിട്ടായിരിക്കും.

൩൫. വൃത്തിംയത്നേനസംരക്ഷേ. ദ്വിത്തമേതിചയാതിച
വിത്തക്ഷയേണാഃനോഹീനൊവൃത്തിതസ്തുഹതോഹത:

അർത്ഥം:—ധനം വരികയും പോകയുംചെയ്യുന്നു. വിത്തക്ഷയംകൊണ്ട് ഉള്ള കുറവു ഒരുകുറവു ആകുന്നില്ല. യത്നംചെയ്തു തൻെറസദവൃത്തിയെ രക്ഷിക്കണം. അതു നശിക്കുന്നതുകൊണ്ടുള്ള കുറവു കുറവുതന്നെയാകുന്നു.

൬൭. ഉപകാരഗ്രഹീതേന ശത്രുംണാശത്രുമുദ്ധരേൽ
പാദേലഗ്നംകരസ്ഥേന കണ്ടകേനൈവകണ്ടകം.

അർത്ഥം—ശത്രുവിൻെറ ശത്രുവിനെ ഉപകാരത്താൽ വശപ്പെടുത്തി അവനെക്കൊണ്ട് ശത്രുവിനെകളയണം. കാലിൽ കൊള്ളുന്ന മുള്ളിനെ കയ്യിലിരിക്കുന്ന മുള്ളിനാൽ കളയുന്നതുപോലെ.

൬൮. നഭ്രുതപൂർവോ നചദൃഷ്ടപൂർവോ
നചശ്രുംതോഹേമമയഃകുരംഗഃ
തഥാപിതൃഷ്ണാ രഘുംനന്ദനസ്യ
വിനാശകാലെ വിപരീതബുദ്ധി.

അർത്ഥം—സ്വർണ്ണരൂപമായ മാൻ ഉള്ളതായി മുമ്പു കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. എങ്കിലും ശ്രീരാമന് അതിൽ തൃഷ്ണയുണ്ടായതു നാശകാലത്തുണ്ടാകുന്ന വിപരീതബുദ്ധിനിമിത്തമാണ്.

൬൯. വേഷംനവിശ്വസേൽപ്രാജ്ഞോ
വേഷോദോഷായകല്പതേ
രാവണോ ഭിക്ഷുരൂപേണ
ജഹാരജനകാത്മജാം.

അർത്ഥം—ബുദ്ധിയുള്ളവൻ വേഷത്തെ വിശ്വസിക്കരുത്. വേഷം ദോഷത്തിനായിക്കൊണ്ടുഭവിക്കുന്നു. രാവണൻ ഭിക്ഷുരൂപിയായിട്ടു സീതയെ ഹരിച്ചതുപോലെ. (വേഷം വിശ്വസിച്ചയാൾക്കു ആദ്യവും വേഷമെടുത്തവനു പിന്നീടും ദോഷം തട്ടി)

൭൦. അർത്ഥഃ,പാദരജസ്സമാ,ഗിരിനദീ,
വേഗോപമം,യൌവ്വനം;
മാനുഷ്യം ജലബിന്ദുലോലചപലം,
ഫേനോപമം ജീവിതം,

ധമ്മംയേനകരോതിന്നിശ്ചലമതിഃ
സ്വഗ്ഗാഗ്ഗളോദ്ഘാടനം
പശ്ചാത്താപഹതൊജരാപരിണത-
ശ്ശോകാഗ്നിനാദഹ്യതേ

21484-

അർത്ഥം---ദ്രവ്യങ്ങൾ കാലിലെ പൊടിപോലെ വന്നുംപോയുമിരിക്കുന്നു. മലയിൽനിന്നും വരുന്ന ആററവെള്ളംപോലെ പെട്ടെന്നു ഒഴിഞ്ഞു പോകുന്നതാണ് യൌവ്വനം, നിർത്തുള്ളിപോലെ അസ്ഥിരമാണ് മനുഷ്യത്വം. ആയുസ്സ് വെള്ളത്തിലെനുരപോലെ(കുമളകൾപോലെ) യാണ് യാതൊന്നു ഹേതുവായിട്ടു സൽഗതിക്കുള്ള വാതലിന്റെ സാക്ഷയെ തുറക്കുന്നതായ ധമ്മത്തെ നിശ്ചലമതിയായിട്ടുചെയ്യണം. താമസിച്ചുപോയാൽ പിന്നെ ജരാബാധിതനായി താപത്താൽ നഷ്ടനായിട്ടു ദുഃഖാഗ്നിയിൽ തപിക്കുന്നതിനു സംഗതിയാകും.

൨൦. നിജസൌഖ്യം നിരുന്ധാനൊ
യോ-ധനാർജ്ജനമിച്ഛതി?
പരാർത്ഥം ഭാരവാഹീവ
ക്ലേശസ്യൈവഹിഭാജനം.

അർത്ഥം—തന്റെ സൌഖ്യത്തെ തടുത്തിട്ടു യാതൊരുത്തൻ ധനസമ്പാദനത്തെ ഇച്ഛിക്കുന്നുവൊ അവൻ അന്യനുവേണ്ടി ഭാരം ചുമക്കുന്നവനായിട്ടു ക്ലേശത്തിനു പാത്രമായിട്ടുതന്നെത്തീരുന്നു.

൨൧. യദധോധഃക്ഷിതൌ വിത്തംനിചഖാനമിതംപചഃ
തദധൊനിലയംഗന്തും ചക്രേപന്ഥാനമഗ്രതഃ

അർത്ഥം—കൃപണൻ ഭൂമിയിൽ യാതൊരുകുഴി ധനം നിക്ഷേപിക്കുന്നതിനായി ഉണ്ടാക്കുന്നുവൊ ആകുഴി അവന്നു് അധോഗതിക്കായിട്ടു മുമ്പേ തന്നെ വഴിയുണ്ടാക്കുകയാണ്. (ധനം വിനിയോഗിക്കാതെ വയ്ക്കുന്നവൻ നശിക്കും.

൨൨. കത്തവ്യസഞ്ചയോനിത്യം
കത്തവ്യോനാതിസഞ്ചയഃ
പശ്യസഞ്ചയശീലോസൌ
ധനുഷാജംബുകോഹതഃ.

അർത്ഥം—നിത്യവുംമിതമായിസമ്പാദിക്കണം.അമിതമായിസമ്പാദിച്ചാൽ പന്നി, പാമ്പ്, വേടൻ ഇവരുടെ ശവം സമ്പാദിച്ചുംവച്ചു വില്ലിൻെറ ഞാണിലെ ചോര നക്കിയ കുറുക്കൻ വില്ലിനാൽ നഷ്ടനായതു പോലെ നശിക്കും.

വൃ൩. യദ്ദദാതിയദശ്നാതി തദേവന്നിധനാംനനം
അന്ന്യേമൃതസ്യക്രീഡന്തി ദാരൈരപിധനൈരപി.

അർത്ഥം—യാതൊന്നു ദാനംചെയ്യുന്നു യാതൊന്നനുഭവിക്കുന്നു അതുതന്നെയാണു് ധനികൾക്കുള്ള ധനം. അല്ലാതുള്ളതു മരിച്ചിട്ടു അന്യന്മാർ ധനങ്ങളെക്കൊണ്ടും ദാരങ്ങളെക്കൊണ്ടും ക്രീഡിക്കുന്നു.

വൃ൪. ദാനംപ്രിയവാക്സഹിതം
ജ്ഞാനമഗർവം, ക്ഷമാന്വിതം, ശൌര്യം,
ത്യാഗസഹിതഞ്ചവിത്തം
ദുർല്ലഭമേതച്ചതുഷ്ടയംജഗതി.

അർത്ഥം—പ്രിയവാക്കോടുകൂടിയുള്ള ദാനവും, അഹങ്കാരത്തോടുകൂടാതുള്ള അറിവും, ക്ഷമയോടുകൂടിയുള്ള ശൌര്യവും, ദാനത്തോടുകൂടിസമ്പാദിച്ച ധനവും ഇവ നാലും ലോകത്തിൽ ദുർല്ലഭമാകുന്നു.

വൃ൫ നാപ്രാപ്യമഭിവാഞ്ഛന്തി,നഷ്ടംനേച്ഛന്തിശോചിതും
ആപത്സ്വപിനമുഹ്യന്തി നരാഃപണ്ഡിതബുദ്ധയഃ.

അർത്ഥം—പണ്ഡിതബുദ്ധികളായിരിക്കുന്ന നരന്മാർ സാധിക്കാത്തകാര്യത്തെ ആഗ്രഹിക്കുന്നില്ല. നഷ്ടത്തെക്കുറിച്ചു ദുഃഖിക്കുന്നതിനു ഇച്ഛിക്കുന്നില്ല. ആപത്തിങ്കൽ ബുദ്ധി നശിക്കുന്നില്ല.

വൃ൬. ഉത്സാഹസമ്പന്ന,ദീർഘസൂത്രം,
ക്രിയാവിധിജ്ഞംവ്യസനേഷ്വയുക്തം,
ശൂരംകൃതജ്ഞം, ദൃഢസൌഹൃദഞ്ച,
ലക്ഷ്മീസ്വയംയാതിനിവാസഹേതോഃ.

അർത്ഥം—ഉൽസാഹശീലം, കാര്യങ്ങളെ വേഗംചെയ്യതീക്കാത്ത സ്വഭാവമില്ലായ്ക, കൃത്യങ്ങളുടെ വിവിധമുറകളിൽ അറിവു്,സ്ഥിരമായസ്നേഹം ഇവ ഉള്ളവനു സമ്പത്തു തന്നെ വന്നുചേരുന്നു.

വ്വ. വിനാപ്യർത്ഥൈ:ർധീരഃസ്പൃശതിബ-
ഹുമാനോന്നതിപദം
സമായുക്തോപ്യർത്ഥൈഃപരിഭവ-
പദംയാതികൃപണഃ
സ്വഭാവാദ്ഭൃതാം ഗുണസമു-
ദയാവാപ്തിവിഷയാം
ദ്യുതിംസൈംഹീംകിംശ്വാധൃതകന-
കമാലോപിലഭതേ?

അർത്ഥം—ധീരന്മാർ ദ്രവ്യമില്ലെങ്കിലും ഒരുചിലവുംകൂടാതെ ഉന്നതപദവി യിൽ ചെന്നെത്തുന്നു. കൃപണന്മാർ വളരെ ധനത്തോടുകൂടിയവ രെങ്കിലും പരാജയമാകുന്ന സ്ഥാനത്തുചെല്ലുന്നു = സ്വഭാവാൽതന്നെ ഉണ്ടായിട്ടുള്ളതും ഗുണഗണങ്ങളെ ഉണ്ടാക്കുന്നതിനു വിഷയമായിട്ടു ള്ളതുമായ, സിംഹത്തെസംബന്ധിച്ച ശോഭ. നായ്, കനകമാല യെ അണിഞ്ഞുകൊണ്ടിരുന്നാലും അതിനു ലഭിക്കപ്പെടുമോ?

വ്വ്വ. അഭ്രച്ഛായാ,ഖലപ്രീതി,
ന്നവസസ്യാനി,യോഷിതഃ
കിഞ്ചിൽകാലോപഭോഗ്യാനി,
യൌവനാനിധനാനിച.

അർത്ഥം—കാർമേഘത്തിൽനിന്നുണ്ടാകുന്ന തണലും, ദുർജ്ജനത്തിൻെറ പ്രി തിയും, പുതിയ സസ്യങ്ങളും, സ്ത്രീകളും, യൌവനവും ധനവും വള രെകാലം അനുഭവിക്കാൻ സാധിക്കുന്നില്ല.

വ്വൻ. ധർമ്മായ യസ്യവിത്തേഹാ വരംതസ്യനിരീഹതാ
പ്രക്ഷാളനാദ്ധിപങ്കസ്യ ദൂരാദസ്പർശനംവരം.

അർത്ഥം—യാതൊരുത്തനു ധർമ്മത്തിനായിട്ടുള്ള ധനാശയെക്കാൾ ആശ യില്ലാതിരിക്കുന്നതാണു നല്ലതു്. ചെളി കഴുകികളയുന്നതിനെക്കാൾ അതു സ്പർശിക്കാതെ ദൂരെ നിൽക്കുന്നതല്ലെ നല്ലതു് എന്നപോലെ.

ൻ൦. രാജതഃസലിലാ,ദഗ്നേശ്ചോരതഃ സ്വജനാദപി
ഭയമർത്ഥവതാംനിത്യം മൃത്യോഃപ്രാണഭൃതാമിവ.

അൎത്ഥം—ജീവികൾ മൃത്യുവിനെക്കുറിച്ചു് എന്നും ഭയന്നുകൊണ്ടിരിക്കുന്നതു പോലെ ധനവാന്മാർ എപ്പോഴും രാജാവു്, വെള്ളം, അഗ്നി, കള്ളന്മാർ, സ്വജനങ്ങൾ ഇവരിൽനിന്നും ഭയപ്പെട്ടുകൊണ്ടിരിക്കുന്നു.

൯൧. വഹ്നിസ്തസ്യജലായതേ,ജലനിധിഃ
കുല്യായതെ തൽക്ഷണം
മേരുസ്വല്പശിലായതേ, മൃഗപതി-
സ്സദ്യഃകുരംഗായതേ
വ്യാളോമാല്യഗുണായതേ, വിഷരസം
പീയൂഷവൎഷായതേ
യസ്യാംഗേഽഖിലലോകവല്ലഭതരം
ശീലംസമുന്മീലതി.

അൎത്ഥം—യാതൊരുത്തന്റെ ദേഹത്തിൽ സകലലോകത്തോടും നിർവ്യാജമായി സ്നേഹിക്കുക എന്നുള്ളശീലം പ്രകാശിക്കുന്നുവോ അവന്നു് അഗ്നി ജലംപോലെയും, സമുദ്രം ചെറിയ തോടുപോലെയും, മേരുപൎവതം ഒരു ചെറിയ പാറപോലെയും,സിംഹംമാൻപോലെയും,സൎപ്പം മാലപോലെയും, വിഷം അമൃതുവർഷംപോലെയും ക്ഷണത്തിൽ ആചരിക്കുന്നു. (അവന്നു എല്ലാം വശമായിട്ടിരിക്കുന്നു എന്നുസാരം)

൯൨. ലോഭാദ്വാഽഥഭയാദ്വാപി സന്ത്യജേച്ഛരണാഗതം
ബ്രഹ്മഹത്യാസമംതസ്യ പാപമാഹുൎമ്മനീഷിണഃ.

അൎത്ഥം—തന്നെ വന്നു ശരണംപ്രാപിച്ചവനെ ലുബ്ധുനിമിത്തമോ ഭയം നിമിത്തമൊ ഉപേക്ഷിക്കുന്നതിന്റെ പാപം ബ്രഹ്മഹത്യയ്ക്കു തുല്യമാണെന്നു ബുദ്ധിമാന്മാർ പറയുന്നു.

൯൩. സഭാൎയ്യായാ ഗൃഹേദക്ഷാ സാഭാൎയ്യായാപ്രജാപതീ
സാഭാൎയ്യായാ പതിപ്രാണാ സാഭാൎയ്യായാപതിവ്രതാ.

അൎത്ഥം—യാതൊരു സ്ത്രീ ഗൃഹത്തിലെയ്ക്കു സമൎത്ഥയാകുന്നു. അവളും യാതൊരു സ്ത്രീ നല്ല സന്താനത്തോടുകൂടിയിരിക്കുന്നുവൊ അവളും, യാതൊരു സ്ത്രീ ഭൎത്താവിനെ ജീവനെപോലെ വിചാരിക്കുന്നുവോ അവളും യാതൊരു സ്ത്രീ പതിവ്രതയായിരിക്കുന്നുവോ അവളും ഭാൎയ്യ എന്നുള്ള സ്ഥാനത്തിനൎഹതയുള്ളവരാകുന്നു.

൯൪. ന-സാഭാൎയ്യേതിവക്തവ്യാ യസ്യാഭൎത്താനതുഷ്യതി
തുഷ്ടേഭൎത്തരിനാരീണാം സന്തുഷ്ടാസ്സൎവ്വദേവതാഃ.

അൎത്ഥം—യാതൊരു സ്ത്രീ ഭൎത്താവിനെ പ്രീതിപ്പെടുത്തുന്നില്ലയൊ അവളെ ഭാൎയ്യയെന്നു പറഞ്ഞുകൂടാ. സ്ത്രീകൾക്കു്, ഭൎത്താവു സന്തുഷ്ടനായിരിക്കുമ്പോൾ സൎവദേവന്മാരും പ്രീതിപ്പെടുന്നു.

൯൫. ഗജഭുജംഗമവിഹംഗമബന്ധനം
ശശിദിവാകരയോൎഗ്രഹപീഡനം
മതിമതാഞ്ചസമീക്ഷ്യദരിദ്രതാം
വിധിരഹോ!ബലവാനിതിമേമതിഃ.

അൎത്ഥം—ആനയേയും പാമ്പിനേയും ബന്ധിക്കുന്നതും, ആദിത്യചന്ദ്രന്മാൎക്കുണ്ടാകുന്ന ഗ്രഹണപീഡയേയും, ബുദ്ധിമാന്മാൎക്കുണ്ടാകുന്ന ദാരിദ്ര്യത്തേയുംകണ്ടിട്ടു് ആശ്ചൎയ്യം! വിധി ബലവാൻതന്നെ എന്നു ഞാൻ വിചാരിക്കുന്നു.

൯൬. നിന്ദന്തിനീതിനിപുണാ,യദിവാസ്തുവന്തു
ലക്ഷ്മീസ്സമാവിശതുഗച്ഛതുവായഥേഷ്ടം
അദ്യൈവവാമരണമസ്തുയുഗാന്തരേവാ
ന്യായാൽപഥഃപ്രവിചലന്തിപദംനധീരാഃ.

അൎത്ഥം—ജനങ്ങൾ നിന്ദിക്കുകയൊ അല്ലെങ്കിൽ സ്തുതിക്കുകയൊ ചെയ്യട്ടെ. സമ്പത്തു വന്നുചേരുകയൊ പോവുകയൊ ഇഷ്ടംപോലെ ചെയ്യട്ടെ. മരണം ഇന്നുതന്നെയോ അഥവാ യുഗാന്തരത്തിങ്കലൊ ഭവിക്കട്ടെ. നീതിനിപുണന്മാരായിരിക്കുന്ന ധീരന്മാർ ന്യായമാൎഗ്ഗത്തിൽനിന്നു പദത്തെ ഇളക്കുന്നില്ല. (എന്താപത്തോ സമ്പത്തോ വന്നാലും നീതിമാന്മാർ ന്യായംവിട്ടുനടക്കുകയില്ല.

൯൭. പ്രാരഭ്യതേനഖലുവിഘ്നഭയേനനീചാഃ
പ്രാരഭ്യവിഘ്നവിവശാവിരമന്തിമദ്ധ്യാഃ
വിഘ്നൈഃപുനഃപുനരപിപ്രതിഹന്യമാനാഃ
പ്രാരബ്ധമുത്തമഗുണാനപരിത്യജന്തി.

അൎത്ഥം—നീചന്മാർ വിഘ്നത്തിലുള്ള ഭയംകൊണ്ടു് ഒന്നും ആരംഭിക്കപ്പെടുന്നില്ല. മദ്ധ്യമന്മാർ ആരംഭിച്ചിട്ടു വിഘ്നമുണ്ടാകുമ്പോൾ വി

വരന്മാരായിട്ടു പിൻവാങ്ങുന്നു. ഉത്തമഗുണവാന്മാരായിട്ടുള്ളവർ പിന്നെയും പിന്നെയും വിഘ്നമുണ്ടായി നാശമുണ്ടായാലും തുടങ്ങിയ കൃത്യത്തിൽനിന്നു പിൻമാറുന്നില്ലാ.

൯൭. രത്നൈർമ്മഹാബ്ധേസ്തുതുഷുർന്നദേവാ
നഭേജിരേഭീമവിശേഷണഭീതിം
സുധാംവിനാനപ്രയയുർവ്വിരാമം
സുനിശ്ചിതാൎത്ഥാവിരമന്തിധീരാഃ

അർത്ഥം—ദേവന്മാർ പാലാഴിമഥനത്തിങ്കൽ, മഹാബ്ധിയുടെ രത്നങ്ങളെക്കൊണ്ടു സന്തോഷിച്ചില്ല. ഭയങ്കരവിഷംകൊണ്ടു ഭയപ്പെട്ടുമില്ല. അമൃതോടുകൂടാതെ വിരമിച്ചുമില്ല. കാൎയ്യങ്ങളിൽ ദൃഢനിശ്ചയമുള്ളവർഫലസിദ്ധിയോടുകൂടി വിരമിക്കുന്നു.

൯൮. മനസിവചസികായേ പുണ്യപീയൂഷപൂൎണ്ണാ-
സ്ത്രിഭുവനമുപകാരശ്രേണിഭിഃപ്രീണയന്തഃ
പരഗുണപരമണൂൻപൎവ്വതീകൃത്യനിത്യം
നിജഹൃദിവികസന്തസ്സന്തിസന്തഃകിയന്തഃ

അൎത്ഥം—മനസ്സിങ്കലും വാക്കിലും ദേഹത്തിലും പുണ്യാമൃതത്തെ നിറച്ചിട്ടു മൂന്നുലോകത്തേയും ഉപകാരസമൂഹങ്ങളെക്കൊണ്ടു സന്തോഷിപ്പിക്കുന്നവരായി, അന്യരുള്ള "ചെറിയഗുണത്തേയും" തൻെറമനസ്സിൽ വലിയ പർവതംപോലെ വലുതായി വികസിപ്പിച്ചിരിക്കുന്നവരായ സത്തുക്കൾ എത്ര ഭവിക്കുന്നു?

൧൦൦. പ്രഥമവയസിദത്തം തോയമല്പംസ്മരന്ത-
ശ്ശിരസിനിഹിതഭാരാനാളികേരാനരാണാം
സലിലമമൃതകല്പം ദദ്യുരാജീവനാന്തം
നഹികൃതമുപകാരം സാധവോവിസ്മരന്തി.

അൎത്ഥം—ആദ്യവയസ്സിൽകൊടുത്തിട്ടുള്ള അല്പജലത്തെ ഓൎത്തുകൊണ്ടിരിക്കുന്ന നാളികേരങ്ങൾ (തെങ്ങുകൾ) ശിരസ്സിൽ ഭാരങ്ങളെ ചേൎത്തുകൊണ്ടുനിന്നു് അമൃതംപോലിരിക്കുന്ന വെള്ളത്തെ ആജീവനാന്തം മനുഷ്യൎക്കു ദാനംചെയ്യുന്നു. അന്യന്മാർ തനിക്കുചെയ്തിട്ടുള്ള ഉപകാരത്തെ സാധുക്കൾ ആജീവനാന്തം മറക്കുന്നില്ല.

൧൦൧. ക്ഷാന്തിശ്ചേൽകവചേനകിം?കിമരിഭിഃ
ക്രോധോസ്തിചേദേഹിനാം?
ജ്ഞാതിശ്ചേദനലേനകിം,?യദിസുഹൃ-
ദിവ്യൌഷധൈഃ;കിംഫലം?
കിംസൎപ്പൈൎയ്യദിദുൎജ്ജനാഃകിമുധനൈ-
ൎവ്വിദ്യാƒനവദ്യായദി,?
വ്രീളാചേൽകിമുഭൂഷണൈ?സ്സുകവിതാ
യദ്യസ്തിരാജ്യേനകിം?

അൎത്ഥം—മനുഷ്യൎക്ക ക്ഷമ ഭവിക്കുന്നെങ്കിൽ കവചംകൊണ്ടും, ക്രോധംഭവിക്കുന്നെങ്കിൽ ശത്രുക്കളെക്കൊണ്ടും, സ്വജനം ഭവിക്കുന്നെങ്കിൽ അഗ്നിയെക്കൊണ്ടും, ബന്ധുക്കൾ ഭവിക്കുന്നെങ്കിൽ ദിവ്യൌഷധങ്ങളെക്കൊണ്ടും, ദുൎജ്ജനങ്ങളുണ്ടെങ്കിൽ സൎപ്പങ്ങളെക്കൊണ്ടും,ദോഷമില്ലാത്ത വിദ്യയുണ്ടെങ്കിൽ ധനങ്ങളെക്കൊണ്ടും ലജ്ജയുണ്ടെങ്കിൽസ്ത്രീകൾക്ക ഭൂഷണങ്ങളെക്കൊണ്ടും സുകവിതയുണ്ടെങ്കിൽ രാജ്യംകൊണ്ടും എന്താണ്ഫലം?

൧൦൨. ദാക്ഷിണ്യംസ്വജനെ, ദയാപരജനെ,
ശാഠ്യംതഥാദുൎജ്ജനേ,
പ്രീതിസാധുജനേ, നയോനൃപജനേ,
വിദ്വജ്ജനേഷ്വാൎജ്ജവം,
ശൌൎയ്യംശത്രുജനേ, ക്ഷമാഗുരുജനെ,
കാന്താജനേധൃഷ്ടതാ?
യേചൈവംപുരുഷാഃ,കലൌസുകുശലാ-
സ്തേഷ്വേവലോകസ്ഥിതിഃ.

അൎത്ഥം—സ്വജനത്തിങ്കൽ ദാക്ഷിണ്യവും, ഭൃത്യന്മാരിൽ ദയയും, ദുഷ്ടന്മാരിൽ ശാഠ്യവും, സാധുജനങ്ങളിൽ പ്രീതിയും, രാജാവിൽ നയവും, വിദ്വജ്ജനങ്ങളിൽ നേർബുദ്ധിയും, ശത്രുജനത്തിങ്കൽ ശൌൎയ്യവും, ഗുരുജനത്തിങ്കൽ ക്ഷമാശീലവും, ഭാൎയ്യയിങ്കൽ വഴങ്ങാത്ത സ്വഭാവവും, ഏതു പുരുഷന്മാൎക്ക് ഇപ്രകാരം ഭവിക്കുന്നുവോ കലിയിങ്കൽഅവർ സമൎത്ഥന്മാരായിട്ടു ഭവിക്കുന്നു. അവരിലാണ് ലോകത്തിന്റെ സ്ഥിതിഭവിക്കുന്നതു്.

൧൩൭. ആയുർവ്വഷശതംനൃണാംപരിമിതം
രാത്രൌതദർദ്ധംഗതം
തസ്യാർദ്ധസ്യപരസ്യചാർദ്ധമപരം
ബാലത്വവൃദ്ധത്വയോഃ
ശേഷംവ്യാധിവിയോഗദുഃഖസഹിതം
സേവാദിഭിർന്നീയതെ
ജീവേ,വാരിതരംഗചഞ്ചലതരേ
സൌഖ്യംകുതഃപ്രാണിനാം?

അൎത്ഥം—മനുഷ്യൎക്കു് ആയുസ്സു നൂറുവർഷം നിശ്ചയിച്ചിരിക്കുന്നു. അതിൽ പകുതിരാത്രികൊണ്ടുകഴിഞ്ഞുപോകുന്നു.പിന്നെയുള്ള പകുതിയുടെആദ്യത്തെ പകുതിയുടെ പൂർവാർദ്ധവും, ഒടുവിലെപകുതിയുടെ ഒടുവിലെ പകുതിയും ബാലത്വമായിട്ടും വൃദ്ധത്വമായിട്ടുംപോകുന്നു.ശേഷംകാലം രോഗങ്ങളെകൊണ്ടും, ഭാൎയ്യ, പുത്രന്മാർ, സ്നേഹിതന്മാർ മുതലായവരുടെ വിയോഗത്താലുള്ള ദുഃഖംകൊണ്ടും അന്യന്മാരുടെ സേവകൊണ്ടും കഴിച്ചുകൂട്ടുന്നു. ജീവൻ വെള്ളത്തിലെ തിരപോലെ അസ്ഥിരമായിരിക്കുമ്പോൾ ജീവികൾക്കു് എവിടെയാണു് സൌഖ്യം?

൧൩൮. ക്ഷണംബാലൊഭൂത്വാ,ക്ഷണമപി
യുവാകാമരസിക:
ക്ഷണംവിത്തൈർഹീനഃക്ഷണമപി-
ചസമ്പൂൎണ്ണവിഭവ:
ജരാജീർണ്ണൈരംഗൈൎന്നടഇ-
വവലീമണ്ഡിതനു-
ർന്നരസംസാരാന്തേവിശതിയ-
മധാനീം യവനികാം.

അൎത്ഥം—മനുഷ്യൻ നാടകത്തിലെ നടൻ എന്നപോലെ അല്പസമയം ബാലനായിഭവിച്ചിട്ടും, അല്പസമയം കാമരസികനായിരിക്കുന്ന യുവാവായിട്ടും, അല്പസമയം ധനഹീനനായിട്ടും, അല്പസമയം സമ്പന്നനായിട്ടും, ഒടുവിൽ തൊലിഞൊറിഞ്ഞ അംഗങ്ങളോടുകൂടിയവനായി വാൎദ്ധക്യത്താൽ ജീൎണ്ണിച്ചദേഹത്തോടുകൂടിയവനായിട്ടും വേഷമെ

ട്ടത്തിട്ടു സംസാരാന്തത്തിൽ യമപുരമാകുന്ന കർട്ടൻെറ ഉള്ളിലേക്ക ക്ഷണം മറയുന്നു. (ഈ സംസാരം ഒരു നാടകരംഗംപോലെയാകുന്നു.)

൧൦൮. ഭോഗേരോഗഭയം, കുലേച്യുതിഭയം
വിത്തേനൃപാലാൽഭയം
മാനേദൈന്യഭയം, ബലേരിപുഭയം,
രൂപേജരായാഭയം,
ശാസ്ത്രേവാദഭയം, ഗുണേഖലഭയം,
കാലേകൃതാന്താൽഭയം,
സർവ്വംവസ്തുഭയാന്വിതം ഭുവിനൃണാം
വൈരാഗ്യമേവാഭയം.

അൎത്ഥം—സുഖാനുഭവത്തിൽ രോഗഭയവും, കുലത്തിൽ പതന(താഴ്ച)ഭയവും, ധനത്തിൽ രാജാവിനെക്കുറിച്ചു ഭയവും, മാനത്തിങ്കൽ ദാരിദ്ര്യഭയവും, ബലത്തിങ്കൽ ശത്രുഭയവും, സൌന്ദൎയ്യത്തിൽ വാൎദ്ധക്യഭയവും, ശാസ്ത്രത്തിൽ വാദഭയവും, ഗുണവികൽഭയഖലവും, ദേഹത്തിൽ കാലങ്കൽനിന്നുള്ള ഭയവും ഭവിക്കുന്നു. ഭൂമിയിൽ മനുഷ്യൎക്കു സർവവസ്തുക്കളും ഭയസംയുക്തമാകുന്നു. എന്നാൽ വൈരാഗ്യം മാത്രം ഭയത്തോടുകൂടാത്തതാകുന്നു.

൧൦൯. ആക്രാന്തം മരണേനജന്മ; ജരയാ-
ത്യുജ്ജ്വലംയൌവ്വനം,
സന്തോഷം ധനലിപ്സയാശമസുഖം
പ്രൌഢാംഗനാവിഭ്രമൈഃ
ലോകൈൎമ്മത്സരിഭിർഗ്ഗുണാ,വനഭുവോ
വ്യാളൈൎന്നൃപാദുർജ്ജനൈ-
രസ്ഥൈൎയ്യേണവിഭൂതയോപ്യപഹതാ,
ഗ്രസ്തന്നകിംകേനവാ?

അൎത്ഥം—ജന്മത്തെ മരണം ആക്രമിക്കുന്നു. അതിശോഭിതമായ യൌവ്വനത്തെ വാൎദ്ധക്യം ആക്രമിക്കുന്നു. സന്തോഷശീലത്തെ ധനാഗ്രഹം ആക്രമിക്കുന്നു. ശമമാകുന്ന സുഖത്തെ പ്രൌഢാംഗനാവിഭ്രമം ആ

ക്രമിക്കുന്നു. സൽഗുണങ്ങളെ മൽസരക്കാരായ ജനങ്ങൾ ആക്രമിക്കുന്നു. വനഭൂമിയെ സർപ്പങ്ങൾ ആക്രമിക്കുന്നു. രാജാക്കന്മാരെ ദുർജ്ജനങ്ങൾ ആക്രമിക്കുന്നു. ഐശ്വര്യത്തെ അസ്ഥിരത നശിപ്പിക്കുന്നു. ലോകത്തിൽ എന്തുവസ്തുവാണ് മറെറാന്നിനാൽ ഗ്രസിക്കാതെയുള്ളതു്?

൧൦൭. ആധിവ്യാധിശതൈർജ്ജനസ്യ വിവിധൈ-
രാരോഗ്യമുന്മൂല്യതേ,
ലക്ഷ്മീര്യത്രപതന്തിതത്രവിവൃത-
ദ്വാരാഇവവ്യാപദഃ,
ജാതംജാതമവശ്യമാശുവിവശം
മൃത്യുഃകരോത്യാത്മസാൽ,
തൽകിന്നാമനിരങ്കുശേനവിധിനാ-
യന്നിർമ്മിതംസുസ്ഥിരം?

അർത്ഥം—പലപ്രകാരത്തിലുള്ള ആധിവ്യാധിബഹുക്കളാൽ ആരോഗ്യം നശിക്കപ്പെടുന്നു. സമ്പത്തു യാതൊരിടത്തു സംഭവിക്കുന്നുവോ അവിടെ തുറന്നിരിക്കുന്ന വാതലിൽക്കൂടി ആപത്തുകൾ പുറകെവന്നുകയറുന്നു. ജാതമായി ജാതമായി പരവശമായിരിക്കുന്നതിനെ മൃത്യു തനിക്ക് അധീനമാക്കുന്നു. അതെന്താണ്? നിരങ്കുശനായിരിക്കുന്ന വിധിയാൽ യാതൊന്നു സുസ്ഥിരമായിട്ടു നിർമ്മിതമായി? (സകലതും സൃഷ്ടിച്ച ബ്രഹ്മാവു് നേർബുദ്ധിക്കാരനല്ലാ. അതുകൊണ്ടു് ഒന്നും സ്ഥിരമായിട്ടു സൃഷ്ടിച്ചില്ല എന്നു സാരം.)

൧൦൮. ഭോഗാ,മേഘവിതാനമദ്ധ്യവിലസൽ
സൌദാമിനീചഞ്ചലാ
ആയുർവ്വായുവിഘട്ടിതാഭ്രപടലീ-
ലീനാംബുവൽഭംഗുരാ
ലോലായൌവനലാലസാസ്തനുഭൃതാ-
മിത്യാകലയ്യദ്രുതം
യോഗേധൈര്യസമാധിസിദ്ധിസുലഭേ
ബുദ്ധിംവിദദ്ധ്വംബുധാഃ.

അർത്ഥം—സ്ത്രീസുഖം മുതലായിരിക്കുന്നവ, മേഘപ്പരപ്പിന്റെമദ്ധ്യേ ശോഭിക്കുന്ന മിന്നൽപോലെ അസ്ഥിരങ്ങളാണ്. ആയുസ്സ് കാററുതട്ടിയ

മേഘസമൂഹത്തിൽ ലയിച്ചിരിക്കുന്ന ജലമെന്നപോലെ നശിക്കുന്നതാണ്. ദേഹികളുടെ യൌവനശോഭകൾ ചഞ്ചലങ്ങളാകുന്നു. ഇ പ്രകാരം അറിഞ്ഞിട്ട്. അല്ലയൊ ബുധന്മാരെ! നിങ്ങൾ വേഗം ധൈര്യത്തിൻെറയും സമാധിയുടെയും സിദ്ധിയിങ്കൽ സുലഭമായിരിക്കുന്ന യോഗാഭ്യാസത്തിങ്കൽ മനസ്സുവച്ചാലും.

൧൦൫. ആയുഃകല്ലോലലോലം, കതിപയദിവസ
സ്ഥായിനീയൌവനശ്രീ,
രത്ഥാസങ്കല്പകല്പാ,ഘനസമയതടി-
ദ്വിഭ്രമാഭോഗപൂഗാ;
കണ്ഠാശ്ലേഷോപഗുഢംതദപിചനചിരം
യൽപ്രിയാഭിപ്രണീതം
ബ്രഹ്മണ്യാസക്തചിത്താ.ഭവതഭവഭയാം-
ഭോധിപാരംതരീതും.

അത്ഥം—ആയുസ്സു വെള്ളത്തിലെ ഓളംപോലെ അസ്ഥിരമാണ്. യൌവനഭംഗി അല്പദിവസംമാത്രം നിൽക്കുന്നതാണ്. ധനങ്ങൾ സങ്കല്പതുല്യങ്ങളാകുന്നു. ഭോഗസുഖസമൂഹങ്ങൾ മഴക്കാറുള്ളപ്പോൾ ഉള്ള മിന്നൽപോലെ മിന്നുന്നതാണ്. കണ്ഠത്തിങ്കലെ ആലിംഗനത്തിങ്കൽ മറയ്ക്കപ്പെട്ടിരിക്കുന്നതും പ്രിയമാരാൽ പ്രാപിതമായതുമായ അതു ചിരകാലം നില്ക്കയില്ല. നിങ്ങൾ ജനനമരണസമുദ്രത്തെ കടക്കാൻ ബ്രഹ്മത്തുങ്കൽ ആസക്തമനസ്സുകളായി ഭവിച്ചാലും.

൧൦൬. വ്യാഘ്രീവതിഷ്ഠതിജരാപരിതർജ്ജയന്തീ
രോഗാശ്ചശത്രവഇവപ്രഹരന്തിദേഹം
ആയുഃപരിസ്രവതിഭിന്നഘടാദിവാംഭോ
ലോകേസ്തഥാപ്യഹിതമാചരതീതിചിത്രം!

അത്ഥം—ജര പെൺപുലി എന്നപോലെ പരിഭവിച്ചുകൊണ്ടു സ്ഥിതിചെയ്യുന്നു. രോഗങ്ങളാകട്ടെ ശത്രുക്കൾ എന്നപോലെ ദേഹത്തെ പ്രഹരിക്കുന്നു. ആയുസ്സ് കിഴിഞ്ഞ കുടത്തിലെ വെള്ളംപോലെ ചോന്നുപോകുന്നു. ലോകം അപ്രകാരമെങ്കിലും അഹിതത്തെ ആചരിക്കുന്നു. ചിത്രം!

൧൧൧. ആദിത്യസ്യഗതാഗതൈരഹരഹ-
സ്സംക്ഷീയതെജീവിതം,
വ്യാപാരൈർബഹുകാൎയ്യഭാരഗുരുഭിഃ
കാലോനവിജ്ഞായതെ,
ദൃഷ്ട്വാജന്മജരാവിപത്തിമരണം
ത്രാസശ്ചനോല്പദ്യതെ,
പീത്വാമോഹമയീം പ്രമാദമദിരാ-
മുന്മത്തഭൂതംജഗൽ.

അൎത്ഥം—ആദിത്യന്റെ ഗതാഗതങ്ങളെകൊണ്ടു് (ഉദയാസ്തമയം)ദിവസം തോറും ആയുസ്സ്കുറയുന്നു. വളരെ കാൎയ്യഭാരങ്ങളുടെ ഗൌരവത്തോടുകൂടിയ വ്യാപാരങ്ങളെകൊണ്ടു് കാലവും അറിയപ്പെടുന്നില്ല. ജന്മജരാവിപത്തിമരണംകണ്ടിട്ടു ഭയമാകട്ടെ ഉണ്ടാകുന്നില്ല. ലോകം മോഹമയിയായിരിക്കുന്ന പ്രമാദമദിര (കള്ളു്) പാനംചെയ്തിട്ടു ഉന്മത്തഭൂതമാകുന്നു (വെളിവില്ലാതിരിക്കുന്നു)

൧൧൨. നധ്യാതംപദമീശ്വരസ്യവിധിവൽ
സംസാരവിച്ഛിത്തയേ
സ്വൎഗ്ഗദ്വാരകവാടപാടനപടു-
ൎദ്ധൎമ്മോപിനോഽപാൎജ്ജിതഃ,
നാരീപീനപയോധരോരുയുഗളീ
സ്വപ്നേപിനാഽലിംഗിതാ
മാതുഃകേവലമേവയൌവനവന-
ച്ഛേദേകുഠാരാവയം.

അൎത്ഥം—സംസാരത്തെ (ജനനമരണത്തെ) നശിപ്പിക്കുന്നതിനായി ഈശ്വരന്റെ പദം വിധിപോലെ ധ്യാനിച്ചില്ല. സൽഗതിക്കുള്ള വാതലിനെ തുറക്കുന്നതിനുയോഗ്യമായിരിക്കുന്ന പുണ്യവും സമ്പാദിച്ചില്ല. പീനപയോധരങ്ങളും ഊരുക്കളും ഉള്ള സുന്ദരിയായ സ്ത്രീയെ സ്വപ്നത്തിൽപോലും ആലിംഗനംചെയ്തു് ആവകസുഖവും അനുഭവിച്ചില്ല. നാം ജനനംകൊണ്ടു മാതാവിന്റെ യൌവനത്തെ നശി

ഷ്പിക്കുന്നതിനുണ്ടായ ഒരു കോടാലി എന്നല്ലാതെ ജനിച്ചതിൻെറ ഫലം ഉണ്ടാക്കിയില്ല.

൧൧൩. നാധ്യസ്താപ്രതിവാദവൃന്ദശമനീ
വിദ്യാവിനീതോചിതാ
ഖഡ്ഗാഗ്രൈഃകരികുംഭപീഠദലനൈ-
ൎന്നാകംന.നീതോയശ:
കാന്താകോമളപല്ലവാധരരസ:
പീതോനചന്ദ്രോദയെ,
താരുണ്യംഗതംമേവനിഷ്ഫലമഹോ!
ശൂന്യാലയെദീപവൽ.

അൎത്ഥം—പ്രതിവാദംചെയ്യുന്നവരെ തോല്പിക്കുന്നതും വിനയികൾക്കു ഉചിതമായിരിക്കുന്നതുമായ ആ വിദ്യ എന്നാൽ അഭ്യസിക്കപ്പെട്ടില്ല. ആനയുടെ മസ്തകങ്ങളെ പിളക്കുന്ന വാളിൻെറ അഗ്രങ്ങളെക്കൊണ്ട് ഉണ്ടാകുന്ന കീൎത്തി സ്വൎഗ്ഗത്തോളം പരത്തിയില്ല. ചന്ദ്രോദയത്തിങ്കൽ (അപ്പോഴാണ് കാമം ഉദ്ദീപിപ്പിക്കുന്നതു്) ഭാൎയ്യയുടെ തളിർപോലെ കോമളമായിരിക്കുന്ന അധരത്തിൻെറ രസത്തെയും പാനം ചെയ്തില്ല. യൌവനം നിഷ്ഫലമായിട്ടുതന്നെ പൊയ്പ്പോഴിഞ്ഞു. കഷ്ടം! ആളുകളില്ലാത്ത വീട്ടിലെ ദീപംപോലെ. ആളില്ലാത്ത വീട്ടിലെ ദീപവെളിച്ചം ആൎക്കാണ് അനുഭവമാകുന്നതു്. എന്നപോലെ എൻെറ യൌവനം അക്കാലത്തു വേണ്ടുന്ന വിദ്യാഭ്യാസം, ആയുധപ്രയോഗത്താൽ യുദ്ധത്തിൽ യശസ്സുണ്ടാക്കുക, സ്ത്രീസുഖംഅനുഭവിക്കുക ഇവ മൂന്നുംക്രുടാതെ പാഴാക്കിക്കളഞ്ഞു. അക്കാലത്തു് ഈശ്വരഭജനം ചെയ്യാതിരുന്നതിനാൽ വാൎദ്ധക്യത്തിൽ അതും സാധിക്കാൻ പ്രയാസമാണ്. (അതു മുമ്പു പറഞ്ഞിട്ടുള്ളതാകുന്നു) വേണ്ടതൊന്നും ചെയ്യാതെ ജന്മം വ്യൎത്ഥമാക്കുന്നു എന്നുസാരം.

൧൧൪. ഹിംസാശൂന്യമയത്നലഭ്യമശനം
ധാത്രാമരുൽകൽപിതം
വ്യാളാനാം,പശവസ്തൃണാങ്കുരഭുജ-
സ്തുഷ്ടാസ്ഥലീശായിന:

സംസാരാൎണ്ണവലംഘനക്ഷമധിയാം
വൃത്തിഃകൃതാസാൎണാം
യാമന്വേഷയതാംപ്രയാന്തിസതതം
സൎവ്വെസമാപ്തിംഗുണാഃ.

അൎത്ഥം—സൃഷ്ടികൎത്താവിനാൽ സൎപ്പങ്ങൾക്കു ഹിംസയോടുകൂടാത്തതും പ്രയത്നംകൂടാതെ ലഭിക്കുന്നതുമായ കാററ് ഭക്ഷണമായി കല്പിതമായി. പശുക്കൾ പുല്ലു തിന്നുന്നവരും നിലത്തു ശയിക്കുന്നവരുമായി സൃഷ്ടിക്കപ്പെട്ടു. മനുഷ്യരെ ജനനമരണമാകുന്ന സംസാരത്തെ തരണംചെയ്യുന്നതിനു ശക്തിയും ബുദ്ധിയുംഉള്ളവരാക്കി സൃഷ്ടിച്ചിട്ട് ആ വക വൃത്തിയുംഉണ്ടാക്കി. ആ വൃത്തിയെ അന്വേഷിച്ചിയങ്ങുന്നവരുടെ ഗുണങ്ങൾ സർവവും സമാപ്തിയെ പ്രാപിക്കുന്നു. (മററുള്ള അനവധിജന്മങ്ങൾ എടുത്തുകഴിഞ്ഞിട്ട് ഒടുവിൽ ജനനമരണത്തെ അവസാനിപ്പിക്കുന്നതിനായിട്ടാണ് സൃഷ്ടികൎത്താവ് മനുഷ്യജന്മവും അവക്കു വിവേകജ്ഞാനവും മുക്തിക്കു വേണ്ടതായ വൃത്തിയും കല്പിച്ചിരിക്കുന്നതു്. എന്നാൽ മനുഷ്യർ പിന്നെയും അതിനെ മറന്നു സുഖത്തിനുവേണ്ടി മുൻജന്മങ്ങളിലെപോലെ പ്രവൃത്തിച്ചു മനുഷ്യജന്മംനിഷ്ഫലമാക്കികളഞ്ഞിട്ടു വീണ്ടും കീൾപ്പെട്ടുപതിക്കുന്നു.

൭൫. യാന്തിന്യായപ്രവൃത്തസ്യ
തിൎയ്യഞ്ചോപിസഹായതാം
അപന്ഥാനന്തുഗച്ഛന്തം
സോദരോപിവിമുഞ്ചതി.

അൎത്ഥം—ന്യായമാർഗ്ഗത്തിൽകൂടി പ്രവൃത്തിക്കുന്നവന്നു പക്ഷിമൃഗാദികൾകൂടി സഹായംചെയ്യുന്നു. അന്യായപ്രവൃത്തി ചെയ്യുന്നവനെ സോദരന്മാർകൂടി ഉപേക്ഷിക്കുന്നു.

൭൬. ദൈവതപമമരേശത്വം
തൽപൂജ്യത്വഞ്ചമാനവാഃ
പ്രയാതിവാഞ്ചിതഞ്ചാന്യം
ദൃഢംതേവ്യവസായിനഃ

അൎത്ഥം—സ്ഥിരമായ പ്രയത്നംചെയ്യുന്ന ആ മനുഷ്യർ ഈശ്വരത്വമൊ ഇന്ദ്രത്വമൊ ഇന്ദ്രനാലും പൂജിക്കപ്പെടേണ്ടതായ അവസ്ഥയേയോ പ്രാപിക്കുന്നു. മററുള്ള ആശയും സാധിക്കുന്നു.

൧൧. ചണ്ഡാലഃകിമയം?,ദ്വിജാതിരഥവാ?
ശൂദ്രോഥവാഃതാപസാഃ?
കിംവാതത്വനിവേശപേശലമതി-
യോഗീശ്വര:കോഽപിവാ
ഇത്യുല്പന്നവികല്പജല്പമുഖരൈ-
സ്സംഭാഷ്യമാണാജനൈ
ന്ന:ക്രുദ്ധാ:പഥികൈസ്സുതുഷ്ടമനസോ
യാന്തിസ്വയംയോഗിന:

അൎത്ഥം—ഇവൻ ആരു്? ചണ്ഡാലനാണൊ അതോ ബ്രാഹ്മണനാണോ? അഥവാ ശൂദ്രനാണൊ? തപസ്വിയാണൊ? കള്ളസന്യാസിയാണോ? അഥവാ പരമാൎത്ഥജ്ഞാനംലഭിച്ചു മനോഹരബുദ്ധിയോടുകൂടിയിരിക്കുന്ന ഒരു യോഗിശ്വരനായിരിക്കുമോ? എന്നിങ്ങനെ സംശയബുദ്ധികളായിട്ടു്, ഉച്ചത്തിൽ വിളിക്കുന്ന പഥികജനങ്ങളാൽ പറകപ്പെടുകയും ചോദിക്കപ്പെടുകയും (പരിഹസിക്കപ്പെടുകയും) ചെയ്യുമ്പോൾ കോപിക്കാതേയും, ഏററവുംസന്തുഷ്ടമനസുകളായിട്ടും യോഗികൾ (യഥാൎത്ഥയോഗികൾ) സ്വയം യാനംചെയ്യുന്നു. (കപടയോഗിവേഷക്കാർ വേഗത്തിൽ കോപിച്ചു കലഹമുണ്ടാക്കുന്നു. അവൎക്കു ശാന്തി ഏതുവിധം ഉണ്ടാകും?)

൧൨. മാനേല്ലായിനി,ഖണ്ഡിതേചവസൂനി,-
വ്യൎത്ഥേപ്രയാതേഽൎത്ഥിനി,
ക്ഷീണേ ബന്ധുജനേ,ഗതേപരിജനേ,
നഷ്ടേശനൈൎയ്യൌവ്വനേ,
യുക്തംകേവലമേതദേവസുധിയാം
ജഹ്നൊസ്സുതായാഃപയഃ
പൂരേവാഥഗിരീന്ദ്രമന്ദരതടീ-
കുഞ്ജേനിവാസഃക്വചിൽ.

അൎത്ഥം—മാനം വാട്ടംഭവിച്ചും, ധനം നഷ്ടമാകയോ പകുത്തുപോകയോ ചെയ്തും, ഇരക്കാൻവരുന്ന ജനം വെറുതെ ഇറങ്ങിപ്പോകേണ്ടതായി വരികയും, ബന്ധുക്കളും സ്നേഹിതന്മാരും കുറഞ്ഞുവരികയും, ഭൃത്യന്മാരും കൂട്ടുകാരും ഉപേക്ഷിച്ചിട്ടുപൊയ്ക്കൊളുകയും, യൌവനം മന്ദം മന്ദം നഷ്ടമായിക്കൊണ്ടിരിക്കയുംചെയ്യുന്ന സമയത്തിങ്കൽ ബുദ്ധിമാന്മാൎക്ക ഗംഗാതീരത്തിങ്കലൊ മന്ദരം മുതലായ പൎവതസമീപത്തിങ്കലെ വള്ളിക്കുടിലിലൊ ഒരിടത്തു വാസം യുക്തംതന്നെയാകുന്നു.

൧൧൯. അശപാത്രുദ്ധംയതിംദൃഷ്ട്വാ
ഖട്ടാത്രൂഢാം രജസ്വലാം
സകേശം വിധവാംദൃഷ്ട്വാ
സചേലം സ്നാനമാചരേൽ.

അൎത്ഥം—അശപാത്രുഢനായ സന്യാസിയേയും, കട്ടിലിൽ ശയിക്കുന്ന രജസ്വലാസ്ത്രീയേയും (ഋതുവായവളേയും) ഭൎത്താവു മരിച്ചതിൻെറശേഷം തലമുടി വളൎത്തുന്ന സ്ത്രീയേയുംകണ്ടാൽ ഉടുത്ത വസ്ത്രത്തോടുകൂടി കുളിക്കണം. ഇവ മൂന്നും അത്ര നിഷിദ്ധമെന്നസാരം.

൧൨൦. യൌവ്വനം ധനസമ്പത്തി പ്രഭുത്വമവിവേകിതാ
ഏകൈകമപ്യനൎത്ഥായ കിമുയത്ര ചതുഷ്ടയം.

അൎത്ഥം—യൌവ്വനവും, ധനപുഷ്ടിയും, പ്രഭുത്വവും, അവിവേകവും ഇവയിൽ ഒന്നുമാത്രമായാൽതന്നെ അനൎത്ഥത്തിനു കാരണമായിരിക്കുമ്പോൾ ഇവ നാലുമുണ്ടായാൽ പിന്നെ എന്തു്?

൧൨൧. അധീതിചതുരോവേദാൻ
ധൎമ്മശാസ്ത്രാണ്യശേഷതഃ
പരന്തത്വം നജാനാതി
ദവീപാകരസംയഥാ.

അൎത്ഥം—നാലുവേദങ്ങളേയും സകലശാസ്ത്രങ്ങളേയും വായിച്ചാലും പരമാൎത്ഥജ്ഞാനമുണ്ടാകുന്നില്ല. പാകംചെയ്യുന്ന സാധനങ്ങളുടെ സ്വാദു ചട്ടുകം അറിയുന്നില്ല എന്നപോലെ.

൧൨൨. അയുക്തം സ്വാമിനോയുക്തം
യുക്തം നീചസ്യദൂഷണം

അമൃതം രാഹുവേർമൃത്യു
വിഷം ശങ്കരഭൂഷണം.

അൎത്ഥം—ശ്രേഷ്ഠപുരുഷന്മാൎക്ക് അയുക്തമായിട്ടുള്ളതും യുക്തമായിതീരും. നീചജനത്തിന്ന യുക്തമായിട്ടുള്ളതും ദൂഷണമായിതീരുന്നു. ഉദാഹരണം അമൃതം രാഹുവിന്ന മരണത്തിന്ന കാരണമായി. വിഷം ശിവന്ന ഭൂഷണവുമായി.

൧൨൩. ദൂരസ്ഥ! പൎവ്വതോരമ്യ വേശ്യായാമുഖമണ്ഡനം
യുദ്ധസ്യവാൎത്താരമ്യാച ത്രീണിരമ്യാണിദൂരതഃ.

അൎത്ഥം—പൎവ്വതത്തെ ദൂരെനിന്നുകണ്ടാൽമനോഹരമായിരിക്കും. വേശ്യയുടെ മുഖാലങ്കാരങ്ങളും ദൂരെനിന്നുകണ്ടാൽ മനോഹരങ്ങളാകുന്നു. ദൂരെദിക്കിൽ നടക്കുന്ന യുദ്ധത്തെപ്പററി കേൾക്കുന്നതും സന്തോഷകരമാകുന്നു. ഇവ മൂന്നും സമീപിക്കുംതോറും വിപരീതഫലമുണ്ടാകുന്നു.

൧൨൪. രാജാരാഷ്ട്രകൃതംപാപം
രാജ്ഞഃപാപം പുരോഹിതഃ
ഭൎത്താചസ്ത്രീകൃതംപാപം
ശിഷ്യപാപം ഗുരുസ്തഥാ.

അൎത്ഥം—രാജ്യത്തിലുണ്ടാകുന്ന ദുഷ്കൃത്യങ്ങളുടെ പാപത്തിന്ന രാജാവും, രാജാവു ചെയ്യുന്ന പാപത്തിന്ന പുരോഹിതനും, സ്ത്രീ ചെയ്യുന്ന പാപത്തിന്ന ഭൎത്താവും, ശിഷ്യൻ ചെയ്യുന്ന പാപത്തിന്ന ഗുരുവും ഉത്തരവാദികളായിതീരുന്നു.

൧൨൫. ബ്രഹ്മസ്ഥാനെകൃതംപാപം
വിഷ്ണുസ്ഥാനെ വിമുച്യതെ
വിഷ്ണുസ്ഥാനെകൃതംപാപം
ശിവസ്ഥാനെ വിമുച്യതെ
ശിവസ്ഥാനെകൃതംപാപം
ഗുരുസ്ഥാനെ വിമുച്യതെ

ഗുരുസ്ഥാനെകൃതംപാപം
വജ്രലേഖോഭവിഷ്യതി.

അൎത്ഥം—ബ്രഹ്മാവിങ്കൽചെയ്ത തെററിന്റെപാപം വിഷ്ണുവിനാൽ നീക്കിക്കളയാം. വിഷ്ണുവിങ്കൽചെയ്ത തെററിന്റെപാപം ശിവങ്കൽ ചെന്നു പരിഹരിക്കാം. ശിവങ്കൽചെയ്ത തെററിന്റെപാപം ഗുരുവിങ്കൽ പരിഹരിക്കപ്പെടാം. ഗുരുവിങ്കൽ ചെയ്ത തെററിന്റെ പാപത്തിന്ന് ഒരു പരിഹാരവുമില്ല.

൧൨൩. നദേവായഃ നധൎമ്മായ:
സബന്ധുഭ്യോനചാൎത്ഥിനെ
ദുൎജ്ജനേനാൎജ്ജിതംവിത്തം
ഭുജ്യന്തെ രാജതസ്കരെ.

അൎത്ഥം—ദുൎജ്ജനത്താൽ സമ്പാദിക്കപ്പെട്ടധനം ദേവന്നായിക്കൊണ്ടുംബന്ധുക്കൾക്കായിട്ടും യാചകന്നായിട്ടും ഭവിക്കുന്നില്ല. അതു രാജാക്കന്മാരാലും കള്ളന്മാരാലും അനുഭവിക്കപ്പെടുന്നു.

൧൨൪. സന്മിത്രം സധനം സ്വയോഷിതിരതി-
ശ്ചാജ്ഞാപരാസ്സേവകാ:
സാനന്ദം സദനം സുതാശ്ചസുധിയഃ
കാന്താമനോഹാരിണി
ആതിത്ഥ്യം ശിവപൂജനം പ്രതിദിനം
മൃഷ്ടാന്നപാനം ഗൃഹേ
സാധോസംഗമുപാസതേഹിസതതം
ധന്യോഗൃഹസ്ഥാശ്രമീ.

അൎത്ഥം—സജ്ജനങ്ങളായ ബന്ധുക്കൾ, ന്യായമായി സമ്പാദിച്ച ധനം സ്വഭാൎയ്യയിൽ പ്രേമം, വരുതിയെ അനുസരിക്കുന്ന ഭൃത്യന്മാർ, സന്തോഷപ്രദമായ ഗൃഹം, അറിവുള്ളവരായ പുത്രന്മാർ, മനോഹരിയായ ഭാൎയ്യ, ഗൃഹത്തിൽ അതിഥിസല്ക്കാരം, ദേവപൂജ ഇവ മുടങ്ങാതെ നടക്കുക, തൃപ്തികരങ്ങളായ ഭക്ഷണപാനീയങ്ങൾ, സജ്ജനസഹവാസം ഇതുകളെ ധന്യനായിരിക്കുന്ന ഗൃഹസ്ഥാശ്രമി എപ്പോഴും ഭജിക്കുന്നു.

൧൨൮. ത്യജേദേകം കലസ്യാർത്ഥേ
ഗ്രാമാർത്ഥേ കുലംത്യജേത്
ഗ്രാമംജനപദസ്യാർത്ഥേ
ആത്മാർത്ഥേപ്രഥവീംത്യജേത്.

അത്ഥം—വംശത്തിനുവേണ്ടി ദേഹത്തെ ത്യജിക്കാം. ഒരു ഗ്രാമത്തിനുവേണ്ടി കുലത്തെ ത്യജിക്കാം. ഒരു രാജ്യത്തിലുള്ള ജനങ്ങൾക്കുവേണ്ടി ഒരു ഗ്രാമത്തെ ത്യജിക്കാം. ആത്മലാഭത്തിനായിക്കൊണ്ടു രാജ്യത്തെയും ഉപേക്ഷിക്കാം.

൧൨൯. ഗുണൈരുത്തുംഗതാംയാതി
നോച്ചൈരാസനസംസ്ഥിതഃ
പ്രാസാദശിഖരസ്ഥോപി
കാകകിംഗരുഡായതേ.

അത്ഥം—ഗുണങ്ങളെക്കൊണ്ടു് ഉത്തമപദവിയെ പ്രാപിക്കുന്നു. ഉയന്ന സ്ഥാനത്തു കയറിയിരുന്നാൽ ഔന്നത്യംകിട്ടുന്നില്ല. കാക്ക ക്ഷേത്രമാളികമുകളിൽ കയറിയിരുന്നാൽ ഗരുഡനായി ഭവിക്കുന്നില്ല.

൧൩൦. ദുർജ്ജനപരിവാദേന നവിനാതുഷ്ടിന്നജായതെ
കാകഃസ്സർവരസാൽഭുക്ത്വാപിവിനാമേദ്ധ്യംനമോദതേ

അത്ഥം—ദുഷ്ടന്മാക്കു് ആക്ഷേപവാക്കോടുകൂടാതെ തുഷ്ടിവരുന്നില്ല. സകലരസങ്ങളും ഭക്ഷിച്ചാലും അമേദ്ധ്യംകൂടാതെ കാക്കയ്ക്കു തുഷ്ടി വരികയില്ല.

൧൩൧.കൃപണേനസമോദാതാ നഭൂതോനഭവിഷ്യതി
അസ്പൃശന്നേവവിത്താനിയഃപരേഭ്യഃപ്രയച്ഛതി

അത്ഥം—ദുഷ്ടനോടു സമനായിട്ടു് ഒരു ദാനശീലൻ ഉണ്ടായിട്ടില്ല. ഉണ്ടാകയുമില്ല. എന്തെന്നാൽ ധനമുണ്ടാക്കി അതിനെ തൊടാതെവച്ചിരുന്നു് അന്യന്മാക്കു് അനുഭവത്തിനാക്കിതീക്കുന്നു.

൧൩൨. തദേവലഗ്നംസുദിനംതദേവ
താരാബലം ചന്ദ്രബലംതദേവ
വിദ്യാബലം ദൈവബലംതദേവ
ലക്ഷ്മീപതേരംഘ്രിയുഗംസ്മരാമി.

അൎത്ഥം—ശ്രീനാരായണന്റെ പാദയുഗത്തെ ഞാൻ നമസ്കരിക്കുന്നു. അതു് ലഗ്നവും സുദിനവും. അതു നക്ഷത്രബലവും ചന്ദ്രബലവും വിദ്യാബലവും ദൈവബലവും ആകുന്നു. സകലഗുണങ്ങൾക്കുംഹേതു അതുതന്നെയാകുന്നു.

൧൩൨. രോഗസ്യോപക്രമേസാന്ത്വം
മദ്ധ്യേകിഞ്ചിദ്ധനവ്യയഃ
ശമനെരനാദരസ്ശാന്തൌ
സ്നാതോവൈദ്യംനപശ്യതി.

അൎത്ഥം—രോഗാരംഭത്തിങ്കൽ വൈദ്യനോടു സാന്ത്വനവാക്കും, പിന്നിട്ടു് അല്പംധനദാനവുംചെയ്യുന്നു. ശമനം തുടങ്ങുമ്പോൾ അല്പാല്പം അനാദരവും തുടങ്ങുന്നു. രോഗി കുളിച്ചാൽ വൈദ്യനെ നോക്കുന്നില്ല.

൧൩൩. അന്യായോപാൎജ്ജിതംദ്രവ്യം
ദശവൎഷാണിതിഷ്ഠതി
പ്രാപ്തേത്വൈകാദശേവൎഷേ
സമൂലഞ്ചവിനശ്യതി.

അൎത്ഥം—അന്യായമായി സമ്പാദിച്ചധനം പത്തുവൽസരക്കാലം നില്ക്കുന്നു. പതിനൊന്നാമത്തെ വൽസരം വരുമ്പോൾ അതു സമൂലം നശിക്കുന്നു.

൧൩൪. പിപിലികാൎജ്ജിതംധാന്യം
മക്ഷികാസഞ്ചിതംമധു
ലുബ്ദ്ധധനസഞ്ചിതംദ്രവ്യം
സമൂലഞ്ചവിനശ്യതി.

അൎത്ഥം—എറുമ്പു തേടിവച്ച ധാന്യവും ഈച്ച കൂട്ടിവച്ചതേനും ലുബ്ധൻ തേടിവച്ച ധനവും മുഴുവൻ നശിച്ചുപോകുന്നു.

൧൩൫. സുഖമദ്ധ്യേസ്ഥിതംദുഃഖം
ദുഃഖമദ്ധ്യേസ്ഥിതംസുഖം
ദുഃഖമന്യോന്യസംയുക്തം
പ്രോച്യതെജലപങ്കവത്.

അർത്ഥം—സുഖമദ്ധ്യത്തിൽ ദുഃഖവും ദു:ഖമദ്ധ്യത്തിൽ സുഖവും ഉണ്ടാകുന്നതാണ്. സുഖദുഃഖങ്ങൾ പരസ്പരം സംയുക്തങ്ങളാകുന്നു. ഇവ വെള്ളവും ചേറും (ചെളി)ചേർന്നിരിക്കുന്നതുപോലെയാകുന്നു.

൧൩൧. സുഖസ്യാനന്തരംദുഃഖം ദുഃഖസ്യാനന്തരംസുഖം
ന.നിത്യംലഭതേദുഃഖം ന.നിത്യംലഭതേസുഖം.

അർത്ഥം--സുഖം കഴിഞ്ഞാൽ ദുഃഖവും പിന്നീടു സുഖവും ഇടകലൎന്നു നിൽക്കും. സുഖവും ദുഃഖവും ഒരുവന്നു സ്ഥായിയായി നിൽക്കുന്നില്ല.

൧൩൨. ആയുർവ്വിത്തം ഗൃഹച്ഛിദ്രം
രഹസ്യംമന്ത്രമൌഷധം
തപോദാനാപമാനൌച
നവഗോപ്യാനികാരയേത്.

അൎത്ഥം—വയസ്സ്, ധനം, ഗൃഹച്ഛിദ്രം, രഹസ്യം, മന്ത്രം, ഔഷധം, തപസ്സ്, ദാനം, മാനം ഇവ ഒമ്പതും ഗോപ്യമായിരിക്കേണ്ടതാകുന്നു.

൧൩൩. ദേഹാവസാനസമയേചിത്തേ.യദ്യദ്വിഭാവയേത്
തത്തദേവഭവേജന്മ ഇത്യേവംജന്മകാരണം.

അൎത്ഥം—മരണാവസരത്തിൽ യാതൊന്നിനെ യാതൊന്നിനെ മനസാ ചിന്തിക്കുന്നുവോ അതാതിന്റെ ജന്മം പിന്നീടു ഭവിക്കുന്നു. ഇപ്രകാരമാണ് ജന്മത്തിനുള്ള ഹേതു.

൧൪൦. രക്ഷാർത്ഥംമംഗളാർത്ഥംച
പവിത്രാർത്ഥഞ്ചഭാമിനി
ലാഞ്ചനാൎത്ഥഞ്ചഭക്താനാം
ഭസ്മദത്തംമയാപുരാ.

അൎത്ഥം—അല്ലയോ ഭാമിനി! രക്ഷയ്ക്കായിട്ടും, മംഗലത്തിനായിട്ടും, ശുദ്ധിക്കായിട്ടും (ശിവഭക്തൻ എന്ന) അടയാളത്തിനായിട്ടും ഭക്തന്മാൎക്കു ഭസ്മം ആദ്യകാലത്തു് എന്നാൽ ദത്തമായി.

൧൪൧. പ്രശ്നവാദിഗുരുർമൌനി-
സ്സഏകസ്തഭമൂലഗഃ

പ്രേഷകപ്രേഷകോബാണ
സപ്തൈതേസചിപാധമഃ.

അൎത്ഥം—ഭൃത്യനോട്ട് ഒരുകാൎയ്യം ആജ്ഞാപിച്ചാൽ മടിനിമിത്തം ആ കാൎയ്യത്തിൻെറ ദൂഷ്യംപറഞ്ഞു വിരമിപ്പിക്ക. ൨. ഇങ്ങോട്ടു ഉപദേശം നൽകിവിരമിപ്പിക്ക. ൩. ഉത്തരം ഒന്നും പറയാതിരിക്കുക. ൪. ഒരു കുലുക്കവുമില്ലാതെ ഇരുന്നിടത്തുനിന്നും മാറാതിരിക്കുകയും എന്നാൽ വരുതിയെ വാക്കുകൊണ്ടു് അനുസരിച്ചതായി നടിക്കുകയുംചെയ്ക. ൫. ഒരു ഭൃത്യൻ മറെറാരുവനെയും ൬. അവൻ മറെറാരുവനേയും ഇങ്ങനെ ഓരോരുത്തരെ കാൎയ്യം ഭരമേല്പിക്കുക. ൭. ആജ്ഞകേട്ട ഉടൻതന്നെ പൂൎണ്ണനിയോഗങ്ങൾ അറിയാതെ ഇറങ്ങിഓടുക. ഇങ്ങനെ ഏഴുവിധത്തിൽആകുന്നു. അധമന്മാരായ ഭൃത്യന്മാർ. അവരെ സ്വാമികൾ ഉപേക്ഷിക്കണമെന്നുസാരം.

൧൪൨. ന കശ്ചിൽകസ്യചിന്മിത്രം
ന.കശ്ചിൽകസ്യചിദ്രിപുഃ
കാരണാദേവജായന്തെ
മിത്രാണിരിപവസ്തഥാ.

അൎത്ഥം—ഒരുവനു് ഒരുവൻ ബന്ധുവല്ലാ. ഒരുവനു് ഒരുവൻ ശത്രുവുംഅല്ലാ. ശത്രുമിത്രത്വങ്ങൾ കാരണംകൊണ്ടു് ഉണ്ടാകുന്നു.

൧൪൩. ദദാതിപ്രതിഗൃഹ്ണാതി,
ഗുഹ്യമാഖ്യതി,പൃച്ഛതി
ഭുംക്തേ,ഭോജയതേചൈവ
ഷഡ്വിധംബന്ധുലക്ഷണം.

അൎത്ഥം—കൊടുക്കുന്നു, വാങ്ങിക്കുന്നു, രഹസ്യകാൎയ്യം പറയുന്നു, ചോദിക്കുന്നു, ഭുജിക്കുന്നു, ഭുജിപ്പിക്കുന്നു. ഇവ ആറും ബന്ധുലക്ഷണങ്ങളാകുന്നു.

൧൪൪. ലോഭാൽക്രോധഃപ്രഭവതി
ക്രോധാദ്രോഹപ്രവൃത്തതേ
ദ്രോഹേണ നരകം യാന്തി,
ശാസ്ത്രജ്ഞോപിവിചക്ഷണഃ.

അൎത്ഥം—വിചക്ഷണനായിരിക്കുന്ന ശാസ്ത്രജ്ഞനെങ്കിലും ലോഭംനിമിത്തം ക്രോധവും, ക്രോധംനിമിത്തം ദ്രോഹവും പ്രവൃത്തിക്കുന്നു. ദ്രോഹംനിമിത്തം നരകത്തേയും പ്രാപിക്കുന്നു.

൧൪൬. ഗുണവദ്വസ്തുസംസൎഗ്ഗാ
ദ്യാതിസ്വല്പോപിഗൌരവം
പുഷ്പമാല്യാനുഷംഗേണ
സൂത്രം ശിരസിധാൎയ്യതേ.

അൎത്ഥം—ഗുണമുള്ള വസ്തുവിനോടുള്ള സംസൎഗ്ഗംനിമിത്തം അല്പവസ്തുവിനും വലിപ്പംഭവിക്കുന്നു. പൂമാലയോടുള്ള സംസൎഗ്ഗംനിമിത്തം ചരടു മനുഷ്യരാൽ ധരിക്കപ്പെടുന്നു.

൧൪൭. ഹരിണാപിഹരേണാപി
ബ്രഹ്മണാപിസുരൈരപി
ലലാടലിഖിതാംരേഖാം
പരിമാഷ്ടുംനശക്യതേ.

അൎത്ഥം—ലലാടത്തിങ്കൽ എഴുതിയിരിക്കുന്ന രേഖയെ തുടച്ചുകളയുന്നതിനു വിഷ്ണുവിനാലും, ശിവനാലും, ബ്രഹ്മാവിനാലും, മററുദേവന്മാരാലും സാധിക്കുന്നില്ല.

൧൪൮. പ്രഥമദിവസചന്ദ്രഃ സൎവ്വലോകൈകവന്ദ്യഃ
സതുനകലകലാവാൻ പൂൎണ്ണചന്ദ്രോപ്യവന്ദ്യ:
അതിപരിചയദോഷാൽതൃപ്തിനോഹന്തിമാനാൻ
നഹിനഹിഗുണരാശേഃപ്രായശോരൂപഭേദഃ.

അൎത്ഥം—ഒന്നാംദിവസത്തെ ബാലചന്ദ്രൻ എല്ലാവരാലും വന്ദിക്കപ്പെടുന്നു. ആ ചന്ദ്രൻ കലകളോടുകൂടിയും പൂൎണ്ണനായും ഇരിക്കുമ്പോൾവന്ദിക്കപ്പെടുന്നില്ല. എത്ര വിദ്വാനായാലും അതിപരിചയംഹേതുവായിട്ടു ജനങ്ങളാൽ മാനിക്കപ്പെടാതെപോകുന്നു. ഗുണവാന്മാൎക്കു വേഷത്തിന്റെ കുറവു് ന്യൂനതയല്ല.

൧൪൯. മാതേവരക്ഷതി,പിതേവഹിതേനിയുംക്തേ,
കാന്തേവചാഭിരമയത്യപനീയഖേദം

കീത്തിംചദിക്ഷുവിമലാംവിതനോതി,ലക്ഷ്മീം
കിംകിം.ന.സാധയതികല്പലതേവവിദ്യാ.

അർത്ഥം—കല്പലതപോലെയിരിക്കുന്ന വിദ്യ എന്തിനെയാണ് സാധിപ്പിക്കാത്തതു്? മാതാവിനെപോലെ രക്ഷിക്കുന്നു. പിതാവിനെപ്പോലെ നല്ല വിഷയത്തിലേക്കു നിയോഗിക്കുന്നു. ഭാൎയ്യ എന്നപോലെ ദുഃഖത്തെ നീക്കി സന്തോഷിപ്പിക്കുന്നു. എല്ലായിടത്തും സൽകീത്തിയെ ഉണ്ടാക്കുന്നു. ഐശ്വൎയ്യത്തേയും ഉണ്ടാക്കുന്നു.

൫൯. ധൎമ്മാർത്ഥകാമമോക്ഷാണാം
യസ്യൈകോപിനവിദ്യതേ
അജാഗളസ്തനസ്യേവ
തസ്യജന്മനിരർത്ഥകം.

അർത്ഥം—യാതൊരുത്തൻ ധൎമ്മാർത്ഥകാമമോക്ഷങ്ങളുടെ ഏകമെങ്കിലും അറിയപ്പെടുന്നില്ലെങ്കിൽ അവൻെറ ജന്മം പെണ്ണാടിൻെറ കഴുത്തിലെ പാഴ്മുലപോലെ അർത്ഥമില്ലാത്തതായിത്തീരുന്നു.

൬൦. സജാതോയേനജാതേന യാതിവംശഃസമുന്നതിം
പരിവത്തിനിസംസാരെ മൃതഃകോവാനജായതേ?

അർത്ഥം—പരിവത്തനംചെയ്തുകൊണ്ടിരിക്കുന്ന സംസാരചക്രത്തിൽ മരിച്ച ഏതൊരുത്തനാണ് ജനിക്കാത്തതു്, എന്നാൽ ജനിച്ച ഏതൊരുത്തനാൽ തൻെറ വംശം ഉന്നതിയെപ്രാപിക്കുന്നുവോ അവനാണ് ജനിച്ചവൻ. അവൻെറ ജനനമാണ് ജനനം.

൬൧. ദുർജ്ജനേനസമംസഖ്യം
പ്രീതിഞ്ചാപിനകാരയേൽ
ഉഷ്ണോദഹതിചാംഗാരഃ
ശീതഃകൃഷ്ണായതേകരം.

അർത്ഥം—ദുർജ്ജനത്തോടു് സഹവാസവും സ്നേഹവും അരുതു്. തീക്കൊള്ളി കരത്തെ പൊള്ളിക്കും. തീ കെട്ടതെങ്കിൽ കരത്തെ കറപ്പിക്കും. (വലിയവനായ ദുഷ്ടൻ ഉപദ്രവിക്കും. എളിയവനെങ്കിൽ അപമാനംവരുത്തും എന്നുസാരം.)

൧൭൨. ഉപദേശോഹിമൂൎഖാണാം
പ്രകോപായ-ന-ശാന്തയെ
പയഃപാനംഭുജംഗാനാം
കേവലം വിഷവൎദ്ധനം.

അൎത്ഥം—മൂഢന്മാൎക്കചെയ്യുന്ന ഉപദേശം ശാന്തതയെ ഉണ്ടാക്കുന്നില്ല. കോപത്തെ ഉണ്ടാക്കുകയുംചെയ്യുന്നു. പാമ്പുകൾ പാൽ കുടിച്ചാൽ വിഷം വൎദ്ധിക്കും.

൧൭൩. ദുൎജ്ജനം പ്രഥമം പൂജ്യം
പുനഃ പൂജ്യസ്തുസജ്ജനം
ഗുദപ്രക്ഷാളനംപൂൎവം
പുനഃപ്രക്ഷാള്യതേമുഖം.

അൎത്ഥം—ദുൎജ്ജനത്തെ ആദ്യം പൂജിക്കണം. പിന്നെ സജ്ജനത്തെ പൂജിക്കണം. ഗുദപ്രക്ഷാളനംചെയ്തിട്ടാണ് മുഖപ്രക്ഷാളനംചെയ്യുക = താഴെകാണുന്നവിധത്തിലും ഒരു പ്രയോഗവുംകാണുന്നു.

൧൭൪. ദുൎജ്ജനംപ്രഥമംവന്ദെസജ്ജനംതദനന്തരം
മുഖപ്രക്ഷാളനാൽപൂൎവം ഗുദപ്രക്ഷാളനംയഥാ.

൧൭൫. ശ്രോത്രംശ്രുതേനൈവനകുണ്ഡലേന
ദാനേനപാണിൎനതുകങ്കണേന
വിഭാതികായഃകരുണാകുലാനാം
പരോപകാരേണനചന്ദനേന.

അൎത്ഥം—ചെവി ശാസ്ത്രംകൊണ്ടു ശോഭിക്കുന്നു, കുണ്ഡലംകൊണ്ടല്ല. കയ്യ് മോതിരംകൊണ്ടല്ല ദാനംകൊണ്ടാണ് ശോഭിക്കുന്നതു്. കാരുണ്യമുള്ള മനുഷ്യരുടെ ദേഹം ചന്ദനം മുതലായ ലേപനത്താലല്ല ദാനംകൊണ്ടാണ് ശോഭിക്കുന്നതു്.

൧൭൬. ശീതേതീതേവസനമശനം
വാസരാന്തെ, നിശാന്തെ
ക്രീഡാരംഭം കുവലയദൃശാം;
യൌവനാന്തെവിവാഹം

സേതോർബന്ധം പയസിഗളിതേ
വാർദ്ധകേതീർത്ഥയാത്രാം
വിത്തേനഷ്ടേവിതരണമഹോ
കർത്തുമിച്ഛന്തിമൂഢാഃ.

അർത്ഥം—തണുപ്പു തീരുമ്പോൾ വസ്ത്രം എടുക്കുന്നതിനും, പകലിൻെറ അവസാനമാകുമ്പോൾ ഭക്ഷണം കഴിക്കുന്നതിനും, രാത്രി അവസാനിക്കുമ്പോൾ സ്ത്രീകളോടു കേളി നടത്തുന്നതിനും, യൌവനംതീരുമ്പോൾ വിവാഹം നടത്തുന്നതിനും, ജലം എല്ലാം ഒഴുകിപ്പോയിട്ടു ചിറകെട്ടുന്നതിനും, വാദ്ധക്യംവന്നിട്ടു തീർത്ഥയാത്ര നടത്തുന്നതിനും, ധനമെല്ലാം നഷ്ടമായിട്ടു ദാനം തുടങ്ങുന്നതിനും ഇച്ഛിക്കുന്നവർമൂഢന്മാരാകുന്നു.

൧൯൫. ഉൽകൃഷ്ടമദ്ധ്യമനികൃഷ്ടജനേഷുമൈത്രീ
യഥാച്ഛിലാസു,സികതാസു,ജലേഷുരേഖാ
വൈരംക്രമാദധമമദ്ധ്യമസജ്ജനാനാം
യഥാച്ഛിലാസു,സികതാസു,ജലേഷുരേഖാ:

അർത്ഥം—യോഗ്യന്മാർ, മദ്ധ്യമന്മാർ, അധമന്മാർ ഇവരോടുള്ള സ്നേഹം ക്രമേണ കരിങ്കല്ലിന്മേലും, മണലിലും, വെള്ളത്തിലും എഴുതുന്ന രേഖപോലെ നിലനിൽക്കുന്നു. എന്നാൽ ഇവരോടുള്ള വൈരമാകട്ടെ ക്രമേണ.മറിച്ചു.വെള്ളത്തിലും, മണലിലും, കല്ലിന്മേലും എഴുതുന്ന രേഖപോലെയും നിൽക്കുന്നു.

൧൯൬. മിതംഭുക്തപാശതംജപ്ത്വാ
ഗതപാശതപദംശനൈഃ
വാമഭാഗേശയാനശ്ചേൽ
ഭിഷഗ്ഭിഃകിംപ്രയോജനം?

അർത്ഥം—മിതമായി ഭക്ഷിച്ചിട്ടു നൂറുനാമംജപിച്ചു സാവധാനത്തിൽ നൂറടിനടക്കണം. പിന്നീട് ഇടതുവശംചരിഞ്ഞു കിടക്കണം. എന്നാൽ പിന്നെ വൈദ്യന്മാരെക്കൊണ്ടു് എന്താണു് പ്രയോജനം? (രോഗം ഉണ്ടാകുന്നില്ല എൻസാരം.)

൧൬൯. അന്നേനകുക്ഷേർദ്വാവംശൌ
പാനേനൈകംപ്രപൂരയേൽ
ആശ്രയംപവനാധീനം
ചതുത്ഥമവശേഷയേൽ.

അർത്ഥം—അന്നംകൊണ്ടു് ഉദരത്തിൻെറ നാലിൽ രണ്ടംശവും പാനം കൊണ്ടു് ഒരംശവും നിറയ്ക്കണം. വായുവിനു് അധീനമായി നാലാമത്തെ അംശം വെറുതേ ഇട്ടേയ്ക്കണം.

൧൭൦. മനഃകൃതംകൃതംരാമ!
നഃശരീരകൃതംകൃതം
യേനൈവാലിംഗിതാകാന്താ
തേനൈവാലിംഗിതാസുതാ.

അത്ഥം—മനസ്സുകൊണ്ടുചെയ്യുന്ന കൃത്യമാണു് സാക്ഷാൽകൃത്യം ശരീരം കൊണ്ടുമാത്രവും ഉള്ളതല്ല. ഭാൎയ്യയെ ആലിംഗനംചെയ്യുന്ന കയ്യുകൾകൊണ്ടുതന്നെ മകളെയും ആലിംഗനംചെയ്യുന്നു എങ്കിലും അതു രണ്ടുപ്രകാരമായി ഭവിക്കുന്നു.

൧൭൧. ദേശാടനം രാജസഭാപ്രവേശനം
വേശ്യാംഗനാപണ്ഡിതമിത്രതാച
അനേകശാസ്ത്രാന്തരദശ്നഞ്ച
ചാതുൎയ്യമൂലാനിഭവന്തിപഞ്ച.

അത്ഥം—ദേശസഞ്ചാരം, രാജസഭാപ്രവേശനം, വേശ്യാസ്ത്രീയോടും പണ്ഡിതന്മാരോടുമുള്ള ബന്ധുത്വം, അനേകശാസ്ത്രങ്ങൾ വായിക്കുക ഇവ അഞ്ചും മനുഷ്യൎക്കു ചാതുൎയ്യത്തിനു കാരണങ്ങളാകുന്നു.

൧൭൨. ലക്ഷ്മീവ്വസതിജിഹ്വാഗ്രേ
ജിഹ്വാഗ്രേമിത്രബാന്ധവാഃ
ബന്ധനംചൈവജിഹ്വാഗ്രേ
ജിഹ്വാഗ്രേമരണംധ്രുവം.

അത്ഥം—ഏതൊരുവനും അവൻെറ വാക്കുകൊണ്ടാണു് ഐശ്വൎയ്യവുംസ്നേഹിതന്മാരും ബന്ധുക്കളും ഉണ്ടാകുന്നതും ബന്ധനവും മരണവുംമററുമുണ്ടാകുന്നതും.

൧൩൮. ഹസ്തസ്യഭൂഷണംദാനം
സത്യം കണ്ഠസ്യഭൂഷണം
ശ്രോത്രസ്യഭൂഷണംശാസ്ത്രം
ഭൂഷണൈഃകിംപ്രയോജനം?

അൎത്ഥം—മനുഷ്യന്റെ കയ്യ്ക്കുള്ള ഭൂഷണം ദാനമാകുന്നു. കഴുത്തിനുള്ളഭൂഷണം കണ്ഠത്തിൽനിന്നുണ്ടാകുന്ന സത്യവാക്കാകുന്നു. കാതിനുള്ള ഭൂഷണം ശാസ്ത്രകേൾവികൊണ്ടു് ചെവിയെ പ്രകാശിപ്പിക്കുന്നതാകുന്നു. മററുള്ള ഭൂഷണങ്ങൾകൊണ്ടു് എന്തുപ്രയോജനമാണുള്ളതു്.

൧൩൯. പ്രദോഷേദീപകശ്ചന്ദ്രഃ പ്രഭാതേദീപകോരവിഃ
ത്രൈലോക്യദീപകോധൎമ്മഃ സുപുത്രഃകുലദീപകഃ.

അൎത്ഥം—ചന്ദ്രനെക്കൊണ്ടു സന്ധ്യയും, സൂൎയ്യനെക്കൊണ്ടു് പ്രഭാതവും, ധൎമ്മപ്രവൃത്തികളെകൊണ്ടു് മൂന്നുലോകവും, സൽപുത്രനെകൊണ്ടു വംശവും ശോഭിക്കുന്നു.

൧൪൦. നകശ്ചിദപിജാനാതി കിംകസ്യശ്വോഭവിഷ്യതി
അതഃശ്വഃകരണീയാനികുൎയ്യാദദ്യൈവബുദ്ധിമാൻ

അൎത്ഥം—ഒരുവനും നാളെ എന്തു ഭവിക്കാൻപോകുന്നു എന്നു് അവനറിയുന്നില്ല. അതു ഹേതുവായിട്ടു നാളെ എന്നുവയ്ക്കാതെ ചെയ്‌വാനുള്ളതിനെ ബുദ്ധിമാനായുള്ളവൻ അന്നുതന്നെ ചെയ്തുകൊള്ളണം.

൧൪൧. പ്രിയവാക്യപ്രദാനേന സൎവ്വേതുഷ്യന്തിജന്തവഃ
തസ്മാൽതദേവവക്തവ്യം വചനേകാദരിദ്രതാ?

അൎത്ഥം—പ്രിയവാക്കിനെ ദാനംചെയ്താൽ സകല ആളുകളും സന്തോഷിക്കുന്നു. അതിനാൽ അതുതന്നെചെയ്യണം. വാക്കിനു് എന്താണു് ക്ഷാമം? (ധാരാളം കൊടുക്കാമെല്ലൊ)

൧൪൨. വിഷ്ണോഃകഥാ,വിത്തകരീചവിദ്യാ,
പ്രിയംവദാരൂപവതീചഭാൎയ്യാ,
അരോഗതാ,സജ്ജനസംഗമഞ്ച,
ദുഃഖസ്യമൂലോദ്ധരണാനിപഞ്ച.

അത്ഥം—വിഷ്ണുവിൻെറ കഥ, ധനമുണ്ടാക്കുന്നതിന്ന യോഗ്യമായവിദ്യ, ഇഷ്ടാനുസരണം പറയുന്നവളും സുന്ദരിയുമായ ഭാൎയ്യ, ആരോഗ്യം, സജ്ജനസഹവാസം ഇവ അഞ്ചും ദുഃഖത്തെ ചുവടെ ഇളക്കിക്കളയുന്നവയാകുന്നു.

൧൩. ഭാൎയ്യാവിയോഗം, സ്വജനാപവാദം
ഋണസ്യശിഷ്ടം, കുലഹീനസേവാ,
ദാരിദ്ര്യകാലേപ്രിയദൎശനംവാ
അഗ്നിംവിനാപഞ്ചദഹന്തികായം.

അത്ഥം—ഭാൎയ്യാനാശം, സജ്ജനങ്ങൾ അപവാദം പരത്തുക, കടം ബാക്കിവരിക, ദുഷ്കുലത്തിലുള്ളവനെ സേവിക്കേണ്ടതായിവരിക, ദാരിദ്ര്യകാലത്തിൽ പ്രിയജനങ്ങളെ കാണുക, ഇവ അഞ്ചും അഗ്നി കൂടാതെ ദേഹത്തെ തപിപ്പിക്കുന്നവയാകുന്നു.

൧൪. ക്രൌൎയ്യംസ്ത്രീഷു,കൃതജ്ഞതാശ്ശുനി,കവൈൗ
നൈൎദ്ധന്യ,മജ്ഞേധനം
ധൎമ്മേദുഃഖ,മഘേലസുഖം,ഗവിപയഃ,
ക്ഷാരംസമുദ്രാപ്പിതം
ദൌൎമ്മുഖ്യംനൃപതൌ,കൃശേ,സുമുഖതാം,
ത്വായുൎദ്രുമെ,ല്പംനൃണാം
ഇത്ഥംധാതുരകൌശലംകഥയിതും
വ്യാസോപ്യശക്തോഭവേൽ.

അത്ഥം—ക്രൂരസ്വഭാവത്തെ സ്ത്രീകളിലും, കൃതജ്ഞതയെ ശ്വാവിങ്കലും, വിദ്വാന്മാരിൽ ദാരിദ്ര്യത്തേയും, മൂഢങ്കൽ ധനത്തേയും, ധമ്മപ്രവൃത്തിയിൽ ക്ലേശത്തേയും, പാപകമ്മത്തിൽ സുഖത്തേയും, പശുക്കളിൽ ക്ഷീരത്തേയും, സമുദ്രത്തിൽ ഉപ്പുവെള്ളത്തേയും, രാജാവിങ്കൽ ദുർമ്മുഖത്വത്തേയും, നിൎദ്ധനന്മാരിൽ സ്വഭാവഗുണത്തേയും, ദീൎഘായുസ്സിനെ വൃക്ഷങ്ങളിലും, അല്പായുസ്സിനെ മനുഷ്യരിലും ഇങ്ങനെചേൎത്തു സൃഷ്ടിച്ച ബ്രഹ്മാവിൻെറ യുക്തിയില്ലായ്മയെക്കുറിച്ചു വൎണ്ണിക്കുന്നതിന്ന വ്യാസമഹർഷിപോലും ശക്തനല്ല.

൧൭൦. ദുർജ്ജനദൂഷിതമനസഃ
സുജനേഷ്വപിനാസ്തിവിശ്വാസഃ
ബാലഃപായസദഗ്ദ്ധോ
ദധ്യപിഫൂൽകൃതംഭുംക്തെ.

അത്ഥം—ദുർജ്ജനങ്ങളാൽ ദുഷിക്കപ്പെട്ട മനസ്സോടുകൂടിയ നല്ല ആളുകളെ കൂടി വിശ്വസിക്കാത്തതായിതീരുന്നു. പായസം കുടിച്ചുവായ്‌വെന്ത ബാലൻ തൈരു കുടിക്കുമ്പോഴും ഊതിക്കുടിച്ചുപോകുന്നു.

൧൭൧. ഖലകരോതിദുർവ്വൃത്തം
നൂനംഫലതിസാധുഷു
ദശാനനോഽഹരൽസീതാം
ബന്ധനംസ്യാന്മഹോദധേഃ

അർത്ഥം—മൂഢന്മാർചെയ്യുന്ന ദുഷ്കൃത്യത്തിന്റെ ഫലം സാധുക്കൾകൂടി അനുഭവിക്കേണ്ടിവരുന്നു. രാവണൻ സീതയെ മോഷ്ടിച്ചിട്ടു സമുദ്രത്തിനു ബന്ധനം അനുഭവിക്കേണ്ടിവന്നു.

൧൭൨. ദ്വിത്ര്യംഗുലപരിണാഹ
ജിഹ്വാചലനഭീരവഃ
സവ്വാംഗൈരപ്യഹോ! ക്ലേശം
മൂഢാഃകുവ്വന്തികേചന.

അർത്ഥം—രണ്ടുമൂന്നംഗുലം നീളമുള്ള നാക്കിനെ ഇളക്കുന്നതിനു പേടിച്ചിട്ടു ചില മൂഢന്മാർ സർവാംഗങ്ങളെക്കൊണ്ടും ക്ലേശം ചെയ്യിക്കുന്നു.

൧൭൩. സദാവക്രഃ സദാക്രൂരഃ
സദാപൂജാമപേക്ഷതേ
കന്യാരാശിസ്ഥിതോനിത്യം
ജാമാതാ ദശമോഗ്രഹഃ?

അർത്ഥം—എപ്പോഴും വക്രഗതിക്കാരനും എപ്പോഴും ക്രൂരനുമാകയാൽചൊവ്വായുടെ ഗുണമുള്ളവനും എപ്പോഴും പൂജിക്കപ്പെടുന്നതിനു അപേക്ഷയുള്ളവനും കന്യാരാശിയിൽ (കന്യാധനം അനുസരിച്ചു നിൽക്കുന്നവനും) എന്നും നിൽക്കുന്നവനുമാകയാൽ ജാമാതാവു (മകളുടെഭർത്താവു) പത്താമത്തെ ഒരു ഗ്രഹമെന്നു പറയണം.

൧൪൮. ജാമാതാ,ജഠരം,ജായാ, ജാതവേദാശ്ച,ജാഹ്നവീ
പൂരിതാനൈവപൂൎയ്യന്തേ ജകാരാഃപഞ്ചദുർഭരാഃ.

അർത്ഥം—ജാമാതാവു്, ജഠരം (വയറ) ജായാ,(ഭാൎയ്യ) ജാതവേദസ്സ (അഗ്നി) ജാഹ്നവി (ഗങ്ഗാ) ഇങ്ങനെ ജ എന്ന ആദ്യക്ഷരമുള്ളഅഞ്ചും എത്ര നിറച്ചാലും നിറയാത്തവരാകയാൽ (തൃപ്തി വരാത്തവരാകയാൽ) അതുകളെ ഭരിക്കുന്നതിന്ന വളരെ പ്രയാസമാണു്.

൧൪൯. പുത്രീഭാൎയ്യാ, ശിശുഃ സ്യാലഃ
ശ്വശ്രൂസ്വാതന്ത്ര്യവൎത്തിനീ,
ശ്വശുരശ്ച പ്രവാസീച
ജാമാതാ ഭാഗ്യധോരണീ.

അൎത്ഥം—ഒരുവൻെറ ഭാൎയ്യ—അമ്മയ്ക്കു ഒരു മകൾമാത്രമായിരിക്കുക. ഭാൎയ്യയുടെ സഹോദരൻ കൊച്ചുകുട്ടിയായിരിക്കുക. ഭാൎയ്യയുടെ മാതാവു് സ്വാതന്ത്ര്യംപ്രവൃത്തിക്കുന്നവളുമാവുക. ഭാൎയ്യാപിതാവു് അന്യദേശവാസിയുമായിരിക്കുക. ഇവ ഒത്തുവന്നാൽ അവൻ വലിയ ഭാഗ്യവാനാകുന്നു.

൧൫൦. അസാരേഖലുസംസാരേ സാരംശ്വശുരമന്ദിരം.
ഹിമാലയേ ഹരശ്ശേതേ ഹരിശ്ശേതേമഹോദധൌ.

അൎത്ഥം—അസാരമായ ഈ സംസാരത്തിൽ ഭാൎയ്യയുടെ പിതാവിൻെറഗൃഹംമാത്രമാണു് സാരം. അതിനാൽ ശിവൻ ഹിമാലയത്തിലും,വിഷ്ണു പാൽക്കടലിലും വസിക്കുന്നു.

൧൫൧. ബിലാൽബഹിർ, ബിലസ്യാന്തഃ
സ്ഥിതമാൎജ്ജാരസൎപ്പയോഃ
മദ്ധ്യേചാഖുരിവാഭാതി
പത്നീദ്വയയുതോനരഃ.

അൎത്ഥം—രണ്ടു ഭാൎയ്യമാരോടുകൂടിയ മനുഷ്യൻ; പൊത്തിൻെറ പുറത്തിരിക്കുന്ന പൂച്ചയുടേയും, ഉള്ളിലിരിക്കുന്ന സൎപ്പത്തിൻേറയും മദ്ധ്യത്തിൽപ്പെട്ട എലിക്കു തുല്യനായി വൎത്തിക്കുന്നു.

൧൫൨. ദീനോപാൎജ്ജിതവിത്തസ്തു
ഭോഗഭാഗ്യവതാ-ഭവേൽ

ദന്താദശന്തികഷ്ടേനേ
ജിഹ്വാജാനാതിതദ്രസം.

അൎത്ഥം—കൃപണന്മാർ സമ്പാദിക്കുന്ന ധനം ഭാഗ്യവാന്മാൎക്കു് അനുഭവത്തിനായിതീരുന്നു. പല്ലുകൾ കഷ്ടപ്പെട്ടു ചവച്ചുവയ്ക്കുന്ന ദ്രവ്യത്തിന്റെ രസം നാക്കാണു് അനുഭവിക്കുന്നതു്.

൧൭൭. മാതരം,പിതരം,പുത്രം,
ഭ്രാതരംവാ! സുഹൃത്തമം,
ലോഭാവിഷ്ടോനരോഹന്തി-
സ്വാമിനം,വാ സഹോദരം.

അൎത്ഥം—ലോഭത്താൽ ആവേശിക്കപ്പെട്ട മനുഷ്യൻ അമ്മ,അച്ഛൻ,പുത്രൻ സഹോദരൻ, ബന്ധുക്കൾ, തന്റെ രക്ഷിതാവു്, ഇവരെ കൊല്ലുന്നതിനുകൂടി മടിക്കുന്നില്ല.

൧൭൮. രാമേപ്രവ്രജനം; ബലേൎന്നിയമനം,
പാണ്ഡോസ്സുതാനാംവനം,
വൃഷ്ണീനാംനിധനം, നളസ്യനൃപതേ
രാജ്യാൽപരിഭ്രംശനം,
കാരാഗാരനിഷേവണഞ്ചമരണം
സഞ്ചിന്ത്യലങ്കേശ്വരേ,
സൎവ്വം കാലവശേനനശ്യതിനര:
കോ.വാ.പരിത്രായതേ.

അൎത്ഥം—ശ്രീരാമൻ പുറപ്പെട്ടുപോയി. മഹാബലി നിയമത്തിനടിമപ്പെട്ടു. പാണ്ഡവന്മാർ വനം പ്രാപിച്ചു. വൃഷ്ണികൾതമ്മിൽ കുലചെയ്തു. നളരാജാവു രാജ്യംവിട്ടുപോയി. രാവണൻ കാരാഗൃഹത്തിൽകിടന്നു. പിന്നീടു വധിക്കപ്പെട്ടു. ഇതുകൾ ചിന്തിച്ചിട്ടു് എല്ലാ മനുഷ്യനുംശരി കാലവശാൽ നശിക്കുന്നു. അതിനെ ആരാണു് തടുക്കുന്നതിനു്?

൧൭൯. ലക്ഷ്മീകൌസ്തുഭപാരിജാതസഹജഃ,
സൂനുസ്സുധാംഭോനിധേ;
ൎദ്ദേവേനപ്രണയപ്രസാദനിധിനാ
മൂൎദ്ധ്നാധൃതഃശംഭുനാ,

അദ്യാപ്യ!ജ്ഞതിനൈവദൈവവിഹിതം
ക്ഷൈണ്യംക്ഷപാവല്ലഭ:
കേനാന്യേന.വിലംഘ്യതെവിധിഗതിഃ
പാഷാണരേഖാസഖീ.

അത്ഥം—ചന്ദ്രൻ മഹാലക്ഷ്മിയുടേയും, പാരിജാതത്തിൻേറയും, കൌസ്തുഭരത്തിൻേറയും കൂടെപ്പിറന്നവനായിരുന്നിട്ടും അമൃതു സമുദ്രത്തിൻെറ പുത്രനായിരുന്നിട്ടും, സ്നേഹത്തിൻേറയും സന്തോഷത്തിൻേറയും ഇരിപ്പിടമായിരിക്കുന്ന ശംഭുദേവനാൽ ശിരസ്സിൽ ധരിക്കപ്പെട്ടിരുന്നിട്ടും ഇന്നുവരെ ആ ചന്ദ്രൻെറ ദൈവഹിതമായിരിക്കുന്ന ക്ഷീണം (ക്ഷയരോഗം) വിട്ടുമാറുന്നില്ല. വിധിഗതി അന്യനൊരുവനാൽ ലംഘിക്കപ്പെടുന്നില്ല. അതു കരിങ്കല്ലിലെ രേഖയ്ക്കു തുല്യമാണു്.

൧൮൭. ഏകഏവസുഹൃ"ദ്ധമ്മോ"
നിധനേപ്യനുയാതി.യഃ
ശരീരേണസമാനാശം
സവ്വമന്യൃദ്ധഗച്ഛതി.

അത്ഥം—മനുഷ്യനു് ധമ്മം ഒന്നുമാത്രമേ ബന്ധുവായിട്ടുള്ളു. അതു മരിച്ചാലും കൂടെപോരുന്നു. മററുള്ളവയെല്ലാം ശരീരനാശത്തോടുകൂടെവേർപിരിഞ്ഞുപോകുന്നു.

൧൮൮. നതതോഹി, സഹായാത്ഥേ
മാതാ ഭാൎയ്യാ ചതിഷ്ഠതി
നമിത്രപുത്രൌ,നജ്ഞാതി
ധമ്മസ്തിഷ്ഠതികേവലഃ.

അത്ഥം—മരണം കഴിഞ്ഞാൽ സഹായത്തിനായിട്ടു് അമ്മയും, ഭാൎയ്യയും, ബന്ധുക്കളും, മക്കളും, സ്വജനങ്ങളും നിൽക്കുന്നില്ല. ധമ്മംമാത്രം സഹായത്തിനു നിൽക്കുന്നു.

൧൮൯. ദേശേദേശേഭവനം
ഭവനേഭവനേതഥൈവഭിക്ഷാന്നം
സരസിജനദ്യാംസലിലം
ശിവശിവതത്ഥാത്ഥവേദിനാംപുംസാം.

അൎത്ഥം—പരമാൎത്ഥബോധികളായിരിക്കുന്ന പുരുഷന്മാൎക്കു ദേശംതോറം ദേശംതോറം വീടുകളും വീടുകൾതോറം ഭിക്ഷാന്നവും സമുദ്രനദികളിൽ വെള്ളവുംഉണ്ടു്. അവൎക്കു മറെറന്തുവേണം.

൧൨൭. അപ്രഗത്ഭസ്യയാവിദ്യാ, കൃപണസ്യചയദ്ധനം
യച്ചബാഹുബലംഭീരൊ,വ്യൎത്ഥമേതൽത്രയംഭുവി.

അൎത്ഥം—പ്രകാശിക്കാത്തവൻെറ വിദ്യയും, കൃപണൻെറ യാതൊരുധനവും, ഭീരുവിൻെറ കൈക്കരുത്തും ഇവ മൂന്നും ഭൂമിയിൽ വെറുതേയാകുന്നു. ഒരു പ്രയോജനവുമില്ല.

൧൨൮. സംഗ്രഹൈകപരഃപ്രായഃ സമുദ്രോപിരസാതലെ
ദാതാരംജലദംപശ്യ! ഗൎജ്ജന്തംഭുവനോപരി.

അൎത്ഥം—സമ്പാദിക്കുകമാത്രം ശീലമുള്ളസമുദ്രം മിക്കവാറംപാതാളത്തിൽ ആണ്ടുകിടക്കുന്നു. ദാനശീലനായിരിക്കുന്ന മേഘമാകട്ടെ,ഗൎജ്ജിച്ചുകൊണ്ടു ലോകത്തിൻെറ ഉപരിഭാഗത്തു സഞ്ചരിക്കുന്നു. സമ്പാദിക്കുന്നവനെക്കാൾ ദാനശീലനാണു മേന്മ എന്നുസാരം.

൧൨൯. നദാതും,നാ നഭോക്തുംച
ശക്നോതികൃപണശ്രിയം
കിന്തുസ്പൃശതിഹസ്തേന
നപുംസകഇവസ്ത്രിയം.

അൎത്ഥം—കൃപണൻെറ ധനം ദാനംചെയ്‌വാനും അനുഭവിക്കുന്നതിനും സാധിക്കുന്നില്ല. പിന്നെയോ നപുംസകൻ സ്ത്രീയെ എന്നപോലെ കയ്യുകൊണ്ടു സ്പൎശിക്കുകമാത്രം ഫലമാകുന്നു.

൧൩൦. മൂഢോനഹിദദാത്യൎത്ഥം നരോദാരിദ്ര്യശങ്കയാ
പ്രാജ്ഞസ്തുവിതരത്യൎത്ഥം നരോദാരിദ്ര്യശങ്കയാ.

അൎത്ഥം—ദാരിദ്ര്യംവന്നുപോകുമെന്നു വിചാരിച്ചു ഭയപ്പെട്ടു മൂഢൻ ധനത്തെ ദാനംചെയ്യുന്നില്ല. അറിവുള്ളവൻ ദാരിദ്ര്യത്തെ ഭയന്നു വേണ്ടതുപോലെ ദാനംചെയ്യുന്നു. (ഇരുവൎക്കും ഭയം ഒരുപോലെയാണു്. പ്രവൃത്തി രണ്ടുവിധത്തിലുമാണു്.)

൧൩൧. ധനിനോപ്യദാനവിഭവാ
ഗണ്യന്തെധുരിമഹാദരിദ്രാണാം

ഫന്തിനയത:പിപാസാ-
മതസ്സമുദ്രോപിമരുരേവ.

അർത്ഥം—ദാനംചെയ്യാത്ത ധനികൻ മഹാദരിദ്ര്യന്മാരിൽ മുഖ്യനെന്നു ഗണിക്കപ്പെടുന്നു. ദാഹത്തെ തീക്കാത്തതായ സമുദ്രത്തെ മരുഭൂമിക്കു തുല്യമായി വിചാരിക്കുന്നതുപോലെ.

൧൱൦. വാനരാണാം വിവാഹേഷു
ഗായകാസന്തിഗർദ്ദഭാഃ
അന്യോന്യതേഭിനന്ദന്തി
അഹോരൂപമഹോദ്ധ്വനിം.

൧൱൧. ഉഷ്ട്രകാണാം വിവാഹേഷു
ഗീതംഗായന്തിഗർദ്ദഭാഃ
പരസ്പരം പ്രശംസന്തി
അഹോരൂപമഹോദ്ധ്വനി.

ഇപ്രകാരവും ഒരു പ്രയോഗം കാണുന്നു.

അർത്ഥം—കുരങ്ങുകളുടെ വിവാഹത്തിൽ (രണ്ടാമത്തെ ശ്ലോകത്തിൽ ഒട്ടകത്തിൻെറ) വിവാഹത്തിനുസദിരു നടത്തുന്നതു് കഴുതകളാണ്. അവർ പരസ്പരംരൂപസൌന്ദൎയ്യത്തേയും സ്വരമാധുൎയ്യത്തേയും അതിശയമെന്നു പുകഴ്ത്തുന്നു.

൧൱൨. സൂതാഗ്നിതീചകന്യാച
നദീതരണമേവച
ഉപാദ്ധ്യായഞ്ചവൈദ്യഞ്ച
കാൎയ്യാന്തെതൃണവൽത്യജേൽ.

൧൱൩. ഉപാദ്ധ്യായശ്ചവൈദ്യശ്ച
ഋതുകാലെവരാംഗനാഃ
സൂതികാദൂതികശ്ചൈവ
കാൎയ്യാന്തെതൃണവൽത്യജേൽ.

ഇപ്രകാരവും ഒരു പ്രയോഗം കാണുന്നു.

അർത്ഥം—വയററാട്ടിയേയും, ദൌത്യം വഹിച്ചവളേയും, കന്യകയ്ക്കു വര

നെ തിരഞ്ഞുകൊണ്ടുവന്നവനേയും, നദികടത്തിയവനേയും, ഉപാദ്ധ്യായനേയും, വൈദ്യനേയും കാൎയ്യംകഴിഞ്ഞാൽ തൃണംപോലെ തള്ളിക്കളയുന്നു.

൱൯൮. സ്നിഗ്ദ്ധമന്നം, തഥാപക്വം,
നാരീപ്രഥമയൌവ്വനം,
സുഭാഷിതഞ്ച,താംബൂലം,
സദ്യോഗ്രഹ്ണാതിബുദ്ധിമാൻ.

അർത്ഥം—മാർദ്ദവമുള്ള അന്നവും, ആ പ്രകാരമുള്ള പഴവും, സ്ത്രീയുടെ നവയൌവനവും, മഹദ്വാക്യങ്ങളും, താംബൂലവും കിട്ടിയാൽ ബുദ്ധിമാനായവൻ ഉടനെ സ്വീകരിക്കുന്നു. (ഉപേക്ഷിക്കരുതെന്നർത്ഥം)

൱൯൯. യശസ്കരേകൎമ്മണി, ധൎമ്മസംഗ്രഹേ
പ്രിയാസുനാരീഷ്വ,ധനേഷുബന്ധുഷു,
കൃതൌവിവാഹെ, വ്യസനെ, രിപുക്ഷയെ,
ധനക്ഷയോഷ്ടാസുനഗണ്യതേബുധൈഃ.

അൎത്ഥം—യശസ്സിനെ ഉണ്ടാക്കുന്ന കൎമ്മത്തിങ്കലും, പുണ്യം സമ്പാദിക്കുമ്പോഴും, സ്നേഹമുള്ള സ്ത്രീകളിലും, ധനഹീനന്മാരായ ബന്ധുജനങ്ങളിലും, വിവാഹം നടക്കുമ്പോഴും, വ്യസനകാൎയ്യത്തിലും, ശത്രുക്കളെ അമൎത്തുന്നകാൎയ്യത്തിങ്കലും ഈ എട്ടുകാൎയ്യങ്ങളിലും വിദ്വാന്മാരാൽധനക്ഷയം ഗണിക്കപ്പെടുന്നില്ല.

൱൯൰. കാന്താവിയോഗംസുജനാപവാദം
കുക്ഷേത്രകൃഷ്ടം കുഗ്രഹേനിവാസം
ദാരിദ്ര്യകാലേ പ്രിയദൎശനഞ്ച
വിനാഗ്നിനാപഞ്ചദഹന്തികായം.

അൎത്ഥം—ഭാൎയ്യാമരണം, സുജനങ്ങൾ അപവാദം പറയുക, ചീത്ത ഭൂമിയിൽ കൃഷിചെയ്ക, നിന്ദ്യഗൃഹവാസം, നിൎദ്ധനനായിരിക്കുമ്പോൾ സ്നേഹിതന്മാർ വന്നുകൂടുക ഇവ അഞ്ചും അഗ്നികൂടാതെദേഹത്തെ ദഹിപ്പിക്കുന്നു.

൱൯൦. കാതവ്യം?തന്വംഗി!"വിദ്യാ"കഥയതവൎത്തു ച: 
കാരണം "കാലദോഷഃ"

"ഭ്രയഃ" "കിം"ദുർവ്വിനീതാസ്ത്വഗണിതഗുരവൊ
മാമവിജ്ഞായമോഹാൽ
ശ്ലിഷ്യന്ത്യാകൃഷ്യചുംബന്ത്യഥജഹതിനിര-
സ്യന്തിചാന്യാന്മദർത്ഥം
വിക്രീണന്ത്യസ്തശങ്കം ബതബത! വശയ-
ന്ത്യേവമുൽക്കോചതോന്യാൻ.

അൎത്ഥം—"ഹേ! തനപാംഗി നീ ആരാണ്?" "വിദ്യയാണ്." "നിൻെറ ശോകത്തിൻെറ കാരണംപറയൂ?" "കാലദോഷമാണ്." "പിന്നെ യെന്താണ്?" വേണ്ടതുപോലെ വിനിയോഗിക്കാത്തവരായി ഗൌരവമില്ലാത്തവരായിരിക്കുന്ന നിസ്സാരഗുരുക്കന്മാർ എന്നെ അറിയാതെ (പഠിക്കാതെ) മോഹംനിമിത്തം എന്നെ ആകർഷിച്ച് (അസ്ഥാനത്തിൽ വലിച്ചുവരുത്തീട്ട്) ആശ്ലേഷിക്കയും (അന്യാർത്ഥം പറകയും) ചുംബിക്കുകയും (മുഖത്തുചേക്കുകയും) ഹനിക്കുകയും നിരസിക്കുകയും എനിക്കുവേണ്ടി അന്യർക്ക വില കൊടുക്കുകയും അന്യന്മാരെ കൈക്കൂലികൊണ്ടു വശപ്പെടുത്തുകയുംചെയ്യുന്നു.

ഹൻവ്വ. കൎണ്ണേജപൈരഹരഹഃപരിഭേദ്യമാനഃ
കോവാനയാതിലഘുതാംദൃഢസൌഹൃദോപി
പാഷാണജാലകഠിനോപിമഹാൻഗിരീന്ദ്ര-
സ്തോയസ്യനിത്യഗമനാദ്രുപയാതിഭേദം.

അൎത്ഥം—ഏതൊരുത്തനാകട്ടെ ദൃഢസൌഹൃദത്തോടുകൂടിയവനെങ്കിലും ഏഷണിക്കാരാൽ ദിവസംതോറും മനസ്സു ഭേദിച്ചിട്ട് അല്പത്വം ഭവിക്കുന്നില്ല? അല്പത്വം ഭവിക്കുന്നു. കല്ലുകളെക്കൊണ്ട് ഉറപ്പുള്ളവനെങ്കിലും വലിയ മല, ദിവസവുമുള്ള വെള്ളച്ചാട്ടത്താൽ ക്രമേണ കുഴിഞ്ഞുപോകുന്നു.

ഹൻൻ. സൂതേസൂകരതരുണീ
സുതശതമത്യന്തദുർഭഗംഝടിതി
കരിണീചിരേണസൂതേ
കമപിമഹീപാലലാളിതംകളഭം.

അൎത്ഥം—പിടിപ്പന്നി കാലതാമസംകൂടാതെ മൂഢസ്വഭാവമുള്ള അനവധി പന്നിക്കുട്ടികളെ പ്രസവിക്കുന്നു പിടിയാനയാകട്ടെ അനേക കാലത്താൽ രാജാവിനാൽ ലാളിക്കപ്പെടുന്നതായ ഒരു ആനക്കുട്ടിയെമാത്രം പ്രസവിക്കുന്നു.

൨൦൦. ആയാതം വൃശ്ചികാദൌ,ധനുഷിചമകരേ
ഘോരതാമേതിശീതം,
കുംഭേനാസ്ത്യസ്തിവാ,നോമുഹുരിഹഝഷകേ,
തല്പുനസ്സംഹരന്തി
കേചിന്നാരീകുചാഭ്യാം കതിചനപടജാ
ലൈഃ,പരേവഹ്നിനാ,ന്യേ
ജാനുഭ്യാം,കേപികണ്ഠാർപ്പിതഭുജലതയാ,
കേപിഹുഹുരവേണ.

അൎത്ഥം—ശീതം വൃശ്ചികമാസാദിയിൽ വരുന്നു. ധനുമാസത്തിലും മകരമാസത്തിലും ഘോരതയെ പ്രാപിക്കുന്നു. കുംഭമാസത്തിൽ ഉണ്ടായും ഇല്ലാതേയുമിരിക്കുന്നു. മീനമാസത്തിൽ ഉണ്ടാകുന്നില്ല. ഇതിനെ ചിലർ നാരീകുചങ്ങളെക്കൊണ്ടും, ചിലർ വസ്ത്രങ്ങളെക്കൊണ്ടും, അന്യന്മാർ തീകൊണ്ടും, അന്യന്മാർ കാൽമുട്ടു ദേഹത്തിൽചേൎത്തുവച്ചും ചിലർ കഴുത്തിൽ കയ്യുകൾചേൎത്തുവച്ചിട്ടും, ചിലർ ഹു ഹു എന്നു ശബ്ദിച്ചിട്ടും പരിഹരിക്കുന്നു.

൨൦൧. ശബ്ദശാസ്ത്രമനധിത്യയഃപുമാൻ
വക്തുമിച്ഛതിവചസ്സഭാന്തരെ
ബന്ധുമിച്ഛതിവനേമദോൽക്കടം
ഹസ്തിനംകമലനാളതന്തുനാ.

അൎത്ഥം—യാതൊരു മനുഷ്യൻ ശബ്ദശാസ്ത്രം വായിക്കാതെ സഭാമദ്ധ്യത്തിൽ വാക്കിനെ പറയുന്നതിന്നു ഇച്ഛിക്കുന്നുവോ അവൻവനത്തിൽ മദോൽക്കടനായിരിക്കുന്ന ആനയെ താമരനൂലുകൊണ്ടു ബന്ധിക്കാനായി ഇച്ഛിക്കുന്നതുപോലെയാകുന്നു.

൨൦൨. സഹോക്തിഃപ്രത്യുക്തിഃസരസസരസൈ-
സ്സാത്വികജനൈഃ
പ്രഭോർഭാവജ്ഞസ്യപ്രഭവിതുരലുബ്ധസ്യഭജനം

പരീരംഭഃകുംഭപ്രതിഭടകുചാനാംമൃഗദൃശാം
അസാരേസംസാരേജയതിസുഖസാരത്രയമിദം.

അൎത്ഥം—സരസന്മാരിൽവച്ചു സരസന്മാരായിരിക്കുന്ന സാത്വികജനങ്ങളോടുകൂടിയുള്ള സഹോക്തിയും 'പ്രത്യുക്തിയും' അല്ലെങ്കിൽ ലുബ്ധില്ലാത്തവനും അന്യന്റെ ഭാവത്തെ അറിയുന്നവനുംയോഗ്യനുമായ പ്രഭുവിന്റെ സേവനം. ൨. അഥവാ കുടംപോലുള്ള കുചങ്ങളോടുകൂടിയിരിക്കുന്ന സുന്ദരിമാരുടെ ആശ്ലേഷം. ൩. അസാരമായിരിക്കുന്ന ഈ സംസാരത്തിൽ! സുഖങ്ങളിൽവച്ചു സാരങ്ങളായിരിക്കുന്ന ഈ മൂന്നുകൂട്ടം സുഖങ്ങളാണ് ജയിക്കുന്നതു്.

൨൦൩. ചിന്തനേനൈധതേബുദ്ധി
രിന്ധനേനൈവപാവകഃ
നശ്യത്യചിന്തനേനൈവ
നിരിന്ധനഇവാഽനലഃ.

അൎത്ഥം—വിറകു ഇടുംതോറും അഗ്നി വൎദ്ധിക്കുന്നതുപോലെ ചിന്തിക്കുംതോറും ബുദ്ധി പ്രകാശിക്കുന്നു. ചിന്തിക്കാത്തവന്റെ ബുദ്ധി, വിറകു് ഇടാഞ്ഞാൽ അഗ്നി നശിക്കുന്നതുപോലെ നശിക്കയുംചെയ്യുന്നു.

൨൦൪. ആശാനാമമനുഷ്യാണാം
കാചിദാശ്ചൎയ്യശൃംഖലാ
തയാബദ്ധാഃപ്രധാവന്തി
മുക്താസ്തിഷ്ഠന്തികുത്രചിൽ.

അൎത്ഥം—മനുഷ്യരുടെ ആശയെന്നതു് ഒരു അത്ഭുതചങ്ങലയാകുന്നു. ഇതുകൊണ്ടു മനുഷ്യരെ ബന്ധിച്ചാൽ അവർ അടങ്ങിനില്ക്കാതെ ഓട്ടം തുടങ്ങും. ഈ ചങ്ങലകൊണ്ടുള്ള കെട്ടു് അഴിച്ചാൽ ഉടൻ അവർ എവിടെയെങ്കിലും അടങ്ങിനില്ക്കുന്നു.

൨൦൫. വിദ്യാതീൎത്ഥേജഗതിവിബുധാഃ
സാധവസ്സത്യതീൎത്ഥേ
ലജ്ജാതീൎത്ഥേകുലയുവതിജനാ
യോഗിനോജ്ഞാനതീൎത്ഥേ

ധാത്രീതീർത്ഥേധരണിപതയോ,
ദാനതീർത്ഥേധനാഢ്യാ,
ഗംഗാതീർത്ഥേ മലിനമനസഃ
കല്മഷംക്ഷാളയന്തി.

അർത്ഥം—ലോകത്തിൽ! ഗുണവാന്മാർ വിദ്യാതീർത്ഥത്തിലും, സാധുക്കൾ സത്യമാകുന്ന തീർത്ഥത്തിലും, കുലസ്ത്രീകൾ ലജ്ജയാകുന്ന തീർത്ഥത്തിലും, യോഗികൾ ജ്ഞാനതീർത്ഥത്തിലും, രാജാക്കന്മാർ ഭൂമിയാകുന്ന തീർത്ഥത്തിലും, (വളരെ ഭൂമി സമ്പാദിച്ച) ധനവാന്മാർ ദാനമാകുന്ന തീർത്ഥത്തിലും, മനോമാലിന്യമുള്ളവർ ഗംഗാതീർത്ഥത്തിലും മുഴുകി മാലിന്യത്തെ കളയുന്നു (തൃപ്തിപ്പെടുന്നു)

൨൦൬. വിപദിധൈര്യ്യ,മഥാഭ്യുദയേക്ഷമാ
സദസിവാക്പടുതാ,യുധിവിക്രമഃ
യശസിചാഭിരതി,ർവ്യസനംശ്രുതൌ
പ്രകൃതിസിദ്ധമിദംഹിമഹാത്മനാം.

അർത്ഥം—ആപത്തിൽ ധൈര്യ്യം ഉണ്ടാവുക. ഐശ്വര്യ്യം വർദ്ധിക്കുമ്പോൾ അഹങ്കരിക്കാതെ ശാന്തനാവുക, സഭയിൽചെന്നാൽ വാക്സാമർത്ഥ്യമുണ്ടാകുക, യുദ്ധത്തിൽ വിക്രമം പ്രകടിപ്പിക്കുക, യശസ്സിൽ വലിയ താല്പര്യ്യം, ശാസ്ത്രാഭ്യാസത്തിൽ ക്ലേശിക്കുക,ഇവ ആറുഗുണങ്ങളും മഹത്തുക്കൾക്കു പ്രകൃതിസിദ്ധമായിട്ടുള്ളതാണു്.

൨൦൭. അകരുണത്വ,മകാരണവിഗ്രഹഃ
പരധനേപരിയോഷിതിചസ്പൃഹാ
സ്വജനബന്ധുജനേഷ്വസഹിഷ്ണുതാ
പ്രകൃതിസിദ്ധമിദം ഹിദുരാത്മനാം.

അർത്ഥം—ആരോടും കരുണയില്ലാതിരിക്കുക, കാരണംകൂടാതെ കലഹിക്കുക, പരധനത്തിലും പരസ്ത്രീകളിലും ആഗ്രഹം, നല്ല ആളുകളെക്കുറിച്ചും ബന്ധുജനങ്ങളെക്കുറിച്ചും അസൂയ ഇതുകൾദുഷ്ടന്മാർക്കു പ്രകൃതിസിദ്ധമായിട്ടുള്ള ദോഷങ്ങളാകുന്നു,

൨൦൮. വാഞ്ഛാസജ്ജനസംഗമേ,പരഗുണേ
പ്രീതി, ഗ്ഗുരൌനമ്രതാ,

വിദ്യായാംവ്യസനം, സ്വയോഷിതിരതിർ-
ല്ലോകാപവാദേഭയം,
ഭക്തിശ്ചക്രിണി, ശക്തിരാത്മദമനെ,
സംസൎഗ്ഗമുക്തിഃഖലൈ-
രേതേ,യേഷുവസന്തിനിൎമ്മലഗുണാ,
സ്തേഭ്യോനരേഭ്യോനമഃ.

അർത്ഥം—സജ്ജനസംസർഗ്ഗത്തിൽ ആഗ്രഹം, അന്യൎക്കുണ്ടാകുന്ന ഗുണത്തിൽ സന്തോഷം, ഗുരുവിങ്കൽ വണക്കം, വിദ്യയ്ക്കുവേണ്ടി ക്ലേശിക്കുക, സ്വഭാൎയ്യയിൽ പ്രേമം, ലോകാപ്പവാദത്തിൽ ഭയം, വിഷ്ണുവിങ്കൽ ഭക്തി, മനസ്സിനെ അടക്കിനിൎത്തുന്നതിൽ ശക്തി, ദുഷ്ടസഹവാസത്തിൽനിന്നും ഒഴിഞ്ഞുനിൽക്കുക ഈ ഗുണങ്ങൾ ആരിൽ കാണുന്നുവോ ആ മനുഷ്യരെ ഞാൻ വന്ദിക്കുന്നു. അവർ മഹത്തുക്കളാണെന്നു സാരം.

൧൧൨. ആരംഭഗുൎവ്വീക്ഷയിണീക്രമേണ
ലഘ്വീപുരോവൃദ്ധിമതീചപശ്ചാൽ
ദിനസ്യപൂൎവ്വാൎദ്ധപരാൎദ്ധഭിന്നാ
ഛായേവമൈത്രീഖലസജ്ജനാനാം.

അർത്ഥം—പകലിന്റെ ആദ്യപകുതികാലത്തെ നിഴൽപോലെ ആദ്യം വൎദ്ധിച്ചും പിന്നീടു കുറഞ്ഞുമിരിക്കും മൂഢന്മാരുടെ സ്നേഹം. സജ്ജനങ്ങളുടെ സ്നേഹം പകലിന്റെ അപരാൎദ്ധത്തിലെ നിഴൽപോലെ ആദ്യം അല്പമായും പിന്നീടു ക്രമേണ വൎദ്ധിച്ചുമിരിക്കും.

൧൧൩. സമ്പത്സുമഹതാംചിത്തം ഭവത്യുല്പലകോമളം
ആപത്സുചമഹാശൈലശിലാസംഘാതകൎക്കശം.

അർത്ഥം—മഹത്തുക്കളുടെ മനസ്സ സമ്പത്തുണ്ടാകുമ്പോൾ കരിംകുവളപ്പൂപോലെ മൃദുവായും കോമളമായുമിരിക്കും. അതുതന്നെ ആപത്തു വരുമ്പോൾ കല്ലിന്റെ കൂട്ടംപോലെ കഠിനമായും ഉറപ്പായുംഇരിക്കും.

൧൧൪. ഉത്സാഹീലഭതേകാൎയ്യം മാൎജ്ജാരോത്രനിദൎശനം
ജന്മപ്രഭൃത്യഗുസ്സോയം പിബതേക്ഷീരസൎപ്പിഷീ.

അർത്ഥം—ഉൽസാഹമുള്ള മനുഷ്യൻ കാൎയ്യം സാധിക്കപ്പെടും. ഉദാഹരണം പൂച്ചയെ നോക്കുക. ആ. പൂച്ച തനിക്കു പശുക്കളില്ലാത്തവനായിരുന്നിട്ടും ജനനംമുതൽ എങ്ങിനെയെങ്കിലും പാലുംനെയ്യും പാനം ചെയ്യുന്നു.

൨൱൨. അശ്വഃശാസ്ത്രംശസ്ത്രം
വീണാവാണീനരശ്ചനാരീച
പുരുഷവിശേഷപ്രാപ്ത്യാ
ഭവന്ത്യയോഗ്യാശ്ചയോഗ്യാശ്ച.

അർത്ഥം—കുതിരയും കവിത മുതലായ ശാസ്ത്രഗ്രന്ഥങ്ങളും, ആയുധവും, വീണയും, വാക്കും, നരനും, സ്ത്രീയും ഇതുകളുടെ ഉടമസ്ഥനായ മനുഷ്യന്റെ അവസ്ഥ അനുസരിച്ചു യോഗ്യങ്ങളായും അയോഗ്യങ്ങളായും മനുഷ്യർ വിചാരിക്കുന്നു.

൨൱൩. പൂൎവ്വേവയസിയഃശാന്തഃ സശാന്തഇതിമേമതിഃ
ധാതുഷുക്ഷീയമാണേഷു ശമഃകസ്യനജായതേ.

അർത്ഥം—മനുഷ്യനു വയസ്സുചെന്നിട്ടു ധാതുക്കൾ ക്ഷയിക്കുമ്പോൾ സ്വതേ ശാന്തനായിതീരും. അതിനാൽ അവനെ ശാന്തനെന്നു പറഞ്ഞുകൂടാ. ആദിവയസ്സിൽ ശാന്തനായിരിക്കുന്നവനാകുന്നു ശാന്തൻ.

൨൱൪. ആദൌചിത്തേതതഃകായേ സതാംസംബദ്ധ്യതേജരാ
അസതാന്തുപുനഃകായേ നൈവചിത്തേകദാചന.

അൎത്ഥം—സത്തുക്കൾക്കു ആദ്യം മനസ്സിലും, ഒടുവിൽ ദേഹത്തിലും വൃദ്ധത (പാകത) ഉണ്ടാകുന്നു. അസത്തുക്കൾക്കു് ഒടുവിൽ ദേഹത്തിൽ വൃദ്ധത (പാകത) ഉണ്ടാകുന്നു. മനസ്സിൽ ഒരിക്കലും പാകത ഉണ്ടാകുന്നില്ല.

൨൱൫. ജാതമാത്രംന.യശ്ശത്രും
രോഗഞ്ചപ്രശമംനയേൽ
അതിപുഷ്ടാംഗയുക്തോപി
സപശ്ചാത്തേനഹന്യതേ.

അൎത്ഥം—യാതൊരുത്തൻ രോഗവും ശത്രുക്കളും ഉണ്ടാകുന്ന ഉടനെതന്നെ നശിപ്പിച്ചില്ലെങ്കിൽ അതുകൾ വൎദ്ധിച്ചുവന്നു് അവനെ ദേഹപുഷ്ടിയുണ്ടെങ്കിലും ചതുരംഗബലമുണ്ടെങ്കിലും നശിപ്പിച്ചുകളയും.

൨൧൬. ഉപകാരിഷുയഃ സാധു-
സ്സാധുത്വേ തസ്യകോഗുണഃ
അപകാരിഷുയഃസാധു-
സ്സ-സാധുഃസത്ഭിരുച്യതേ.

അൎത്ഥം—ഒരുവൻ ഉപകാരംചെയ്തവൎക്കുവേണ്ടി സാധുത്വം പ്രവൃത്തിച്ചാൽ അതിനെന്താണ് മെച്ചമുള്ളതു്. ഒരുവൻ അപകാരികൾക്കുവേണ്ടി സാധുത്വം പ്രവൃത്തിച്ചാൽ സജ്ജനങ്ങൾ അവനെ സാധു എന്നു പറയുന്നു.

൨൧൭. അഹോഖലഭുജംഗസ്യ
വിചിത്രോയംവധഃക്രമഃ
അന്യസ്യദശതിശ്രോത്ര
മന്യഃപ്രാണൈൎവ്വിയുജ്യതേ.

അൎത്ഥം—ഖലനാകുന്ന പാമ്പിൻെറ വധക്രമം വിചിത്രംതന്നെയാകുന്നു. ഒരുവൻെറ ചെവിയിൽ കടിക്കുന്നു. മററൊരുവൻ നശിക്കുന്നു (ഏഷണിപറഞ്ഞുഅന്യന്മാരെ നശിപ്പിക്കുന്നു എന്നുസാരം.)

൨൧൮. ബഹൂനാമപ്യസാരാണാം
സമവായോഹിദുൎജ്ജയഃ
തൃണൈരാരഭ്യതേരജ്ജു-
ൎയ്യയാനാഗോപിബദ്ധ്യതേ.

അൎത്ഥം—സാരമില്ലാത്തവരെങ്കിലും വളരെയാളുകൾ യോജിച്ചുനിന്നാൽ അവരെ ആരും ജയിക്കുന്നില്ല. തുരുമ്പുകൾകൊണ്ടു് ആരംഭിച്ചുണ്ടാക്കിയ ഒരു കയറു ആനയെ കെട്ടിനിൎത്തുന്നതിനു ശക്തമാകുന്നു.

൨൧൯. മാതൃവൽപരദാരാണി
പരദ്രവ്യാണിലോഷ്ടവൽ
ആത്മവൽസൎവ്വഭൂതാനി
യഃപശ്യതിസപണ്ഡിതഃ.

അൎത്ഥം—യാതൊരുത്തൻ പരഭാൎയ്യമാരെ മാതാവിനെപോലെയും പരദ്രവ്യത്തെ മൺകട്ടപോലെയും സകലജീവികളെയും തന്നെപോലെയും കാണുന്നുവൊ അവനാണ് വിദ്വാൻ.

൨൨൦. മൂക്ക്വാണാംപണ്ഡിതൊദ്വേഷ്യോ
നിദ്ധ്നാനാംമഹാധനഃ
വ്രതിനഃപാപശീലാനാം
അസതീനാംകുലസ്ത്രീയഃ

അൎത്ഥം—മൂക്കന്മാർ പണ്ഡിതന്മാരേയും, ദരിദ്ര്യന്മാർ ധനവാന്മാരേയും, പാപികൾ ദൈവഭക്തന്മാരേയും, വ്യഭിചരിണികൾ കുലസ്ത്രീകളേയും ദ്വേഷിക്കും.

൨൨൧. മിത്രദ്രോഹീകൃതഘ്നശ്ച യശ്ചവിശ്വാസഘാതകഃ
തേനരാനരകംയാന്തി യാവച്ചന്ദ്രദിവാകരൌ.

അൎത്ഥം—മിത്രങ്ങളെ ദ്രോഹിക്കുന്നവനും, ഉപകാരത്തെ മറക്കുന്നവനും; വിശ്വസിച്ചവരെ ചതിക്കുന്നവനും ആദിത്യചന്ദ്രന്മാർഉള്ളടത്തോളം കാലം നരകം അനുഭവിക്കും.

൨൨൨. ആപൽക്കാലേതുസംപ്രാപ്തേ
യന്മിത്രംമിത്രമേവതൽ
വൃദ്ധികാലേതുസമ്പ്രാപ്തേ
ദുർജ്ജനോപിസുഹൃൽഭവേൽ.

അൎത്ഥം—ആപൽക്കാലത്തിങ്കൽ ഉതകുന്ന ബന്ധുവാണ് ബന്ധു. സമ്പത്തുകാലത്തു മൂക്കന്മാരും സ്നേഹിക്കുമല്ലോ.

൨൨൩. കോതിഭാരസമൎത്ഥാനാം?
കിംദൂരംവ്യവസായിനാം?
കോവിദേശഃസുവിദ്യാനാം?
കഃപരഃപ്രിയവാദിനാം?

അൎത്ഥം—സമൎത്ഥന്മാൎക്ക് എന്താണ് ഭാരമായിട്ടുള്ളത്? വ്യവസായശീലന്മാൎക്ക് എവിടമാണ് ദൂരമായിട്ടുള്ളത്? നല്ല വിദ്യയുള്ളവൎക്ക ഏതാണ് വിദേശം? പ്രിയവാക്ക പറയുന്നവന് ആരാണ്ശത്രുക്കൾ?

൨൨൪. അനക്ഷരജ്ഞേനനരേണസാകം
സംഭാഷണം, ദുഷ്പ്രഭുസേവനഞ്ച,
ആലിംഗനം ലംബപയോധരാണാം
പ്രത്യക്ഷദുഃഖംത്രയമേവഭൂമൌ.

അൎത്ഥം—അക്ഷരജ്ഞാനമില്ലാത്തവനോടുള്ള സംഭാഷണവും, ദുഷ്ടനായ പ്രഭുവിനെ സേവിച്ചുനില്ക്കുന്നതും, മൂല വീണവളുടെ ആലിംഗനവും ഇവ മൂന്നും ഭൂമിയിൽ പ്രത്യക്ഷദുഃഖങ്ങളാകുന്നു.

൨൨൭. മാതാനിന്ദതി, നാഽഭിനന്ദതിപിതാ,
ഭ്രാതാനസംഭാഷതേ
ഭൃത്യഃകുപ്യതി, നാഽനുരജ്ഞതിസുതോ
ഭാൎയ്യാചനാഽലിംഗ്യതേ
അൎത്ഥപ്രാൎത്ഥനശങ്കയാനകുരുതേ
പ്യാഽലാകമാത്രേസുഹൃൽ
തസ്മാദൎത്ഥസമാൎജ്ജനംകുരുസഖേ!
ഹ്യൎത്ഥേനസൎവ്വേവശാഃ.

അൎത്ഥം—കയ്യിൽ പണമില്ലാതിരിക്കുമ്പോൾ-മാതാവു നിന്ദിക്കുന്നു. പിതാവു് അഭിനന്ദിക്കുന്നില്ല. സഹോദരന്മാർ ഉരിയാടുന്നില്ല. ഭൃത്യൻ കോപിക്കുന്നു. മകൻ വരുതികേൾക്കുകയും സ്നേഹിക്കുകയും ചെയ്യുന്നില്ലാ. ഭാൎയ്യ തന്നോടു് അടുക്കുകയോ ആലിംഗനംചെയ്കയോ ചെയ്യുന്നില്ല. ധനം ആവശ്യപ്പെട്ടേക്കുമെന്നു ശങ്കിച്ചു് സ്നേഹിതന്മാർ കാണ്മാൻ ഇടകൊടുക്കാതെ മാറിക്കൊള്ളുന്നു. അതിനാൽ എടോ സഖേ! താൻ അൎത്ഥം സമ്പാദിക്കുക; ധനമുണ്ടെങ്കിൽ എല്ലാവരും വശമാകും.

൨൨൮. ഉദ്യോഗിനം പുരുഷസിംഹമുപൈതിലക്ഷ്മീ
ൎദൈവംപ്രമാണമിതികാപുരുഷാവദന്തി
ദൈവംവിഹായകുരുപൌരുഷമാത്മശക്ത്യാ
യത്നേകൃതേയദിനസിദ്ധ്യതികോത്രദോഷഃ?

അൎത്ഥം—ഉൽസാഹത്തോടുകൂടിയിരിക്കുന്ന പുരുഷശ്രേഷ്ഠനു് ഐശ്വൎയ്യം വന്നുകൂടുന്നു. ദൈവം (വിധി) ആകുന്നു പ്രമാണമെന്നു ഭോഷന്മാർ പറയുന്നു. വിധി എന്നതിനെ ഉപേക്ഷിച്ചിട്ടു സ്വശക്തിയോടുകൂടി പൌരുഷം പ്രവൃത്തിക്കുക. യത്നംകൊണ്ടു സാധിച്ചില്ലെങ്കിൽ എന്താണു് ദോഷം? (ദൈവം വിചാൎയ്യ വിചാരിച്ചുകൊണ്ടു്) എന്നും പാഠമുണ്ടു്.

൨൨൭. ഉദ്യമം സാഹസം ധൈൎയ്യം
ബുദ്ധിഃ ശക്തിഃ പരാക്രമ
ഷഡതേയത്ര വൎത്തന്തേ
തത്ര ദൈവംപ്രസീദതി.

അൎത്ഥം—ഉൽസാഹം, പരിശ്രമം, ധൈൎയ്യം, ബുദ്ധി, കരുത്ത്, പരാക്രമം ഇവ ആറും എവിടെയുണ്ടോ അവിടെ ദൈവം പ്രസാദിക്കുന്നു.

൨൨൮. ഉദ്യമേനൈവസിദ്ധ്യന്തി
കാൎയ്യാണി, നമനോരഥൈഃ
ഹസ്തേസുപ്തപ്രബുദ്ധസ്യ
നഹ്യായാതിധനംസ്വയം.

അൎത്ഥം—ഉദ്യമംകൊണ്ടുതന്നെ കാൎയ്യങ്ങൾ സാധിക്കുന്നു. ആശകൊണ്ടു സാധിക്കുന്നില്ല. ഉറങ്ങിയുണൎന്നിരിക്കുന്നവന്റെ കയ്യിൽ ധനം തനിയെ വന്നുകയറുന്നില്ല.

൨൨൯. പ്രജ്ഞാനംതാൻപ്രമാണംതാൻ
പ്രാജ്ഞരോടുള്ളചേൎച്ചതാൻ
മൂന്നാലൊന്നിങ്കലൂന്നാഞ്ഞാൽ
തോന്നാവേണ്ടുന്നതൊന്നുമേ.

അൎത്ഥം—വേണ്ടുന്നതായ അറിവ്, അല്ലെങ്കിൽ പ്രമാണം, അഥവാ അറിവുള്ളവരോടുള്ള സഹവാസം ഇതിലൊന്നെങ്കിലും തനിക്ക് ഉറപ്പായി ഉണ്ടായിട്ടില്ലെങ്കിൽ അവന്നു വേണ്ടുന്നതൊന്നും തോന്നുകയില്ല.

൨൩൦. ഹസ്തൌദാനവിവൎജ്ജിതൌ, ശ്രുതിപുടൌ
വിഷ്ണോഃ കഥാവൎജ്ജിതൌ,
നേത്രൌസജ്ജനദൎശനേനരഹിതൌ,
പാദൌനക്ഷേത്രംഗതൌ,
അന്ന്യായാൎജ്ജിതവിത്തപൂൎണ്ണമുദരം,
ഗൎവ്വേണതുണ്ഡംഗിരാ
ഭാതൎജ്ജംബുക! മുഞ്ച!മുഞ്ച!തരസാ
നീചസ്യനിന്ദ്യംവപുഃ.

അൎത്ഥം—ജ്യേഷ്ഠനായ കുരനരി അനുജനോടു പറയുന്നു. നീ ഈ ശവത്തെ തൊടരുതു്. ഇവന്റെ കൈകൾ ദാനംചെയ്തവയല്ല. ചെവികൾ വിഷ്ണുകഥകളെ (ഈശ്വരകഥകളെ) കേട്ടതല്ല. കണ്ണുകൾ സജ്ജനദൎശനംചെയ്തവയല്ല. പാദങ്ങൾ ദേവാലയത്തിൽ കടന്നവയല്ല. അന്യായാൎജ്ജിതധനംകൊണ്ടു പൂരിതമാണ് വയറ്. ചുണ്ടുകൾ അഹങ്കാരവാക്കു പറഞ്ഞതാണ്. സകല അംഗങ്ങളും നിന്ദ്യങ്ങളാകയാൽ അല്ലയോ അനുജനായ ജംബുക! ഈ നീചന്റെ നിന്ദ്യദേഹത്തെ വിട്ടാലുംവിട്ടാലും (തൊട്ടാൽ പാപമുണ്ടെന്നു പറയുന്നു)

൨൩൧. സുഖേജനാനാം സുലഭാസ്സഹായാഃ
ദുഃഖേപുനസ്തേനിതരാംദുരാപാഃ
ചൂതംഭജന്തെ വിഹഗാവസന്തെ
ശരദ്യമുംകോപിചനോऽപയാതി.

അൎത്ഥം—ജനങ്ങൾക്കു സുഖകാലത്തിൽ ബന്ധുക്കൾ ധാരാളമുണ്ടാകും ദുഃഖകാലത്തിൽ അവരെ കിട്ടുന്നതിനു വലിയ പ്രയാസമാണ്. വസന്തകാലത്തിൽ പക്ഷികൾ ധാരാളംവന്നു മാവിനെ ആശ്രയിക്കുന്നു. ശരൽകാലത്തിൽ അതിൽ ഒന്നും വരുന്നില്ല.

൨൩൨. അവ്യവസായിനമലസം
ദൈവപരംസാഹസാച്ചപരിഹീനം
പ്രമദാവൃദ്ധപതിം
നേച്ഛത്യുപഗൂഹിതുംമഹാലക്ഷ്മീഃ.

അൎത്ഥം—വ്യവസായശീലമില്ലാത്തവൻ-മടിയൻ-ദൈവം നടത്തുന്നു എന്നു ദൈവത്തെ ഊന്നിപ്പറയുന്നവൻ (വിധിപോലെ വരുമെന്നു വിശ്വസിക്കുന്നവൻ) പരിശ്രമമില്ലാത്തവൻ, യുവതിയുടെ വൃദ്ധനായ ഭൎത്താവു് ഇവരെ മഹാലക്ഷ്മി സ്വീകരിക്കുന്നതിനു് ഇച്ഛിക്കുന്നില്ല. (സമ്പത്തുണ്ടാകുന്നില്ല)

൨൩൩. കുചേലിനംദന്തമലപ്രധാരിണം
ബഹ്വാശിനംനിഷ്ഠുരഭാഷിണംച
സൂൎയ്യോദയേചാസ്തമയേപിശായിനം
വിമുഞ്ചതിശ്രീരപിചക്രപാണിം.

അൎത്ഥം—ചീത്ത വസ്ത്രം ധരിക്കുന്നവൻ, പല്ലു തേക്കാത്തവൻ, വളരെ ഭക്ഷിക്കുന്നവൻ, ക്രൂരവാക്കു പറയുന്നവൻ, സൂൎയ്യോദയത്തിങ്കലും അസ്തമയത്തിങ്കലും ഉറങ്ങുന്നവൻ ഇവരെ വിഷ്ണുവായിരുന്നാലും മഹാലക്ഷ്മി ഉപേക്ഷിച്ചുപോകുന്നു. (സമ്പത്തു നശിക്കുംഎന്നുസാരം

൧൱൪. നാവിതസ്യഗൃഹേക്ഷൌരം
ശാണായാം ഗന്ധലേപനം
തൎജ്ജിന്യഗ്രേണചൂൎണ്ണംസ്യാൽ
ദേവേന്ദ്രസ്യശ്രിയംഹരേൽ.

അൎത്ഥം—ക്ഷുരകന്റെ സ്ഥലത്തുചെന്നു നടത്തുന്ന ക്ഷൌരവും, ചാണയിൽനിന്നും ചന്ദനം എടുത്തു ലേപനം ചെയ്യുന്നതും, ചൂണ്ടോന്നി വിരൽകൊണ്ടു ചുണ്ണാമ്പു് ഉപയോഗിക്കുന്നതും ദേവേന്ദ്രന്റെപോലും ഐശ്വൎയ്യത്തെ ഇല്ലാതാക്കുന്നവയാണു്.

൧൱൫. ബ്രഹ്മഹത്യാസുരാപാനം
സ്തേയംഗുൎവ്വംഗനാഗമഃ
മഹാന്തിപാതകാന്യാഹു-
സ്സൽസംസൎഗ്ഗശ്ചപഞ്ചമം.

അൎത്ഥം—ബ്രഹ്മഹത്യ, മദ്യപാനം, മോഷണം, ഗുരുഭാൎയ്യാപ്രാപ്തി ഇവനാലും മഹാപാപങ്ങളാണു്. ഇതുകളോടുള്ള സഹവാസമാണു് അഞ്ചാമത്തെ മഹാപാതകം. ഇങ്ങനെ അഞ്ചു മഹാപാതകങ്ങൾക്കു് പഞ്ചമഹാപാതകം എന്നാകുന്നു പേരു്.

൧൱൬. ഊൎദ്ധ്വപുണ്ഡ്റംമൃത്തികേന
ഭസ്മേനാപിത്രിപുണ്ഡ്റകം
ചന്ദനേനോഭയംകുൎയ്യാൽ
വൎത്തുളംനകദാചന.

അൎത്ഥം—ഗോപിമണ്ണുകൊണ്ടു നെററിയിൽ ഗോപിയായിട്ടു ലേപനംചെയ്യണം. ഭസ്മംകൊണ്ടു ത്രിപുണ്ഡ്റം (മൂന്നുവരയായി) കുറിയിടണം. ചന്ദനംകൊണ്ടു കുറിയും മേല്പോട്ടുള്ള ഗോപിയും തൊടാം. വട്ടത്തിൽ ഉള്ള പൊട്ടു് ഒരിക്കലും പാടില്ല.

൨൩൬. യൽകണ്ഠേതുളസീമാലാ
യദ്ധസ്തേജപസൂത്രകം
യജ്ജിഹ്വായാം ഹരേന്നാമ
ന.തം.വൈബാധതേകലിഃ.

അൎത്ഥം—യാതൊരുത്തന്റെ കഴുത്തിൽ തുളസിമാലയും, കയ്യിൽ ജപസൂത്രവും, ജിഹ്വയിൽ വിഷ്ണുനാമവും വൎത്തിക്കുന്നുവോ അവനെ കലി ബാധിക്കുന്നില്ല.

൨൩൭. വിപ്രമദ്ധ്യേ ഗവാംമദ്ധ്യേ
ദമ്പത്യോ ഗുരുശിഷ്യയോ:
അന്തരാഗമനംകുൎയ്യാൽ
ഹന്തിപുണ്യം പുരാതനം.

അർത്ഥം—വിപ്രന്മാർ, പശുക്കൾ, ഭാൎയ്യാഭൎത്താക്കന്മാർ, ഗുരുശിഷ്യന്മാർ ഇവർ വസിക്കുന്നതിന്റെ ഇടയിൽക്കൂടെ കടന്നുപോകുന്നവന്റെ പണ്ടേയുള്ള പുണ്യവുംകൂടെ നശിച്ചുപോകും.

൨൩൮. മൃദംഗം ദൈവതം വിപ്രം
ഘൃതം മധുചതുഷ്പഥം
പ്രദക്ഷിണാനികുൎവ്വീത
പ്രഖ്യാനാംശ്ചവനസ്പതീൻ.

അർത്ഥം—മൃദംഗം, ദേവാലയം (ദേവവിഗ്രഹം) ബ്രാഹ്മണൻ, നെയ്യ്, തേൻ, നാലുവഴികൂടുന്നസ്ഥലം, അരയാല് ഇതുകളുടെ അടുത്തുപോകുന്നെങ്കിൽ വലത്തുഭാഗത്തുകൂടെ കടന്നുപോകാവൂ. അപ്രദക്ഷിണമായിപോയാൽ പാപമാണ്.

൨൪൦. വിനാഗോരസംകോരസ:ഭോജനാനാം?
വിനാഗോരസംകോരസ:കൎഷകാണാം?
വിനാഗോരസംകോരസ:കാമിനീനാം?
വിനാഗോരസംകോരസഃപണ്ഡിതാനാം?

അർത്ഥം—ഭക്ഷണങ്ങൾക്കു ഗോരസമില്ലെങ്കിൽ എന്താണ്രസം? കർഷകന്മാൎക്കു ഭൂമിക്കു വിത്തുമില്ലെങ്കിൽ എന്തുഗുണം? സ്ത്രീകൾക്കു നേത്ര

ഭംഗിയില്ലെങ്കിൽ എന്തു ഭംഗി? പണ്ഡിതന്മാൎക്ക വാക്കിന്റെ ഗുണമില്ലെങ്കിൽ എന്തുണ്ടു ഗുണം?

൨൮൧. അജ്ഞാനം,ശുചിസൎവ്വമാപണഗതം,
തൈലം,ഗുളം,മാക്ഷികം,
ശൃംഗം,ചൎമ്മ,പതത്രിഖണ്ഡിതഫലം,
കാരോകരം, സ്ത്രീമുഖം
യാത്രായാം,വ്യസനേപുരസ്യദഹനേ,
ദേവോത്സവെ,ധീഭ്രമെ,
സംഗ്രാമേച,വിവൎണ്ണവസ്ത്രമഖിലം
സൎവ്വഞ്ചഭാണ്ഡംശുചിഃ.

അൎത്ഥം—അറിയാത്തതിനും, വൃത്തിയാക്കിയ വസ്തുവിനും, ചന്തയിൽപ്രാപിച്ചതിനും, എണ്ണ, ശൎക്കര, തേൻ, കൊമ്പുകൾ, തോലുകൾ, പക്ഷി മുറിച്ച കായ്കൾ, ശില്പിയുടെ കയ്യ്, സ്ത്രീയുടെ മുഖം ഇതുകൾക്ക് അശുദ്ധിയില്ല. യാത്രയിലും, വ്യസനത്തിലും, പുര വേകുമ്പോഴും, ഉൽസവകാലത്തും, ഭ്രാന്തുകാലത്തും, യുദ്ധത്തിങ്കലും അശുദ്ധിയില്ല. നിറംമാറിയുള്ള പട്ടുകൾ, കാവിവസ്ത്രം മുതലായതുകൾക്കും, ഭാണ്ഡത്തിനും അശുദ്ധിയില്ല.

൨൮൨. ദൌൎമ്മന്ത്ര്യാന്നൃപതിൎവ്വിനശ്യതി, യതി-
സ്സംഗാൽ,സുതോലാളനാ-
ദ്വിപ്രോനാദ്ധ്യയനാൽ, കുലംകുതനയാ,
ച്ശീലംഖലോപാസനാൽ,
ഹ്രീൎമ്മദ്യാ,ദനവേക്ഷണാദപികൃഷിഃ
സ്നേഹഃപ്രവാസാശ്രയാ-
ന്മൈത്രീഃപ്രാൎത്ഥനയാ,സമൃദ്ധിരനയാ,
ത്ത്യാഗാൽ പ്രമാദാദ്ധനം.

അൎത്ഥം—രാജാവു ദുൎമ്മന്ത്രിനിമിത്തമായും, യതിസംഗം നിമിത്തമായിട്ടും, മകൻ ലാളനകൊണ്ടും, ബ്രാഹ്മണൻ അദ്ധ്യയനംകൂടാതിരുന്നിട്ടും, വംശം ദുഷ്പുത്രൻനിമിത്തവും, ശീലം ഖലന്മാരോടുള്ള സേവനിമിത്തവും, ലജ്ജ മദ്യപാനംനിമിത്തവും, കൃഷി അന്വേഷണക്കുറവുനി

മിത്തവും, സ്നേഹം വേർപാടുനിമിത്തവും, ബന്ധുത്വം അർത്ഥപ്രാർത്ഥനനിമിത്തവും, സമ്പത്തു അനീതിനിമിത്തവും, ധനം ത്യാഗത്തുങ്കലുള്ള പ്രമാദം (വരവറിയാത്ത ചിലവു) നിമിത്തവും നശിക്കുന്നു.

൨൪. ദിവസകരഃഖലുതീക്ഷ്ണോ
ദിവസകരാൽ പാവകോഃമഹാതീക്ഷ്ണഃ
ദിവസകരപാവകാഭ്യാം
ദുർജ്ജനവചനാനിതീക്ഷ്ണാനി.

അർത്ഥം—ആദിത്യൻ കഠിനനാണ്. അതിലും കഠിനനാണ് അഗ്നി. ഇവർ രണ്ടുപേരെക്കാൾ കഠിനങ്ങളാണ് ദുഷ്ടന്മാരുടെ വചനങ്ങൾ.

൨൫. മൽഭക്താശങ്കരദ്വേഷി
മൽദ്വേഷിശങ്കരപ്രിയാ
താവുഭൌനരകായാതി
യാവൽചന്ദ്രദിവാകരഃ.

അർത്ഥം—എന്നിൽ ഭക്തിയും ശിവനിൽ ദ്വേഷവും, എന്നിൽ ദ്വേഷവും ശിവനിൽ ഭക്തിയും ഈവിധം ഉള്ളവൎക്ക് ആദിത്യചന്ദ്രന്മാരുള്ളകാലം ഒക്കയും നരകംതന്നെ.

൨൬. യഥേഷ്ടംഭുങ്ക്ഷ്വപാമാഭൈഷീ
തക്രംസലവണംപിബ
യഥേഷ്ടം വദമാഭൈഷീ
അന്ത്യേനാരായണംവദ.

അർത്ഥം—ഇഷ്ടംപോലെ നീ ഭുജിച്ചുകൊൾക. ഒടുവിൽ ഉപ്പുചേൎത്തു തൈരു ഭുജിച്ചാൽ സകല ഭക്ഷണദോഷങ്ങളുംതീരും. നീ ഇഷ്ടംപോലെ എല്ലാം പറഞ്ഞുകൊൾക. അന്ത്യത്തിൽ നാരായണനാമം ഉച്ചരിച്ചാൽ സകലകൃതദോഷങ്ങളും തീരും.

# ശുദ്ധിപത്രം.

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 4 | 11 | സ | സ്സ |
| ടി | 17 | യശസ്സ്കരി | യശസ്സ്ഖകരി |
| 7 | 4 | യാവൽ | യാവൻ |
| 9 | 10 | ക്ഷിണ | ക്ഷീണ |
| 10 | 16 | പ്രൌഡ | പ്രൌഢ |
| 16 | 22 | ഘലാൽ | ഘലാൻ |
| 17 | 14 | ക്രന്ദന്ത്യം | ക്രന്ദന്തു |
| ടി | 27 | വിവേശ്ചര | വീവേശ്വരഃ |
| 18 | 14 | ശ്ലാകാഹരൊ | ഹാരൊ |
| 19 | 22 | സുനിശ്ചത | സുനിശ്ചിധി |
| ടി | 23 | പിതൃപതി | നൃപതി |
| 20 | 12 | ഗ്ദാനം | ധ്യാനം |
| 25 | 5 | സ്വഭാവാദ്ഭൃതാം | സ്വഭാവാ-സംഭൃതാം |
| 26 | 22 | സഭാഗ്യ | സാഭാഗ്യാ |
| ടി | ടി | പ്രജാപതി | പ്രജാവതി |
| 27 | 24 | നീചാ | നീചൈ |
| 28 | 23 | ഭദ്യം | ദദ്യം |
| 29 | 5 | സപ്പൈ | സപ്പൈ |
| 30 | 23 | ന്തേപി | ന്തേവി |
| 31 | 15 | ഖലവും | ഭയവും |
| ടി | 19 | ആക്രന്തം | ആക്രാന്തം |
| 37 | 22 | മാനേല്ലാ | മാനേമ്ലാ |
| 38 | 10 | ശം | ശാം |
| 41 | 4 | പ്രഥവീം | വ്രഥിവീം |
| ടി | 16 | ദുർജ്ജന | ദുർജ്ജനേ |
| ടി | 17 | രസാൽ | രസാൻ |
| 44 | 2 | സചിപാ | സചിവ |
| ടി | 22 | ഷഡ്വിതം | ഷഡ്വിധം |
| ടി | 26 | ക്രോധൊ | ക്രോധാൽ |
| 49 | 16 | പ്രവേശനം | പ്രവേശോ |
| 51 | 17 | സുമുഖതം | സുമുഖതാ |
| 53 | 2 | പൂൎവ്വത്തെ | പൂൎവ്വന്തെ |
| 55 | 1 | ജ്ഞെ | ജ്ഝ |
| ടി | 29 | തത്ഥാ | തത്വാ |

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. MA2 Acc. No. 21484

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

Cl.No. MA2 NAR.S Acc.No. 21484
Author നാരായണപിള്ള, ആർ
Title സുഭാഷിതരത്നാവലി

MA2 21484
NAR.S

നാരായണപിള്ള, ആർ
സുഭാഷിതരത്നാവലി.